എന്താണ് കമ്മ്യൂണിസം?

5.43
T
2

d 97
2405



എന്താണീകമ്മ്യൂണിസം?

രണ്ടാംഭാഗം



വില രൂപാ രണ്ട്

മൂലഗ്രന്ഥ സംവിധായകൻ

റിച്ചാർഡ് എം. കെച്ചം

Series VII No. 8

പ്രതിമാസ ഗ്രന്ഥ ക്ലബ്

എറണാകുളം


1959

M/335·43
KET

ENTHANEE COMMUNISM?

a free translation of

WHAT IS COMMUNISM?



Edited by
RICHARD M. KETCHUM

Art director
WILL ANDERSON

Picture editor
RUTH TRAURIG

Copy right
E. P. DUTTON & Co., U. S. A.

Price Rs. 2-00

All rights for Malayalam translation
BOOK-A-MONTH CLUB
ERNAKULAM

PRINTED AT THE SAHODARAN PRESS, AND PUBLISHED BY K. P. ITTYERAH,
SECRETARY, BOOK-A-MONTH CLUB, ERNAKULAM

രണ്ടു സെക്കണ്ടിലൊരിക്കൽ ഒരു നവജീവൻ ഭൂമുഖത്തു് ഉദയം ചെയ്യുകയും ജീവിതപ്രവാഹത്തിൽപ്പെട്ടു് തിരോധാനം ചെയ്യുകയും ചെയ്യുന്നുണ്ടു് എന്നാൽ, ലോകാരംഭത്തിലെന്നപോലെ, ഇന്നും, അവരവരോരോന്നും ജന്മനിമിഷംമുതൽ ജീവിക്കുവാനൊരു വിശ്വാസപ്രഭണത്തെത്തിരക്കി പുറപ്പെടുന്നു. ഈ അന്വേഷണത്തിൽ അവരോരോരുത്തരും തന്നേക്കാൾ ഔന്നത്യമേറിയ എന്തോ ഒന്നിലേയ്ക്കു് ആകൃഷ്ടരായി പിന്നാലെ പോകുകയായി. സ്വന്ത ജീവിതത്തിനു് അർത്ഥം നൽകുന്ന ഒരു ജീവിതാദർശസംഹിതയെ തിരക്കി പോകുകയാണു്, അവരോരോരുത്തരും.



എന്താണ്

ഒന്നാം

— ഉള്ള

പുറം

6. നിഗ്ഗ്രഹത്തയുടെ മേഖല 87

കമ്മ്യൂണിസ്റ്റ് 'ഇരുമ്പുമറയ്ക്കുള്ളിലെ ജീവിതത്തെപ്പറ്റി നേരിട്ടു വിവരങ്ങൾ തരുന്ന ചിത്രങ്ങൾ — കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയ ചട്ടക്കൂട്ടം, ആ ചട്ടക്കൂട്ടിനകത്തെ ജനങ്ങളുടെ അവകാശാഭിലാഷങ്ങളും —

7. കമ്മ്യൂണിസത്തിന്റെ പരാജയം..... 109

കമ്മ്യൂണിസ്റ്റ് സമ്പ്രദായത്തിനു് ഇതുവരെ നിറവേറ്റാൻ കഴിഞ്ഞിട്ടില്ലാത്ത ചില വാഗ്ദാനങ്ങളെപ്പറ്റിയുള്ള ഒരു പഠനമാണു് ഈ അദ്ധ്യായത്തിൽ.

8. കമ്മ്യൂണിസത്തിന്റെ ബലിയാടുകൾ..... 130

കമ്മ്യൂണിസത്തിന്റെ "അവിശ്വസ്തരായ മനുഷ്യർ"ക്കും, കമ്മ്യൂണിസത്തെ എതിർത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഒടുവിൽ എന്തു സംഭവിച്ചു? — ഈ ഭാഗത്തു നിന്നു് മനസ്സിലാകും.



കമ്മ്യൂണിസം?


ഭാഗം

I ക്കം —

പുറം

9 കമ്മ്യൂണിസത്തിന്റെ ശത്രുക്കൾ 160

ആരാണു് കമ്മ്യൂണിസത്തിന്റെ ശത്രുക്കൾ? എന്തുകൊണ്ടാണു്, അവർ കമ്മ്യൂണിസത്തെ എതിർത്തതു്? -ഈ അദ്ധ്യായം വ്യക്തമാക്കുന്നു.



ഒരു തിരുത്തു്

112-ാമത്തെ പേജിൽ 14-ാമത്തെ വരിയിൽ 'ഒരു ലക്ഷം റൂബിൾസ്' എന്നുള്ളതു് 'പത്തു ലക്ഷം റൂബിൾസ്' എന്നും, 28-ം, 29-ം വരികളിൽ 'അധികൃത വർഗ്ഗം' എന്നുള്ളതു് 'അധഃകൃത വർഗ്ഗം' എന്നും തിരുത്തി വായിപ്പാനപേക്ഷ.


പ്രസ്താവന

കൊളംബിയാ യൂണിവേഴ്സിറ്റിയുടെ പ്രസിഡൻറ് ഡോക്ടർ ഗ്രിസൺകേർക്കിന്റെ അവതാരികയോട് കൂടി വിൽ ആൻഡ്രാ സ്മിത്തിന്റെയും കൃഷ്ണ് ട്രൗറിഗിന്റെയും സഹായത്തോടുംകൂടി റിച്ചാർഡ് എം. കെച്ചം പ്രസാധനം ചെയ്ത "എന്താണീകമ്മ്യൂണിസം" എന്ന ചിത്രഗ്രന്ഥം കേരളീയർക്ക് ഈയവസരത്തിൽ സമ്മാനിപ്പാൻ ഇടയായതിൽ ഞങ്ങൾ അതീവ കൃതാർത്ഥരാണ്. മൂന്നുമാസംമുമ്പ് അച്ചടിതുടങ്ങിയ ഈ ഗ്രന്ഥം അച്ചടിശാലകളിലെ പല അവിചാരിത അസൗകര്യങ്ങൾ നിമിത്തം ഇത്രയുംകാലം താമസിച്ചതിൽ ഞങ്ങൾക്ക് അതീവ ഖേദമുണ്ട്. കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റിതരും തമ്മിൽ ഒരു ജീവന്മരണമാത്സര്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വികാരാവേശം കൂടാതെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളും പ്രയോഗരീതികളും രാഷ്ട്രനിഷ്ഠമായി പൊതുജനങ്ങളെ മനസ്സിലാക്കേണ്ടതു് ഏതു കേരളീയന്റെയും കടമയാണ്. ഈ ഗ്രന്ഥം വിഭ്രാന്തിയോടുകൂടിയ കമ്മ്യൂണിസ്റ്റ് വൈരുത്ത്യത്താലോ ആത്യന്തികമായ പ്രജായത്തപ്രേരണയാലോ വിരചിതമല്ല; ഇതു് ഒരു ശാസ്ത്രീയോപഗ്രഥനമാണ്.

പക്ഷേ, സാമാന്യജനങ്ങൾക്ക് ഉതകുന്ന ലളിതഭാഷയിലും രീതിയിലുമാണ് വിഷയം പ്രതിപാദിച്ചിട്ടുള്ളതു്. ഇതിന്റെ വിശേഷത രചനാരീതിൽ മാത്രമല്ല; സംഭവങ്ങളെ കുറിക്കുന്ന ആശയങ്ങൾ ചിത്രങ്ങളിൽക്കൂടിയും പ്രകാശിപ്പിച്ചിട്ടുണ്ടെന്നുള്ളതാണ്. വാക്കുകളിൽ പ്രതിഫലിപ്പിക്കാൻ നിവ്വാഹമില്ലാത്ത അനേകം ആശയങ്ങളുണ്ട്. സാമാന്യജനങ്ങൾക്ക് വാക്കുകളേക്കാൾ ബോദ്ധ്യം വരുന്നതും ചിത്രങ്ങളാണ്. 260-ലധികം ചിത്രങ്ങളിലൂടെ കമ്മ്യൂണിസത്തിന്റെ സർവ്വവശങ്ങളും ഈ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. ഇതു് പാരായണം ചെയ്യുന്ന കൊച്ചുകുട്ടികൾമുതൽ വൃദ്ധസ്ത്രീകൾവരെ ആർക്കും ഈ ചിത്രങ്ങളിൽ നിന്നു മാത്രം കമ്മ്യൂണിസത്തിന്റെ സ്വഭാവം ഗ്രഹിക്കാമെന്നുള്ളതാണ് ഈ പുസ്തകത്തിന്റെ മറ്റൊരു സവിശേഷത.

ഇത്ര ഉപകാരപ്രദമായ ഒരു ഗ്രന്ഥം കേരളീയർക്ക് പ്രദാനംചെയ്യുവാൻ ഇതിന്റെ പകർപ്പാവകാശം ഞങ്ങൾക്കു നൽകിയ ഡട്ടൺ കമ്പനിക്കാർക്ക് ഞങ്ങളുടെ കൃതജ്ഞത.

ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിനു കിട്ടിയ പ്രോത്സാഹകരമായ സഹകരണത്തിനു് പൊതുജനങ്ങളോടുള്ള ഞങ്ങളുടെ കടപ്പാട് രേഖപ്പെടുത്തിക്കൊള്ളട്ടെ.



6 നിശ്ശബ്ദതയുടെ മേഖല

ആർട്ടിക്ക് മഹാസമുദ്രം മുതൽ ജപ്പാൻകടൽ വരെ നീണ്ടുനിവർന്നുകിടക്കുന്ന കമ്മ്യൂണിസ്റ്റധീനപ്രദേശങ്ങളെച്ചുറ്റി ബലമേറിയ ഒരു വേലി കെട്ടിയുറപ്പിച്ചിട്ടുണ്ട്. ഈ വേലിയെയാണ് 'ഇരുമ്പുമറ'യെന്നു വിളിക്കുന്നതു്. സുശക്തമായ ഈ ഇരുമ്പുമറയ്ക്കുള്ളിലെ ജനങ്ങളെ കമ്മ്യൂണിസ്റ്റിതരമായ അയൽരാജ്യങ്ങളിൽനിന്നു വേർതിരിക്കുന്നതു് ഈ വേലിയാണു്.


ബോൾഷെവിക്ക് വിപ്ലവാനന്തരം പതിനായിരക്കണക്കിനഭയാർത്ഥികൾ ഈ ഇരുമ്പുമറയ്ക്ക് പുറത്തുകടന്നു് രക്ഷപെട്ടിട്ടുണ്ടു്; മറിച്ചു്, റഷ്യയിലേയ്ക്ക് അഭയം തേടാൻ സ്വയം ശ്രമിച്ചിട്ടുള്ളയാളുകൾ ഉണ്ടോയെന്നു സംശയമാണു്.

യൂറോപ്പിലും ഏഷ്യയിലുമുള്ള മിക്ക രാജ്യങ്ങളുടേയും അതിർത്തി കുറിക്കുന്നതിനു് മുള്ളുവേലികളും കാവൽപോലീസിനേയും കാണാറുണ്ടു്. പക്ഷേ, ബോൾഷെവിക്ക് റഷ്യയുടെ അതിർത്തിമേഖലയിൽക്കാണുന്ന മുള്ളുവേലികൾക്കു പിറകിൽ, കാവൽഭടന്മാരുടേയും പിന്നിൽ മറ്റു പല വിശേഷതകളും കാണാം.


ഉദാഹരണമായി സോവിയറ്റുയൂണിയന്റെയും അതിന്റെ സ്വന്തം ഉപഗ്രഹമായി വർത്തിയ്ക്കുന്ന പോളണ്ടിന്റെയും അതിർത്തി തന്നെയെടുക്കാം. പശ്ചിമറഷ്യയിലെ മിൻസ് എന്ന പട്ടണത്തിൽനിന്നു് പോളണ്ടിലേയ്ക്കു പോകുന്ന യാത്രക്കാരൻ എന്തെല്ലാമായിരിക്കും

കാണുക. അതുത്തിയിൽനിന്നു് 50 കിലോമീറ്റർ (1 കിലോമീറ്റർ = ഏകദേശം 5 ഫർലോംഗ്) അകലെ വെച്ചുതന്നെ കരുതൽനടപടികളാരംഭിക്കുകയായി. ഇതിനെയാണു് ഒന്നാം മേഖല എന്നു വിളിക്കുന്നതു്. ഈ ഒന്നാം മേഖലയിൽത്തന്നെ പ്രത്യേകാനുവാദം ക്രൂടാതെ ആർക്കും പ്രവേശനമില്ല. തീവണ്ടികളും, റോഡുകളും, സ്റ്റേഷനുകളും, പാലങ്ങളും, ഉൗടുവഴികൾപോലും നിരന്തരം പട്ടാളസംരക്ഷണയിലാണു്. ഇവിടെ താമസിക്കുന്നവരോ ജോലിചെയ്യുന്നവരോ ആയ എല്ലാവർക്കും പാസ്പോർട്ടാവശ്യമാണു്. ഈ പാസ്പോർട്ടിൽ "1" എന്നു് വലിയ അക്ഷരത്തിൽ രേഖപ്പെടുത്തിയിരിക്കും.


അടുത്തതു് രണ്ടാം മേഖലയാണു്. ഇതു് അതുത്തിയിൽനിന്നു് 20 കിലോമീറ്റർ ($12\frac{1}{2}$ മൈൽ) അകലെനിന്നാരംഭിക്കുന്നു. ഇവിടെ താമസിക്കുന്നെ എല്ലാവരും പ്രത്യേകം സൈനികമേൽനോട്ടത്തിനും, നിശിതമായ പരിശോധനകൾക്കും വിധേയരാണു്. അവർക്കും പാസ്പോർട്ടുണ്ടു്. അതിൽ "2" എന്നു് വലിയ അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇവർക്കു് പുറത്തുപോകുന്നതിനും തിരിച്ചുവരുന്നതിനും പോലീസു് അനുമതി ആവശ്യമാണു്. അതുത്തിയോടു് 5 കിലോമീറ്റർ (ഉദ്ദേശം 3 മൈൽ) അടുത്തുകഴിഞ്ഞാൽ പരിശോധനാഗോപുരങ്ങളുടേയും, കാവൽത്താവളങ്ങളുടേയും, ശോധനാദീപങ്ങളുടേയും, കാവൽഭടന്മാരുടേയും, പോലീസ് വേട്ടനായ്ക്കളുടേയും ഒരു സമൂഹംതന്നെ കാണാം. അതിനപ്പുറം അതുത്തിയോടു് ഒരു കിലോമീറ്റർ അകലെത്തുടങ്ങി മാർദ്ദവമുള്ള ഒരു പ്രത്യേകതരം എലക്ട്രിക്കമ്പികം നിലത്തു പാകിയിരിക്കുന്നു. ഏകദേശം ഒരു കിലോമീറ്റർ വീതിയിൽ പാകിയിട്ടുള്ള ഈ കമ്പികം പുറമേ കാണുവാൻ പ്രയാസമുള്ളവയെങ്കിലും ഇവിടെ കാലൊന്നു വെച്ചുപോയാൽ അവൻ കെണിയിൽ അകപ്പെട്ടുതന്നെ. ഇതിനപ്പുറം ഒരു 100 മീറ്റർ വീതിയിൽ മണ്ണുകിളച്ചു് നിരപ്പാക്കി ഇട്ടിരിക്കയാണു്. ഇങ്ങനെയുള്ള പൊടിമൺപാത സോവിയറ്റ് യൂണിയന്റെ അതുത്തിയിലൂടനീളം കാണാം. ആരെങ്കിലും ഈ പൊടിമണ്ണിൽക്കൂടി കടന്നിട്ടുണ്ടെങ്കിൽ അതിൽ വ്യക്തമായി തെളിഞ്ഞു പതിയുന്ന



പിടികിട്ടിയാൽ മരണം നിശ്ചയം — ഒരുക്കു് അഭയാർത്ഥികൾ, കമ്മ്യൂണിസ്റ്റുകാർ കയ്യടക്കിയ, അവരുടെ പ്രിയപ്പെട്ട സ്വന്തം നാട്ടുവീട്ടോടി രക്ഷപെടുന്നു.




പൂവ്വകമ്മ്യൂണിസ്റ്റ് ജർമ്മനിയിൽനിന്നു പശ്ചിമഡമോ ക്രാറ്റിക് ജർമ്മനിയിലേക്കുള്ള അഭയാർത്ഥിപ്രവാഹം തടയുവാൻ കമ്മ്യൂണിസ്റ്റ്കാർ ആത്തിയിൽ കെട്ടി യുയർത്തിയിരിക്കുന്ന കാവൽസ്തംഭങ്ങളും റയിൽപാത യ്ക്ക് വിലങ്ങനെ ഇട്ടിരിക്കുന്ന എലക്ട്രിക്കുള്ളവേ ലികളും.



ജർമ്മനിയിൽ സോവിയറ്റ് മേഖലയ്ക്കും ബ്രിട്ടീഷ് മേഖലയ്ക്കും മധ്യേയുള്ള കരോളിൻഹോക്ക് പരിശോധനാ (ചുവുക്ക) സ്ഥലം. വലിയ അക്ഷരത്തിൽക്കാണുന്ന പരസ്യങ്ങളം കമ്മ്യൂ ണിസ്റ്റ്മന്ത്രിയുടെ പ്രഖ്യാപനമാണ്.

ഹിൻലൻഡിലെ പൊക്കല്ലാ റഷ്യ കൈ വശപ്പെടുത്തിയപ്പോൾ ആ രാജ്യത്തി ലെ ജനങ്ങളെ റഷ്യയിലേയ്ക്കു മാറ്റുകയു ണ്ടായി. അവരെ കയറ്റിയയച്ച തീവ ണ്ടിയുടെ വാതിലുകളും ജനലുകളും പലക തറച്ച് അടയ്ക്കുന്നു. ഒരു സോവിയറ്റ് ഭടന്റെ കീഴിൽ തടവുകാരാക്കപ്പെട്ട പോളിഷ് ഭടന്മാരെക്കൊണ്ടാണ് ഇതു ചെയ്യിക്കുന്നതു്.



അവന്റെ കാൽപ്പാടുകൾ അവനെ ശരിക്കു വെളിപ്പെടുത്തും. അതിനും പുറമേ, അവൻ തോക്കിനു് ഒന്നാന്തരം ലക്ഷ്യവുമായിരിക്കും. അവസാനത്തേതു് അത്യന്തിയിൽത്തന്നെയാണു്. റഷ്യൻഭാഷയിൽ ക്ലെൻ (KLEN) എന്നു വിളിക്കപ്പെടുന്ന ഒരു കാവൽയന്ത്രം — ഒരത്ഭുത സജ്ജീകരണമാണിതു്. പ്രത്യക്ഷത്തിൽ, അനേകം അടുക്കു് കമ്പിച്ചുറ്റിയ ഒരു മുള്ളുവേലിയെന്നേ ഇതു തോന്നുകയുള്ളു. ഇവിടംവരെ ജീവനോട്ടക്രൂടി വന്നു ചേരുക സാധാരണഗതിയിൽ ഒരുവനും സാദ്ധ്യമല്ല. വല്ലവിധേനയും വന്നുപെട്ടാൽ, ഈ മുള്ളുകമ്പി മുറിച്ചുകളഞ്ഞു് സ്വാതന്ത്ര്യത്തിലേയ്ക്കു കുതിച്ചുചാടുക വളരെ എളുപ്പമെന്നു തോന്നിപ്പോകും. പക്ഷേ, ആരെങ്കിലും ഈ കമ്പിയിലൊന്നു തൊട്ടുപോയാൽ അക്ഷണം കാവൽഗോപുരത്തിൽ അതറിയുകയായി എവിടെ തൊട്ടുവെന്നും എങ്ങനെ തൊട്ടുവെന്നും കാണിക്കുന്ന അടയാളബോർഡിൽ ഈ സ്പർശനം വ്യക്തമായി രേഖപ്പെടുത്തും. ആ വ്യക്തിയുടെ പിന്നെയുള്ള കഥയെന്തായിരിക്കും?

അതിവിപുലമായ ഈ സംരക്ഷണസജ്ജീകരണങ്ങളുടെ രഹസ്യമെന്താണു്? ഒരൊറ്റ ഉത്തരം മാത്രം. കമ്മ്യൂണിസ്റ്റുകാർ ഭയചകിതരാണു് എന്നതുതന്നെ ആരെ? എന്തിനു്? അയൽരാജ്യങ്ങളുടെ സൈനികാക്രമണങ്ങളേയോ? ഒരിക്കലുമല്ല. കാരണം, അയൽരാജ്യങ്ങളുടെ സൈനികശക്തി ചുമപ്പുസേനയോടു താരതമ്യപ്പെടുത്തിയാൽ തുലോം തുച്ഛമാണു്. പിന്നെയെന്തു്? "സത്യ"ത്തെയാണു് അവർ ഭയപ്പെടുന്നതു്. ആരെങ്കിലും രാജ്യത്തിനു പുറത്തുകടന്നു് രക്ഷപെടാനിടയായാൽ അവിടുത്തെ തനിനിറം ബാഹ്യലോകം അറിഞ്ഞേക്കുമെന്നും, അതിനും പുറമേ, മറ്റുരാജ്യങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സ്വാതന്ത്ര്യവും ക്ഷേമവും കണ്ടു് റഷ്യക്കാർ ഭ്രമിച്ചുപോകുമെന്നും അവർ വല്ലാതെ ഭയപ്പെടുന്നു.

ഈ ഇരുമ്പുമറയ്ക്കുള്ളിൽ കമ്മ്യൂണിസമാണു്; കമ്മ്യൂണിസത്തിന്റെ മേഖല നിഗ്ഗ്ലബ്ധതയുടെ മേഖലയുമാണു്. അത്യന്തം വിനാശകാരിയായ പ്ലേഗിനെ എന്നപോലെയാണു് സ്വാതന്ത്ര്യത്തിന്റെ ആശയങ്ങൾ റഷ്യയിൽ നിരോധിച്ചിരിക്കുന്നതു്. സത്യത്തിന്റെ ചുഴിഞ്ഞിറങ്ങുന്ന പ്രഭാകിരണങ്ങൾ അവർക്കു് സഹിച്ചുകൂടാ. അടിച്ചമർത്തി ഭരിക്കപ്പെടുന്ന അവിടുത്തെ ജനകോടികളെ, സ്വതന്ത്രരായ് ശ്വസിച്ചുകഴിയുന്ന സഹോദരജനതയെപ്പറ്റി അറിയിച്ചുകൂടാ.

അങ്ങേയറ്റം കേന്ദ്രീകൃതമായ ഒരടിമരാഷ്ട്രമാണു് സോവിയറ്റ്യൂണിയൻ. ആ രാഷ്ട്രാധിപന്മാരുടെ അധികാരം ശാശ്വതമാകണമെങ്കിൽ, ബാഹ്യലോകത്തെപ്പറ്റിയുള്ള പരമാർത്ഥസ്ഥിതി അവിടുത്തെ ജനത അറിയരുതെന്നു് ബുദ്ധിമാന്മാരായ ആ നേതാക്കന്മാർക്കറിയാം.

രക്ഷപെട്ടവരെപ്പറ്റി

ബോൾഷെവിക്കു് വിപ്ലവാരംഭം മുതൽ ഇന്നുവരെ പതിനായിരക്കണക്കിനു റഷ്യക്കാർ സ്വരാജ്യം ഉപേക്ഷിച്ചു് ഒളിച്ചോടി രക്ഷപെട്ടിട്ടുണ്ടു്. അപൂർവ്വം ചിലർക്കു് ഇതു് എളുപ്പമായിരുന്നു. മറ്റു ചിലർ പടവെട്ടിയും രക്ഷപെട്ടിട്ടുണ്ടു്. എന്നാൽ ബഹുഭൂരിപക്ഷവും വളരെ പരിഭ്രമിച്ചും ഓരോ കാല്പാടിലും ശത്രുവിനെ സ്വപ്നംകണ്ടും, കാണുന്ന നിഴൽപ്പാടുകളെ മിടിക്കുന്ന ഹൃദയങ്ങളോടെ ഭയപ്പെട്ടും, പകൽ ഒളിച്ചിരുന്നും രാത്രിയിൽ പാ

ഞ്ഞോടിയുമാണു് രക്ഷപെട്ടിട്ടുള്ളതു്. എല്ലാ കമ്മ്യൂണിസ്റ്റധീന രാജ്യങ്ങളിൽനിന്നും ഇങ്ങനെ അനേകമനേകം ജനങ്ങൾ ഓടി രക്ഷപെടുന്നുണ്ടു്. കുട്ടികളും പ്രായം ചെന്നവരും, കർഷകരും തൊഴിലാളികളും, കലാകാരന്മാരും അദ്ധ്യാപകരും, ശാസ്ത്രജ്ഞന്മാരും രാഷ്ട്രീയ പ്രവർത്തകരും, പട്ടാളക്കാരും പട്ടാള ഉദ്യോഗസ്ഥന്മാരും സ്ത്രീകളും പുരുഷന്മാരും എല്ലാം എല്ലാം.

ആരാണിവർ? ഇവരെല്ലാം ബൂർഷ്വാകളോ, മുതലാളിത്തത്തിന്റെ ചാരന്മാരോ, നശീകരപ്രസ്ഥാനക്കാരോ? — ഇങ്ങനെയെല്ലാമാണു് കമ്മ്യൂണിസ്റ്റുകാർ ഇവരെ ചിത്രീകരിക്കുന്നതു്— എങ്കിൽ അവരെന്തിനു് ഓടിപ്പോകുന്നു? ഒരു തീരുമാനമെടുക്കുന്നതിനുമുൻപു്, പ്രിയപ്പെട്ട സ്നേഹിതാ, ഈ പുറങ്ങളിൽക്കാണുന്ന ചിത്രങ്ങളിലേയ്ക്കൊന്നു കണ്ണോടിക്കുക. നിങ്ങൾക്കു പരിചയമുള്ളതുപോലുള്ള മുഖങ്ങളല്ലെ? അബദ്ധം പിണഞ്ഞാൽ ഒരുപക്ഷേ, അതു നിങ്ങൾതന്നെ ആയിരിക്കുവാനും പാടില്ലെ?


ഇരുമ്പുമറ കടന്നു് ഒളിച്ചുപോകുന്നവരുടെ പ്രയാസങ്ങളും കഷ്ടപ്പാടുകളും നമുക്കു ഗ്രഹിക്കുവാൻപോലും സാദ്ധ്യമല്ല. അവരുടെ ധൈര്യം വീരാത്മാക്കളുടേതാണു്. എങ്കിലും അങ്ങനെ രക്ഷപെട്ടവർ ഭാഗ്യവാന്മാരാണു്. ഇവരെല്ലാം എന്തുകൊണ്ടു് സ്വന്തം ചാച്ചിക്കാരെയും പ്രിയപ്പെട്ട നാടിനേയും ജീവിതത്തിൽ വിലപിടിച്ച സർവ്വതും ഉപേക്ഷിച്ചു് ദാരിദ്ര്യത്തിലേയ്ക്കും ശൂന്യമായ ഭാവിയിലേയ്ക്കും ഒളിച്ചോടുന്നു? ഹൃദയമുള്ളവർ, ബുദ്ധിയുള്ളവർ ആലോചിച്ചുനോക്കട്ടെ. കമ്മ്യൂണിസം അവരോരോരുത്തരുടേയും ജീവിതത്തെ എങ്ങനെ ബാധിച്ചു എന്നു മനസ്സിലാക്കിയാൽ ഈ ദുർഘടപ്രശ്നത്തെപ്പറ്റി ഏതാണ്ടു ഗ്രഹിക്കാം.



ഉത്തരകൊറിയയിലെ ഒരു കർഷകനായിരുന്ന വാൻ ദം റിമാൻ — പാവപ്പെട്ട ഈ കൃഷീവലന്റെ കൃഷിഭൂമി കമ്മ്യൂണിസ്റ്റ് സൈന്യം പിടിച്ചെടുത്തപ്പോൾ ജീവരക്ഷാർത്ഥം അയാൾ ദക്ഷിണകൊറിയയിലേയ്ക്കു് ഓടിപ്പോകുന്നു. സാധു, ക്ഷീണപരവശയായ ഭാര്യയെ വഹിച്ചുകൊണ്ടു് അവസാനത്തെ പത്തുമൈൽകൂടി ഇഴഞ്ഞുനീങ്ങുകയാണു്.



ദക്ഷിണകൊറിയയിലെ ഒരമ്മ, അനേകദിവസത്തെദുഷ്കടയാത്രയ്ക്കുശേഷം അവശയായി വഴിയിൽ വീണ മകളെ പൊക്കിയെടുക്കുന്നു.



പോളണ്ടിൽനിന്നു രക്ഷപെട്ട ഈ അഭയാർത്ഥിസ്ത്രീ ഒടുവിൽ പശ്ചിമജർമ്മനിയിൽ അഭയം കിട്ടി.




ചൈനാക്കാരിയായ ഈ അമ്മ അവരുടെ കുട്ടികളോടുകൂടി സുദീർഘമായ ഒരു കാനനയാത്രയ്ക്കുശേഷം കാഞ്ചീർ അഭയകേന്ദ്രത്തിലെത്തി വിശ്രമിക്കുന്നു.


അവർ എന്തുപറയുന്നു ?

".....ഞാൻ എന്റെ പ്രിയപ്പെട്ട ലിത്വേനിയാ വിട്ടുപേക്ഷിക്കുവാൻ ഒടുവിൽ തീച്ചയാക്കി. ഒരുകാലത്തു് സ്വതന്ത്രവും ഞങ്ങളുടെ അഭിമാനകേന്ദ്രവുമായിരുന്ന രാജ്യത്തു് കമ്മ്യൂണിസ്റ്റുകാർ കാട്ടിക്കൂട്ടിയ അക്രമങ്ങളും അശ്ലീലങ്ങളായിരുന്നു. പക്ഷെ, ഈ തീരുമാനം അത്ര എളുപ്പത്തിൽ എടുക്കാവുന്നതായിരുന്നില്ല. ആ സംരംഭത്തിന്റെ ആപൽക്കരമായ വൈഷമ്യങ്ങൾക്കുപുറമെ, എന്റെ നാടും വീടും കുടുംബവും സ്നേഹിതന്മാരേയും എന്നുവേണ്ട, എനിക്കു പ്രിയപ്പെട്ട എല്ലാത്തിനേയും ഉപേക്ഷിക്കേണ്ടിയിരുന്നു. ആദ്യമാദ്യം, സംഗതികൾ കാലക്രമംകൊണ്ടു് കുറേയൊക്കെ നന്നാകുമെന്നു് ആശിച്ചുകഴിച്ചു. എന്നാൽ അനുനിമിഷം കാര്യങ്ങൾ കൂടുതൽ കൂടുതൽ വഷളാകുകയാണു ചെയ്തതു്. പുതിയ ഗവൺമെണ്ടിനോടു ക്രിയാത്മകമായ ഒരു ചെറിയ വാക്കോ, കമ്മ്യൂണിസത്തോടു വേഴ്ചയില്ലാത്ത ഒരല്പം സൂചനയോ, പുത്തൻ യജമാനന്മാർകൊണ്ടുവന്ന "നവീനജീവിത"ത്തോടു് ഹൃദയപൂർവ്വമായ സഹകരണമില്ലായ്മയോ എന്തെങ്കിലുംമതി—ഇല്ലെങ്കിലും ഉണ്ടെന്നു് അവർക്കു തോന്നുകമാത്രം ചെയ്താൽമതി— ജയിലോ, തടങ്കൽപ്പാളയമോ ശിക്ഷവരുത്തിവച്ചേക്കുമെന്നുള്ള നിരന്തരഭീതി എന്നെ എല്ലായ്പ്പോഴും അലട്ടിക്കൊണ്ടിരുന്നു. ഞാൻ എങ്ങനെ രക്ഷപെട്ടെന്നു് പറയാതിരിക്കുന്നതാണുത്തമം. വിട്ടുപേക്ഷിച്ച എന്റെ രാജ്യത്തെ ജീവിതരീതിയെപ്പറ്റി അറിയേണ്ടയോ? കേട്ടുകൊള്ളൂ.....

".....അവിടെ തൊഴിലാളികൾക്കു നിശ്ചയിച്ചുകൊടുത്തിരിക്കുന്ന വേലവിട്ടു പോകുവാൻ അവർക്കു് അവകാശമില്ല. കൂട്ടുകൃഷിസ്ഥലത്തുനിന്നു് (അതൊരു തടങ്കൽപ്പാളയം പോലെയാണു്) മറെറാരു കൂട്ടുകൃഷിസ്ഥലത്തേക്കു് സന്ദർശനത്തിനുപോലും പൊയ്ക്കൂടാ. അതുപോലെതന്നെ, നഗരത്തിൽ ജോലിചെയ്യുന്നവർക്കും ജോലിമാറാൻ പാടില്ല. ആദ്യമാദ്യം ചിലരങ്ങനെ ചെയ്തു; പക്ഷെ, കണ്ടുപിടിച്ചപ്പോൾ അവർക്കു ലഭിച്ചതു് മൂന്നുവർഷത്തെ കഠിനതടവായിരുന്നു. ജോലിസ്ഥലത്തുനിന്നു് മറെറാരിടത്തു പോകേണ്ട ആവശ്യം ആർക്കെങ്കിലും നേരിട്ടാൽ അയാൾ സ്വന്തം മാനേജരുടെപക്കൽ ഹർജ്ജി ബോധിപ്പിക്കണം. അവൻ ഒരു നല്ല വേലക്കാരനെങ്കിൽ അനുവാദം നിഷേധിക്കപ്പെടും. എല്ലാ തൊഴിലാളികൾക്കും

ചൈനാ






ഓരോ തൊഴിൽഡയറി ഉണ്ടായിരിക്കും; അതു മാനേജരുടെ പക്കലായിരിക്കുകയും ചെയ്യും ജോലിയും ക്രൂലിയും ശിക്ഷയും പിഴയും സ്നേഹിതന്മാരുടേയും മറവും വിവരങ്ങളും അതിൽ വ്യക്തമായി രേഖപ്പെട്ടുത്തിയിരിക്കുന്നതാണു്. ഒരു തൊഴിലാളി ആദ്യം ഒരുപ്രാവശ്യം താമസിച്ചു് ഹാജരായാൽ അയാളുടെ മൂന്നുമാസത്തെക്രൂലിയിൽ 25 ശതമാനം വെട്ടിക്കുറയ്ക്കും. രണ്ടാമത്തെപ്രാവശ്യത്തിനു് അയാളുടെ ആറുമാസത്തെ ക്രൂലിയിൽ 25 ശതമാനം വെട്ടിക്കുറയ്ക്കുകയോ, അല്ലാത്തപക്ഷം തടങ്കൽപ്പായത്തിലേക്കയക്കുകയോ ചെയ്യും.

".....നിർബ്ബന്ധിതതൊഴിൽത്താവളങ്ങളിലെ ഭരണം വളരെയധികം കക്കർശമാണു്. അവിടെയുള്ളവർ ഏതുതരം ജോലിചെയ്യുവാൻ നിർബ്ബന്ധിതരുമാണു്. ഓരോ ക്യാമ്പും വളരെ പൊക്കമുള്ള കൽമതിലുകളാൽ വേർപെടുത്തപ്പെട്ടിരിക്കുന്നു. മതിലിന്മുകളിൽ എലക്ട്രിക് മുള്ളുവേലികളും ഉറപ്പിച്ചിട്ടുണ്ടു്. അതിലെ തടവുകാരെല്ലാം പട്ടിണികൊണ്ടു ക്ഷീണിച്ചു് എല്ലുംതൊലിയും മാത്രമുള്ള വെറും മനുഷ്യക്കോലങ്ങളാണു്. ഉഷ്ണകാലത്തും, മഞ്ഞുകാലത്തും ഒരേതരത്തിലുള്ള ഉടുപ്പുകളും ധരിക്കാൻ അവർ നിർബ്ബന്ധിതരായിത്തീരുന്നു. അവയിലധികവും കീറിയതും വൃത്തികെട്ടവയുമാണു്; ചെരിപ്പുകളോ, വെറും മരംകൊണ്ടുണ്ടാക്കിയതും. അവിടത്തെ മരണനിരക്കു് വളരെ ക്രൂരതലാണു്; പ്രത്യേകിച്ചു്, മഞ്ഞുകാലമദ്ധ്യത്തിൽ. നാല്പത്തിയേഴുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന, തടിച്ചുകൊഴുത്ത എന്റെ ഏറ്റവും അടുത്ത ഒരു സ്നേഹിതൻ, തടങ്കൽപ്പാളയത്തിൽ പ്രവേശിപ്പിക്കയാൽ, കഷ്ടപ്പെട്ടു് എല്ലുംതൊലിയുമായി ഒരു കൊല്ലത്തിനകം മരിച്ചു. 1945മുതൽ സൈബീരിയൻ മഞ്ഞുപ്രദേശത്തെ തടങ്കൽപ്പാളയങ്ങളിലേയ്ക്കു്, ക്രൂത്തോടെയുള്ള ബഹിഷ്ക്കരണം ആരംഭിച്ചു. ഞാൻ കണ്ടിട്ടുള്ളതിലേക്കും ഏറ്റവും ക്രൂതലായ ബഹിഷ്ക്കരണം 1949 വസന്തകാലത്താണു് ഉണ്ടായതു്. സൈബീരിയയിലെ കടുത്ത മഞ്ഞുപ്രദേശങ്ങളിലേക്കു് നിർഭാഗ്യരായ എന്റെ നാട്ടുകാരേയുംവഹിച്ചുകൊണ്ടു്, രണ്ടാഴ്ചയോളം തുടർച്ചയായി തീവണ്ടികൾ ഓടിക്കൊണ്ടിരുന്നു. ലിത്വേനിയായിലെ എല്ലാ ഡിസ്ട്രിക്ടുകളിൽനിന്നും വിവിധവർഗ്ഗത്തിലും സമൂഹത്തിലുംപെട്ട വിവിധസ്ഥിതിക്കാരായ തൊഴിൽക്കാരും, ബുദ്ധിജീവികളും, കലാകാരന്മാരും, അദ്ധ്യാപകരും, കർഷകരും അക്രൂട്ടത്തിലുണ്ടായിരുന്നു. അവ

വിയറ്റ്നാം — ചെക്കോസ്ലോവക്യാ





രാണ് നാശയിർ തുറമുഖം നിർമ്മിച്ചവർ.....ഇത്തരത്തിലുള്ള ഒരു ഭാവിയിൽ നിന്നും ഞാൻ രക്ഷപെടുത്തുകതന്നെചെയ്തു."

(ലിത്തുവേനിയായിൽനിന്നും 1951 ജൂലൈ 13-ാംനു- രക്ഷപെട്ട ലൈയോൺഗിനോസ് ക്ലബ് ളിക്കാസിന്റെ പ്രസ്താവനയിൽ നിന്നും.)


മറെറാന്നും

ഹംഗറിയിലെ സുപ്രസിദ്ധ നർത്തകിയായ നോറാ കോവാട്ട്സും അവരുടെ 24 വയസ്സിനു പ്രായമുള്ള ഭർത്താവുംകൂടി 1953 മേയ് 15-ാംനു- ഒളിച്ചോടി രക്ഷപെടുകയുണ്ടായി.

നോറ ഹംഗറിയിലെ പ്രസിദ്ധ നർത്തകിയായിരുന്നതുകൊണ്ട് കമ്മ്യൂണിസ്റ്റുകാർ അവരെ പ്രത്യേകവിധം ബഹുമാനിച്ചുപോന്നു. 1953-ലെ കോസുത്തു സമ്മാനം അവർക്കാണു ലഭിച്ചതു്. കോസുത്തുസമ്മാനം റഷ്യയിൽ സ്റ്റാലിൻ സമ്മാനത്തിനു തുല്യമാണു്. അവർക്കു് പ്രതിമാസം 20,000 ഫാറിൻസ് ശമ്പളമായി ലഭിച്ചിരുന്നു — ഏകദേശം ഒരു തൊഴിലാളിക്കു് രണ്ടുകൊല്ലംകൊണ്ടു കിട്ടുന്ന ശമ്പളം. 1949-ൽ മോസ്കോയിലെ നാടകവേദിയിൽ നൃത്തം ചെയ്യുന്നതിനു് ഹംഗറിഗവർമ്മെണ്ടു് തെരഞ്ഞെടുത്തതു് ഇവരെയായിരുന്നു. എങ്കിലും അവർക്കു് ജീവിതം തികച്ചും നൈരാശ്യപൂർണ്ണമായിരുന്നു. എങ്ങനെയെങ്കിലും ഹംഗറിയിൽനിന്നു രക്ഷപെടണമെന്നവരാശിച്ചു. അതിനുള്ള അവസരം 1953 മേയ് 15-ാംനു- പൂർവ്വജർമ്മനിയിൽവെച്ചു് ലഭിച്ചു. ഇതാണു് അവരുടെ പ്രസ്താവന: —

".....കമ്മ്യൂണിസ്റ്റു ഹംഗറിയിൽ സ്വാതന്ത്ര്യം തീരെ ഇല്ലാഞ്ഞതുനിമിത്തമാണു് ഞങ്ങൾ അവിടെനിന്നു് ഓടി രക്ഷപെട്ടതു്. അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ ഞങ്ങൾ അവിടെ തൊക്കിപ്പിഴിയപ്പെട്ടുകയായിരുന്നു. ഞങ്ങളുടെ ജീവിതം അതിന്റെ എല്ലാ സരണികളിലും കർശനമായി നിയന്ത്രിക്കപ്പെട്ടിരുന്നു. അതേസമയം കമ്മ്യൂണിസ്റ്റു നാടകങ്ങളും സിനിമകളും മാത്രം അനുവദിക്കപ്പെട്ടുമിരുന്നു. നടീനടന്മാർ ഓരോരുത്തർക്കും നിശ്ചയിച്ചുകൊടുത്തിട്ടുള്ള ഭാഗങ്ങൾ, നിശ്ചിതസ്ഥലത്തും സമയത്തും അഭിനയിച്ചുകൊള്ളണം. കൊടുക്കുന്ന പാർട്ടു് ഏതായിരുന്നാലും ലഭിക്കുന്ന നടനു് അതു് ഇഷ്ടപ്പെട്ടതോ അല്ലയോ എന്ന ചോദ്യമേയില്ല.

ഹങ്കറി



ടിബറ്റ്



".....ഒരു നിശ്ചിത പ്രായപൂർത്തി കഴിഞ്ഞാൽ എല്ലാവരും വോട്ടുചെയ്യണം; എന്നാൽ ആ വോട്ടിംഗിനു് ഒരൊറ്റ ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കയുള്ളൂ; അതു് "ജനകീയ പാർട്ടി"യുടേതായിരിക്കയും ചെയ്യും.

".....ഒരിക്കൽ ആഢ്യാഭാസസമ്പൂർണ്ണവും സുന്ദരവുമായിരുന്ന ആ പഴയ ബുഡാപ്പെസ്റ്റ് ഇപ്പോഴുണ്ടെങ്കിൽ ആരും അറികയില്ല. അവിടുത്തെ നിർഭാഗ്യജനത ഇപ്പോഴും രാപകൽ വിയർത്തൊലിച്ചു് പണിയെടുക്കുന്നു. എവിടേയും ഒരു മൂകദുഃഖം ദൃശ്യമാണു്.

".....ഒരിക്കൽ സ്വതന്ത്രലോകത്തിലേയ്ക്കു് ഒരെത്തിനോട്ടം മാത്രം ലഭിച്ചപ്പോൾ ഞങ്ങൾ ആശ്ചര്യഭരിതരായി. പശ്ചിമബർലിൻ ഞങ്ങളെ സ്തബ്ധരാക്കി. എവിടെയും മോടിയായി വസ്ത്രധരിച്ച സ്ത്രീപുരുഷന്മാർ; ഷാപ്പുകളെല്ലാം നല്ലനല്ല സാധനങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു; ഹങ്കറി മുഴുവനിലുമുള്ള സൈക്കിളുകളേക്കാളധികം കാറുകൾ ഈ നഗരിയിൽ ഞങ്ങൾ കണ്ടു. ഇങ്ങനെയെല്ലാമുണ്ടെന്നു് ഞങ്ങൾ അറിഞ്ഞിരുന്നില്ല. ഹങ്കറിയിൽ ഇവയൊന്നുമില്ലതന്നെ. ഉണ്ടെന്നു് അറിയപ്പെട്ടുന്നുമില്ല."


വേറൊന്നു്

".....ഞാൻ മുവപ്പുസേനയിലെ ഒരു ഉദ്യോഗസ്ഥനാണു്. നീണ്ട 12 വർഷങ്ങൾ ഞാൻ കിഴക്കേ സൈബീരിയയിൽ ആയിരുന്നു. അവിടെ അതുയുംനാൾ മരംകോച്ചുന്ന തണുപ്പിൽപ്പെട്ടു് വിറച്ചു് വിറങ്ങലിച്ചു കഴിച്ചുകൂട്ടി. അതിനുശേഷം എന്നെ പൂർവ്വജർമ്മനിയിലേയ്ക്കയച്ചു. ഞാനൊരു ക്യാപ്റ്റനും സൈനികയന്ത്രവിദഗ്ധനുമാണു്. പൂർവ്വജർമ്മനിയിലെ സൈന്യസേവനം ഒരു ജയിൽപ്പുരയ്ക്കുള്ളിലെന്നതിനേക്കാൾ വ്യത്യസ്തമല്ല. നിങ്ങൾക്കു പുറം സൈനികകാവലും ഉയർന്ന വേലികളുമുണ്ടായിരിക്കും. ഒരു ജർമ്മൻ സ്വകാര്യഗൃഹം സന്ദർശിപ്പാൻ നിങ്ങൾക്കു് അനുവാദമില്ല. ഒരു പട്ടാളക്കാരനു് നഗരത്തിലേയ്ക്കു പോകുവാനും അനുവാദമില്ല. നിങ്ങൾക്കു പുറം സംഖ്യാതീതമായ ഒറ്റുകാരും രഹസ്യപ്പോലീസുമുണ്ടായിരിക്കും. നിരന്തരമായ സൈനികാഭ്യാസങ്ങൾക്കു പുറമെ, എല്ലാവിധ കമ്മ്യൂണിസ്റ്റ് തത്വപഠനക്കളരിയിൽ ഹാജരാകുകയും അവിടെ പഠിപ്പിക്കുന്ന പലതും ഉരുവിട്ടു പഠിക്കു

അൽബേനിയാ



ബൾഗേറിയാ



കയും വേണം. പക്ഷേ, ബാഹ്യലോകത്തു നടക്കുന്ന യഥാർത്ഥ്യങ്ങളും സോവിയറ്റു പടയാളികളിൽനിന്നു മറച്ചുവെയ്ക്കുവാനുള്ള, അധികാരികളുടെ ഈ മഹായത്നങ്ങളൊക്കെ പലപ്പോഴും വിഫലമാകാറുണ്ട്. കിഴക്കൻജർമ്മനിയിൽ താമസിക്കുന്ന റഷ്യൻ പട്ടാളക്കാരന്റെ ജീവിതത്തോതുതന്നെ റഷ്യയിലേക്കാൾ വളരെ മെച്ചപ്പെട്ടതാണു്. അതിനാൽത്തന്നെ അവർക്കു് സ്വഗൃഹത്തിലുള്ളവരും സ്വരാജ്യവും അനുഭവിച്ചുകൊണ്ടിരിക്കുന്ന അതിനീചമായ ദാരിദ്ര്യത്തിന്റെ മൂല്യമറിവാൻ സാധിക്കുന്നു.

"……ഞാൻ ജർമ്മനിയിലായിരിക്കെ, എന്റെ രാജ്യത്തിന്റെയും കുടുംബാംഗങ്ങളുടെയും നികൃഷ്ട ദാരിദ്ര്യത്തെപ്പറ്റി ചിന്തിച്ചിരുന്നു. ചിന്തിക്കുംതോറും കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു് എന്റെ രാജ്യത്തിനു വരുത്തിവെച്ച നിത്യദാരിദ്ര്യവും വിശപ്പും കഷ്ടപ്പാടുകളും എന്നെ ക്രുദ്ധനായി അലട്ടി. കമ്മ്യൂണിസത്തോടുള്ള എന്റെ വൈരം നീറി നീറി കത്തിത്തുടങ്ങുകയും ചെയ്തു. ഒരിക്കൽ എന്റെ ബുദ്ധി എന്നോടു് ഉപദേശിച്ചു, ഞാൻ പശ്ചിമ ജർമ്മനിയിൽ ഏകാകിയാകുകയില്ലെന്നും, പ്രത്യുത, എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും നിന്നു് രക്ഷപെട്ടു് സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യുന്ന ഒരു മഹാസൈന്യത്തിലെ ഒരു സജീവാംഗമായിരിക്കുമെന്നും. പിന്നെ എനിക്കു് ഒളിച്ചോടാൻ ഒരവസരം മാത്രം വേണ്ടിയിരുന്നു. അതു കൈവന്നു……"

(1952-ൽ പൂർവ്വജർമ്മനിയിൽനിന്നു് രക്ഷപെട്ട ക്യാപ്റ്റൻ നിക്കോളി ഇവാൻവിക്കു് ഫഡോവിന്റെ പ്രസ്താവനയിൽ നിന്നു്.)

മറെറാന്നു്

"……എന്റെ പിതാവു് പട്ടിണികിടന്നു മരിക്കുമ്പോൾ എനിയ്ക്കു് പത്തുവയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. 22 കൊല്ലത്തിനുശേഷവും, എല്ലുമുറിയെ പണിയെടുത്തിട്ടും ഞങ്ങളുടെ കുടുംബത്തിനു് അരിഷ്ടിച്ചു കഴിയുവാൻ മാത്രമെങ്കിലും വക ഞങ്ങളുടെ കൃഷിസ്ഥലത്തുനിന്നു ലഭിക്കുന്നില്ല. ഞാൻ സൈനികസേവനം കഴിഞ്ഞു് വീട്ടിലേയ്ക്കു മടങ്ങിയ അന്നു് വീട്ടിൽ ഒരുകഷണം അപ്പംപോലുമില്ലായിരുന്നു.

പോളണ്ടു്

ജർമ്മനി









"..... നൂറാണ്ടുകളായി കൃഷിചെയ്ത് ഉപജീവിച്ചിരുന്ന റഷ്യൻ കർഷകർക്ക് കൂട്ടുകൃഷിപ്രസ്ഥാനം ഒരു പ്രയോജനവും ചെയ്യുന്നില്ലെന്ന് എനിയ്ക്ക് കൂടുതൽ കൂടുതൽ വ്യക്തമായി. 1942-ൽ എന്റെ അമ്മ ക്ഷയരോഗം പിടിപെട്ട് മരിച്ചു. വളരെ കഷ്ടപ്പെട്ട് ജോലി ചെയ്യേണ്ടിയിരുന്ന അവർക്ക് ഭക്ഷിപ്പാൻ മിതമായിട്ടെങ്കിലും വല്ലതും ലഭിച്ചിരുന്നെങ്കിൽ ഈ മഹാരോഗം പിടിപെടുമായിരുന്നില്ല. ഈ നിർഭാഗ്യാവസ്ഥയെപ്പറ്റി പരസ്യമായി വിമർശിച്ചതിനു് സ്റ്റാലിന്റെ കിങ്കരന്മാർ എന്റെ സഹോദരനെ കൊന്നകളഞ്ഞു. എന്റെ പാവപ്പെട്ട സഹോദരി സ്വന്തം കുഞ്ഞുങ്ങൾക്ക് പകുതി വയറു നിറയെയെങ്കിലും വല്ലതും കൊടുക്കുന്നതിനു് അത്യദ്ധ്വാനം ചെയ്യുകയായിരുന്നു. അവരുടെ ഭർത്താവിനെന്തു സംഭവിച്ചു? "കാണാനില്ല." എന്റെ സ്വജനങ്ങൾ ഇന്നും ആയിരം കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്നപോലെ, മണ്ണുകൊണ്ടുള്ള ചെറുകുടിലുകളിലാണ് താമസിക്കുന്നതു്. എന്നാൽ ഞങ്ങളുടെ പാർട്ടിനേതാവിനു് ഒരു പുതിയ ഫാമ്മും പണികഴിച്ചിട്ടുണ്ട്. ഇവയെല്ലാം എന്റെ കുടുംബത്തിനു മാത്രമുള്ള നിർഭാഗ്യസ്ഥിതിയല്ല; മിക്കവാറും എല്ലാ റഷ്യൻ കുടുംബത്തിന്റെയും ദുർവ്വിധി ഇതുതന്നെയാണു്.


".....ഞാൻ ജർമ്മനിയിൽ വന്നശേഷം ഒന്നു മനസ്സിലാക്കി, ജർമ്മൻകാർക്ക് റഷ്യൻ പൗരന്മാരെക്കാൾ കൂടുതൽ ഭക്ഷണമുണ്ട്, ഉടുപ്പുകളുണ്ട്, കൂടുതൽ നല്ല ഭവനങ്ങളുണ്ട്; എന്നെല്ലാം. ഇവയെല്ലാം അവർക്കെങ്ങിനെയുണ്ടായി?

".....യുദ്ധത്തിൽ തോറ്റതു് അവരാണു്; ജയിച്ചതു ഞങ്ങളും. പിന്നെ അവരെങ്ങനെ ഞങ്ങളെക്കാൾ ഭാഗ്യവാന്മാരായി? ഇതിനെല്ലാം ഒരൊറ്റ ഉത്തരമേയുള്ളൂ — കമ്മ്യൂണിസം തെറ്റാണു്; അവരുടെ പദ്ധതി മുഴുവൻ തെറ്റു്; സാധുക്കളെ ചൂഷണംചെയ്ത് രാഷ്ട്രം കെട്ടിപ്പടുത്തുക — അത്രമാത്രം.

".....ഞാനപ്പോൾ കൂട്ടുകൃഷിയെപ്പറ്റി ഓർമ്മിച്ചു. കമ്മ്യൂണിസ്റ്റുകാർ ഞങ്ങളുടെ കൃഷിസ്ഥലങ്ങൾ പിടിച്ചെടുത്തതും, അതിനുശേഷം സദാസമയവും ഞങ്ങളോരോരുത്തരും (M. V. D.) രഹസ്യപ്പോലീസിന്റെ മേൽനോട്ടത്തിൽ അടിമകളെപ്പോലെ ജോലിചെയ്യേ







98
18044

ണ്ടിവന്നതും, ജയിൽ ഭീതിയും തടങ്കൽപ്പാളയഭയവും ഒരുഗ്രഭീമരാക്ഷസനെപ്പോലെ നിരന്തരം ഞങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നതുമെല്ലാം എല്ലാം. എന്റെ ആലോചന ഞാൻ എന്റെ കുടുംബാംഗങ്ങളെ അറിയിച്ചു. എങ്ങനെയെങ്കിലും, ഒരു നല്ല ജീവിതം, ഭീതിക്കൂടാത്ത ജീവിതം ലഭിക്കുമെങ്കിൽ ഓടിരക്ഷപെട്ടുകൊള്ളുകയെന്നു എല്ലാവരും ഉപദേശിച്ചു .... പൂർവ്വജർമ്മനിയിൽ ജോലിചെയ്തുകൊണ്ടിരുന്നപ്പോഴാണ് ഒരവസരം ലഭിച്ചു. എന്തുംവരട്ടെയെന്നുറച്ചു് അതു ഞാൻ ഉപയോഗപ്പെടുത്തി."

(1953 മേയ് മാസത്തിൽ ജർമ്മനിയിൽനിന്നു രക്ഷപെട്ട സ്റ്റീഫാൻ ഫിഡോറോവിക്കു് ബാലഷോവിന്റെ പ്രസ്താവനയിൽനിന്നു്.)


1952-ൽ 250 മുസ്‌ലീം കാസാക്കുകൾ ടർക്കിസ്റ്റാൻവിട്ടു് കാഷ്മീറിലെത്തുകയുണ്ടായി. സിങ്കിയാങ്ങ് പ്രോവിൻസിൽ നിന്നു് ലോകത്തിന്റെ മേൽപ്പുര എന്നറിയപ്പെടുന്ന ടിബറിൽക്കൂടി, 18000 അടി പൊക്കമുള്ള മലയിടുക്കു് കടന്നു്, 2500 മൈൽ ദൂരം അത്യുഗ്രമായ തണുപ്പു സഹിച്ചു്, വൃക്ഷലതാദികളില്ലാത്ത വെറും മരുഭൂമികളും കുന്നിയായ മഞ്ഞു നിറഞ്ഞുകിടക്കുന്ന വിശാലമായ ഭൂപ്രദേശങ്ങളും തരണംചെയ്തു് വളരെ കഷ്ടപ്പെട്ടാണു് അവർ കാഷ്മീറിൽ എത്തിയതു്. ഉറ്റവരെയും ഉടയവരേയും ഉപേക്ഷിച്ചു് അവരെന്തിനു് ഈ സാഹസിക യാത്രയ്ക്കൊരുമ്പെട്ടു? കാഷ്മീറിൽ അഭയം പ്രാപിച്ചവരിൽ മിക്കവരും ഇന്ത്യാഗവർമ്മെണ്ടിന്റെ ഔദാര്യത്താൽ അവിടെ സ്ഥിരതാമസമാക്കിയിരിക്കയാണു്. കുറേപ്പേർക്കു് ടർക്കിയും അഭയം നൽകുകയുണ്ടായി. "....കമ്മ്യൂണിസ്റ്റധീനത്തിലായ ഞങ്ങളുടെ നാട്ടിൽ ജീവിക്കുന്നതിനേക്കാൾ മരണം നല്ലതെന്നു് ഞങ്ങൾ തീരുമാനിച്ചു"— ഇതാണവരുടെ പ്രസ്താവന.

".....ഞങ്ങളുടെ രാജ്യം കഴിഞ്ഞ 200കൊല്ലമായി ചൈനയുടെ അധീശത്വത്തിലായിരുന്നു. പക്ഷെ ഞങ്ങൾ ഞങ്ങൾക്കിഷ്ടപ്പെട്ട ജീവിതം നയിച്ചുപോന്നു. 1939-ൽ സോവിയറ്റ് സൈന്യം ഞങ്ങളുടെ രാജ്യം പിടിച്ചടക്കിയപ്പോൾ, ഞങ്ങളുടെ സംസ്കാരം നിലനിർത്തുന്നതാണെന്നു് അവർ വാഗ്ദാനം ചെയ്കയുണ്ടായി. പക്ഷെ, അവരുടെ സൈന്യത്തിന്റെ പിന്നാലെ അവരുടെ വിദഗ്ദ്ധന്മാരുമെത്തി. അതോടുകൂടി അവർ ഞങ്ങളുടെ ജനതയുടെ നേരെ അതിക്രൂരമായ ഒരു മർദ്ദനഭരണം അഴിച്ചുവിട്ടു. ഞങ്ങൾക്കു് യാതൊരുവിധത്തിലും സമാധാനമായൊരു ജീവിതം നയിപ്പാൻ വഹിയാതായി.

"....1949—ൽ റഷ്യാക്കാരുടെ പിന്നാലെ ചൈനാകമ്മ്യൂണിസ്റ്റുകാരും എത്തിയെന്നറിഞ്ഞതോടെ ഇനി രക്ഷയൊന്നുമില്ലെന്നു് ഞങ്ങൾക്കു ബോദ്ധ്യമായി. അതിനാൽ, രാജ്യംവിട്ടോടിപ്പോകുക എന്ന സാഹസിക തീരുമാനത്തെ ഞങ്ങളുടെ നേതാക്കൾ അനുകൂലിച്ചു.

"...ചിലർ പറയുമായിരിക്കും, ക്ലേശകരമായ ഈ ഒളിച്ചോട്ടത്തെക്കാൾ നല്ലതു് കമ്മ്യൂണിസ്റ്റുകാർക്കു് വഴങ്ങിക്കൊടുക്കുകയാണെന്നു്. അവർക്കു് വാസ്തവസ്ഥിതി അറിഞ്ഞുകൂടാ. ഞങ്ങൾ മതബോധമുള്ള ഒരു ജനതയാണു്. നിരായുധരായ ഞങ്ങളുടെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും പുരുഷന്മാരേയും കമ്മ്യൂണിസ്റ്റുകാർ കൊന്നൊടുക്കുന്നതു് കണ്ടുകൊണ്ടിരിക്കുക സാദ്ധ്യമല്ല. എന്റെ അഞ്ചു കുഞ്ഞുങ്ങളെ അവർ വെടിവെച്ചു കൊന്നു. ഞങ്ങൾ സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ഒരു ജനതയാണു്. രാപകൽ പ്രവൃത്തിയിലും ചിന്തയിലും ആത്മാവിലും അടിമയായിക്കഴിയുക സാദ്ധ്യമല്ല.


"....ഇല്ല, ഡമോക്രാറ്റിക് രാജ്യങ്ങളുടെ സമ്മർദ്ദംകൊണ്ടു് ഒരിക്കൽ ഈ കമ്മ്യൂണിസ്റ്റു ഭീകരഭരണത്തിനു് അയവുവന്നേക്കാം. അന്നു് ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട നാട്ടിലേയ്ക്കു മടങ്ങും...."



കമ്മൂണിസ്റ്റ് പാർട്ടി



രഹസ്യപ്പോലീസ്




21കോടി 50ലക്ഷത്തിലധികമുള്ള സോവിയറ്റ് പൗരന്മാരുടെ എല്ലാപ്രവൃത്തികളും അവിടത്തെ സർവ്വശക്തമായ പ്രസീഡിയത്തിന്റെ (മുൻകാലത്തു് ഇതു് 'പോളിറ്റ് ബ്യൂറോ' എന്നറിയപ്പെട്ടിരുന്നു) നിയന്ത്രണത്തിനു വിധേയമാണു്. ഈ സമിതിയാണു് സേച്ഛാധിപതിയായ രാഷ്ട്രത്തലവന്റെ വലംകയ്യായി വർത്തിക്കുന്നതു്. വെറും പത്തു് അംഗങ്ങളിലധികമില്ലാത്ത ഈ പ്രസീഡിയത്തിന്റെ ഹസ്തങ്ങളിലാണു് സോവിയറ്റ് റഷ്യയിലെ ഏതു വ്യക്തിയുടേയും ഭാഗധേയം സ്ഥിതിചെയ്യുന്നതു്.

പ്രസ്തുത പ്രസീഡിയത്തിന്റെ കീഴിൽ പാർട്ടിയും ഭരണക്രമവും പൊലീസുസേനയും കൂടി രാജ്യത്തിലാകമാനം ഒരു വല നെയ്തുറപ്പിച്ചിരിക്കയാണു്. വിദ്യാഭ്യാസവും പ്രചാരണയന്ത്രവുംമൂലം ചില പ്രത്യേകതരം ജോലികൾക്കു് അമിതമായ പ്രോത്സാഹനം കൊടുത്തുകൊണ്ടും, രഹസ്യപ്പോലീസിന്റെ, സൂക്ഷ്മദൃക്കുകളും പ്രയത്നശാലികളുമായ അനേകായിരം ഏജന്റന്മാർമുഖേന ഭരണാധിപൻ നൽകുന്ന ആജ്ഞയനുസരിച്ചു് എല്ലാവ്യക്തികളും വ്യാപരിക്കണം. സംഹാരത്തിന്റേയും സൃഷ്ടിയുടേയും മൂർത്തികളായ ചെമ്പടയും രഹസ്യപ്പോലീസും ചേർന്നു് രാജ്യത്തുണ്ടാകുന്ന ഏറ്റവും നേരിയ പ്രതിഷേധ ശബ്ദത്തെപ്പോലും അതിന്റെ മുളയിൽത്തന്നെ അറുത്തു ദൂരെയെറിയും. സേച്ഛാധിപത്യത്തിന്റെ സംഖ്യാതീത



ചുവപ്പു സേന



ഗവമ്മെൻവ് യന്ത്രം

മായ ഉദ്യോഗസ്ഥമേധാവിത്വമാണ് സോവിയറ്റ് യൂണിയനിലെ സർവ്വവിധ സാമ്പത്തിക വശങ്ങളേയും കൈകാര്യം ചെയ്യുന്നത്. പിന്നെ, സാധാരണ പൗരൻ എന്തു ചെയ്യും?

പ്രസ്തുത ഘടകങ്ങളോരോന്നും അതിനുള്ളിൽത്തന്നെ നിയന്ത്രിതമാണ്. ചെമ്പടയുടെ ഉള്ളിൽത്തന്നെ പാർട്ടിമെമ്പർമാരെ സ്ഥാപിച്ചിട്ടുണ്ട്. പട്ടാളക്കാർക്ക് തത്വബോധനം നൽകുകയും ഓരോ പട്ടാളക്കാരന്റെയും രാഷ്ട്രീയപക്ഷപാതം ചൂഴ്ന്നറിയുകയുമാണ് അവരുടെ ചുമതല. രഹസ്യപ്പോലീസിനും പട്ടാളകൂപ്പണികളിൽ സ്ഥാനമുണ്ട്. അവരുടെ അസംഖ്യങ്ങളായ ഏജന്റന്മാരും ഒറ്റുകാരും ഓരോപട്ടാളക്കാരന്റെയും ഗതിവിഗതികളും സദാസമയവും സൂക്ഷിച്ചുവീക്ഷിച്ചുകൊണ്ടിരിക്കും.

ഓരോകമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥനും അവിടെ നിയന്ത്രിതനാണ്. അവരോട് ആവശ്യപ്പെട്ടതു ചെയ്യേണ്ടതിനു പലപ്പോഴും ചട്ടങ്ങളെത്തന്നെ അവർ ലംഘിക്കേണ്ടിവരും. അങ്ങനെ വന്നാൽ പിന്നീടതു അവരുടെമേൽ തൂങ്ങിനില്ക്കുന്ന ഒരു ഖഡ്ഗമായിരിക്കയും ചെയ്യും. പാർട്ടിവരുതി വിട്ടാൽ ചട്ടലംഘനത്തിനു ശിക്ഷയേല്ക്കുമെന്നുള്ളതു തീച്ചയാണ്.

അവസാനവിശകലനത്തിൽ, സേച്ഛാധിപതിയുടെ സുരക്ഷിതത്വം കീഴ്സിൽബന്ധികളുടെ അരക്ഷിതാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നതെന്നു കാണാം. ഈ അരക്ഷിതാബോധത്തിന്റെ, നിരന്തരമായ ഈ മരണഭീതിയുടെ ഒടുങ്ങാത്ത ശൃംഖലയാണ്, സോവിയറ്റ്യൂണിയനായാലും ചൈനയായാലും മറ്റ് എവിടെയായിരുന്നാലും, കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളെ ഉടനീളം ചുറ്റി കെട്ടറപ്പിച്ചുകൊണ്ടിരിക്കുന്നത്.


പൗരാവകാശം

അനേകായിരം റഷ്യൻ പൗരന്മാർ കമ്മ്യൂണിസത്തിൽനിന്ന് ഒളിച്ചോടി രക്ഷപെടുന്നുവെന്നതിലല്ല, നമ്മുടെ ശ്രദ്ധ ചെലുത്തേണ്ടതു; പ്രത്യുത, എന്തുകൊണ്ട് അവർ ഓടി രക്ഷപെടുന്നു എന്നുള്ളതിലാണ്.

നമുക്ക് റഷ്യയിലെ ഏതെങ്കിലും ഒരു വ്യക്തിയെപ്പറ്റി ചിന്തിക്കാം. അയാൾ താമസിക്കുന്നതെവിടെ? അയാളുടെ വിചാരവികാരങ്ങളെന്തെല്ലാം? ദാരിദ്ര്യത്തിലോ സുഭിക്ഷതയിലോ എന്നതും കാര്യമല്ല; കാര്യമായതു ഒന്നുമാത്രം. അതായതു, ഈ മനുഷ്യൻ എവിടെ വസിക്കണമെന്നും, അതു് എങ്ങനെയുള്ള സ്ഥലത്തായിരിക്കണമെന്നും അയാളല്ല നിശ്ചയിക്കുന്നതു്, മറിച്ചു്, മറ്റൊരുത്തനാണു് അതു തീരുമാനമെടുക്കുന്നതു്. അവൻ ചെയ്യേണ്ടജോലി, ജോലിസ്ഥലം, പ്രതിഫലം, ജോലിചെയ്യേണ്ടസമയം ഇവയൊന്നും അവന്റെ തീരുമാനമല്ല; തീരുമാനിക്കാൻ അവനവകാശവുമില്ല. മറ്റൊരുത്തനാണു് അതു നിശ്ചയിക്കുന്നതു്. അവനു് വിദ്യാലയത്തിലും തൊഴിൽശാലയിലും പരിശീലനം കിട്ടും; പക്ഷേ, അതും എന്തെന്നു് മറ്റൊരുത്തനാണു് നിശ്ചയിക്കുന്നതു്. അവന്റെ വസ്ത്രങ്ങളും ഭക്ഷണംപോലും അവനുവേണ്ടി മറ്റൊരാൾ തീരുമാനിക്കുന്നു. അവന്റെ ഉല്ലാസരംഗങ്ങൾക്കുടി അവനുവേണ്ടി മറ്റൊരുവൻ നിശ്ചയിക്കുന്നതാണു്. അവൻ ഒരു യുവാവായിരുന്നാൽ അവനു് ഒരു യുവജനസംഘടനയിൽ ചേരാം. പക്ഷേ, അത്തരം സംഘടന അവിടെ ഒന്നുമാത്രമേയുള്ളു. അതു പരിപൂർണ്ണമായും പട്ടാളച്ചിട്ടയിലുള്ളതും അന്യനാൽ നിയന്ത്രിതവുമാണു്.

അവന്റെ ഭാഗ്യമുണ്ടെങ്കിൽ ഒരു സ്ത്രീസമാജത്തിലെ അംഗമാകാം. പക്ഷേ, അതും അന്യനാൽ നിയന്ത്രിക്കപ്പെടുന്ന ഒരേ ഒരു സംഘടനമാത്രമേയുള്ളൂ. അവനു് വോട്ടുചെയ്യാം - തീർച്ചയായും, അവനു് സുരക്ഷിതത്വം വേണമെങ്കിൽ അങ്ങനെ ചെയ്യണം. പക്ഷേ, തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥി ഒരാൾമാത്രമായിരിക്കും; അതും അന്യൻ നിശ്ചയിക്കുന്നു. ഇങ്ങനെയുള്ള ഒരു ജീവിതം ആയുഷ്കാലമത്രയും നയിക്കുന്നതിനു് നിങ്ങൾ ഇഷ്ടപ്പെടുമോ, അതോ?

ഇപ്രകാരമുള്ള ഒരു ജീവിതം നയിക്കുക എന്നതു് ഒരടിമയേക്കാൾ കഷ്ടമാണു്. അതുകൊണ്ടാണു് കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ വിസ്തൃതമായ തടങ്കൽപ്പാളയങ്ങൾ എന്നറിയപ്പെടുന്നതു്. അതിന്റെ പുറംമതിലുകൾ രാജ്യാതിർത്തികളാണു്. അവ എത്രമാത്രം ഭദ്രമായി സൂക്ഷിക്കപ്പെടുന്നു എന്നതു് അത്തരം പ്രദേശങ്ങളിലെ സംരക്ഷണക്രമീകരണങ്ങൾ കൊണ്ടു് വ്യക്തമാകുന്നതാണു്.




ബാലഹൃദയങ്ങളിൽനിന്നു് കുടുംബസ്നേഹവും മാതൃപിതൃബന്ധവും നിർമ്മാർജ്ജനം ചെയ്തു് പാർട്ടിഭക്തി വളർത്തിക്കൊണ്ടുവരുന്നതിനു് പല യുവജനസംഘടനകളുമുണ്ടു്. മേൽച്ചിത്രം ചൈനയിലെ ഒരു ബാലസംഘടനക്കാരിയാണു്. സാമൂഹ്യവിരുദ്ധമെന്നു പറയപ്പെടുന്ന കുറ്റങ്ങൾക്കു് അച്ഛനമ്മമാരെ പാർട്ടിക്കു് ഒറ്റിക്കൊടുക്കുന്നതിനും സ്വന്തം സാമൂഹ്യവിരുദ്ധപ്രവണതകളെ പരസ്യമായി ഏറ്റുപറഞ്ഞു് ശിക്ഷ വാങ്ങിക്കുന്നതിനും ബാലികാബാലന്മാരെ പരിശീലിപ്പിക്കുന്നു.

സോവിയറ്റ് ഭരണഘടന

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ഭരണഘടന വിചിത്രമായ ഒരു വിരോധാഭാസമാണെന്നേ പറയേണ്ടൂ. അതിൽ പൗരാവകാശം പ്രഖ്യാപിക്കുന്നുണ്ടു്; കമ്മ്യൂണിസ്റ്റ് നിയമങ്ങളെല്ലാം വളരെ വളരെ വകുപ്പുകളും ഉപവകുപ്പുകളുംകൊണ്ടു് നീണ്ടവയുമാണു്. അതിനു കാരണം, സാധാരണ പൗരനു് അതു മുഴുവൻ വായിക്കുന്നതിനു് ക്ഷമയോ സൗകര്യമോ ഉണ്ടാകരുതെന്നുള്ളതാണു്. ഭരണഘടനയിലെ 10 അദ്ധ്യായങ്ങളും 117 വകുപ്പുകളും കഴിഞ്ഞാൽപ്പി

ന്നെ പൗരനുള്ള മൗലികാവകാശങ്ങളുടെ വിവരണമാണു്. പക്ഷെ, മുമ്പു പിമ്പുള്ള പലവകുപ്പുകളും, തുടർന്നുള്ള മറെറനേകം വകുപ്പുകളും, വ്യക്തമായി പ്രഖ്യാപിക്കുന്ന ഈ എല്ലാവിധ മൗലികാവകാശങ്ങളേയും ഹനിക്കുന്നവയാണെന്നുമാത്രം; ഇതാണു് വിരോധാഭാസമാണെന്നു പറയുന്നതു്.





മറെറല്ലവരെ ഭയവിഹ്വലരാക്കുന്നതിനു് "ജനശത്രുക്കളുടെ പരസ്യവിചാരണ എല്ലാ കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിലും സുസ്സാധാരണമാണു്. ശരിയായി പരിശീലിപ്പിക്കപ്പെട്ട ഒരു സംഘം ജനങ്ങളം ഒരു കർഷകന്റെ വിസ്താരമദ്ധ്യേ അയാളെ ഉടൻ വെടിവെക്കണമെന്നു് ആർത്തുവിളിക്കുന്നു.



ആഭ്യന്തര ഗതാഗതം കൂടി കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽ നിയന്ത്രിതമാണു്. പൂർവ്വജർമ്മനിയിൽ "മരിയൻ ബോൺ" പട്ടണത്തിൽ (അതുത്തിയിൽ നിന്നു് 200 മൈൽ അകലെയുള്ള ഒരു നഗരം) ഒരു സ്ത്രീയുടെ പാസ്പോർട്ടും ആഭ്യന്തര യാത്രാരേഖകളും പട്ടാളക്കാർ പരിശോധിക്കുന്നു.

പത്രസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും

ഈ രണ്ടു സംഗതികളും ഭരണഘടനയിൽ കൊള്ളിച്ചിട്ടുണ്ടു്. മുൻപിൻപു വകുപ്പുകൾ വായിച്ചു് ഒരു താരതമ്യ പഠനം നടത്താൻ കഴിവില്ലാത്ത ജുജുബുദ്ധികളെ ഈ പ്രഖ്യാ

പനം തുപ്പിപ്പെട്ടെത്തിയേക്കാം. എന്നാൽ അടുത്ത വകുപ്പുകൾ വായിക്കുക: ആർക്കെങ്കിലും മൗലികമായ ഈ മനുഷ്യാവകാശങ്ങൾ ലഭിക്കണമെങ്കിൽ ആ ആൾ അതിന് അർഹനായിരിക്കണം. അർഹനെന്നോ അല്ലാത്തവനെന്നോ നിശ്ചയിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. തന്മൂലം പത്രസ്വാതന്ത്ര്യവും, പ്രസംഗസ്വാതന്ത്ര്യവും, അഭിപ്രായസ്വാതന്ത്ര്യവും പ്രയോഗത്തിൽ വ്യക്തിയ്ക്ക് പരിപൂർണ്ണമായും നിഷേധിക്കപ്പെട്ടിരിക്കയാണ്.



മോസ്ക്കോ തെരുവീഥിയിൽക്കൂടിയുള്ള ഒരു ജാഥ — പാട്ടിനുംഗങ്ങളും ക്രിസ്തീയപുരോഹിതന്മാരുടെ വേഷമണിഞ്ഞ് മതത്തെ നുകരിക്കുന്നു.



പോളണ്ടിലെ ഒരു വോട്ടർ വോട്ടുചെയ്യുന്നത്--അയാൾ വോട്ടുകടലാസിൽ എന്തെങ്കിലും രേഖപ്പെടുത്തുന്നുണ്ടോ എന്ന് സോവിയറ്റ് തെരഞ്ഞെടുപ്പുദ്യോഗസ്ഥൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

എല്ലാ അച്ചടിശാലകൾക്കും ഏറ്റവും ചെറിയ കൈമെഷീനുകൂടിയും പോലീസ് റജിസ്ട്രേഷൻ വേണം. അതു പാർട്ടിഘടകങ്ങൾക്കു മാത്രമേ നൽകപ്പെടുകയുള്ളുതാനും. അച്ചടിക്കുന്നതിനുമുമ്പുതന്നെ സകല വാർത്തകളും ലേഖനങ്ങളും സെൻസർചെയ്തിരിക്കണം. സെൻസർ ഡിപ്പാർട്ടുമെൻറിലെ "ഗ്ലാവ്ലിറ്റ്" എന്ന ഒരുവിഭാഗം എല്ലാ ചിത്രങ്ങളും, ഫോട്ടോകളും, വാർത്താവിതരണങ്ങളും, റേഡിയോ പ്രക്ഷേപണങ്ങളും, പ്രസംഗങ്ങളും എന്നുവേണ്ട, പരസ്യങ്ങൾ വാൾപോസ്റ്ററുകൾ മുതലായവക്രൂടി സെൻസർ ചെയ്യുന്നു. നാടകങ്ങളും പാട്ടുകളും പാട്ടുരീതികളുംക്രൂടി പ്രസ്തുത വകുപ്പിന്റെ മുൻക്രൂട്ടിയുള്ള പരിശോധനയ്ക്കു വിധേയമാണ്. ഇത്തരം സ്വാതന്ത്ര്യമാണ് എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ പൗരന്മാർക്കും, കലാകാരന്മാർക്കും, നാടകക്കാർക്കും, ഗ്രന്ഥകർത്താക്കൾക്കും മറവും നൽകപ്പെട്ടിരിക്കുന്നത്.

വ്യക്തി സംരക്ഷണം


ഭരണഘടനയിലെ ഒരു വകുപ്പ് ഇപ്രകാരമാണ്: "യാതൊരുത്തരേയും കോടതിയുടെ വാറണ്ടുക്രൂടാതെയോ, പ്രോസിക്യൂട്ടരുടെ അനുമതി ക്രൂടാതെയോ അറസ്റ്റ് ചെയ്യുവാൻ പാടില്ല." പക്ഷെ, അതേഭരണഘടനയിൽത്തന്നെ, രഹസ്യപ്പോലീസിനു് ആരെയും രാത്രിയിലോ പകലോ യഥേഷ്ടം അറസ്റ്റു ചെയ്യുകയും ഒരു ഉത്തരവു മൂലം നാട്ടുകടത്തുകയോ തടങ്കൽപ്പാളയത്തിലാക്കുകയോ ചെയ്യാം. ഈ രഹസ്യപ്പോലീസിനു് (M. V. D.) എല്ലാസ്ഥലത്തും ഒറ്റുകാരായി 300 പേക്കു് ഒരു "നിരീക്ഷകൻ" എന്ന കണക്കിനു് ഏജൻറന്മാരുണ്ടു്.

നീതിന്യായം

അന്യായമായി ഭരണക്രൂടം ഒരു വ്യക്തിയെ തടങ്കലിൽ വെച്ചാൽ അയാളെ വിട്ടയൽ ചെയ്യുന്നതിനു് കോടതിയ്ക്കുള്ള അധികാരത്തിനു് "ഹേബിയസ് കോർപ്പസ്" എന്നു പറയുന്നു ഇതു് എല്ലാ ജനാധിപത്യരാഷ്ട്രങ്ങളിലുമുണ്ടെങ്കിലും സോവിയറ്റ്റഷ്യയിലോ, മറേറതെങ്കിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലോ ഇല്ല മറിച്ചു്, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ



ജനദ്രോഹികളെ വധിക്കുന്നതിനുമുമ്പു് അവരെ തെരുവീഥികളിൽ ഒരു പബ്ളിക്കു് പ്രദർശനം നടത്തുന്നു. മറേറള്ളവരെ ഭയപ്പെടുത്തി നിർവീര്യരാക്കുന്നതിനുള്ള ഒരു ഉപാധിമാത്രമാണിതു്.



കൂട്ടകൃഷിപ്രസ്ഥാനം പ്രചരിപ്പിക്കുന്നതിനു് നാടകവേദിവഴി അതിനെ പ്രകീർത്തിക്കുന്നു. കമ്മ്യൂണിസ്റ്റ് നാടകവേദികളെല്ലാം കമ്മ്യൂണിസ്റ്റ് പരിപാടികളെ പ്രകീർത്തിക്കുന്ന ഉപാധികളായിരിക്കണം.

കോടതികളെല്ലാം ഗവമ്മെണ്ടു നയം നടപ്പിലാക്കേണ്ട കീഴ്ഘടകങ്ങളായി വർത്തിക്കുന്നു. ഇതിലും വിചിത്രമാണു്, 1951-ൽ സോവിയറ്റ് നീതിന്യായ വകുപ്പ് ഉപമന്ത്രി സോവിയറ്റ് അഡ്വക്കേറ്റ്മാർക്കു് നൽകിയ ഉൽബോധനം: "....നിങ്ങൾ, സോവിയറ്റ് വക്കീ

ലന്മാർ, വ്യക്തിയുടെ അവകാശമെന്ന വിഡ്ഢിത്തരമായ ആശയം പാടെ ഉപേക്ഷിക്കണം; പകരം, എല്ലായ്പ്പോഴും ഗവമ്മെണ്ടിന്റെ നയത്തേയും താല്പര്യത്തേയും പിൻതാങ്ങേണ്ടതു മാണു്." ഈ അഭിപ്രായം പുലത്തുന്ന ഏതെങ്കിലും ഒരു വക്കീലിനു് ജനാധിപത്യ രാഷ്ട്രങ്ങളിലെ ഒരാം കേസു് ഏല്പിക്കുമോ?

ക്രിമിനൽ കേസിലെ ഈ വകുപ്പു നോക്കുക: "...ഏതെങ്കിലും ഒരു വ്യക്തി രാജ്യരക്ഷക്കും നിയമസമാധാനത്തിനും ആപൽക്കാരി എന്നു ബോദ്ധ്യപ്പെട്ടാൽ അയാളെ കോടതിയിൽ വിസ്തരിക്കാതെയും കോടതിവിധിക്കുടാതെയും പബ്ളിക്കു് പ്രോസിക്യൂട്ടരുടെ ഒരു ഉത്തരവുമൂലം നാടുകടത്താം. ഒരാൾക്കെതിരായി കോടതിയിൽ കുറ്റം ആരോപിച്ച ശേഷം നിരപരാധിയെന്നു ബോദ്ധ്യമായി വിട്ടയച്ച ആളെയും പബ്ളിക്കു് പ്രോസിക്യൂട്ടർക്കു് ഉത്തരവുകൊടുത്തു നാടുകടത്താം." M. V. D. രഹസ്യപ്പോലീസു് ആവശ്യപ്പെട്ടാൽ ഉത്തരവു നൽകാൻ മടിക്കുന്ന പബ്ളിക്കു് പ്രോസിക്യൂട്ടർ ഉണ്ടാകുമോ?

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് കോടതിക്കാര്യങ്ങളിൽ, പ്രത്യേകിച്ചു്, ക്രിമിനൽ കേസുകളിൽ വളരെയേറെ കൈകടത്തുകയുണ്ടായെന്ന ആരോപണം ഈ വകുപ്പിന്റെ ഒരു നിഴൽമാത്രമാണു്.

വിദ്യാഭ്യാസരംഗത്തും വ്യക്തിസ്വാതന്ത്ര്യമില്ല

സോവിയറ്റു ഭരണഘടനയിൽ എല്ലാ പൗരന്മാർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം നൽകുന്നുണ്ടെങ്കിലും എങ്ങനെയുള്ള വിദ്യാഭ്യാസമാണു് അവർക്കു് ലഭിക്കുന്നതെന്നറിയണമെങ്കിൽ "പെഡഗോഗി" എന്ന അദ്ധ്യാപക നിർദ്ദേശഗ്രന്ഥം മാത്രം നോക്കിയാലറിയാം. അതിലെ പ്രധാന വകുപ്പു് താഴെ കൊടുക്കുന്നു: "....സ്വരാജ്യസ്നേഹമെന്നതു് സോവിയറ്റിതരരാജ്യങ്ങളോടുള്ള തീരാത്ത വൈരൃവും ക്രൂടിയാണെന്നു് എല്ലാ വിദ്യാർത്ഥികളേയും പഠിപ്പിക്കണം. ശത്രുവിനെ വെറുക്കുക മാത്രമല്ല, അവനോടു് പൊരുതുവാനും, അവനെ ഒറ്റിക്കൊടുപ്പാനും, അവൻ വഴങ്ങുന്നില്ലെങ്കിൽ നശിപ്പിക്കുവാനും പഠിച്ചിരിക്കണം."

സാമൂഹ്യസുരക്ഷിതത്വം

സോവിയറ്റു ഭരണഘടന എല്ലാവർക്കും വാർദ്ധക്യവേതനം വാഗ്ദാനം ചെയ്തിട്ടുണ്ടു്. പക്ഷെ, നിയമം നിശ്ചയിച്ചിരിക്കുന്ന പ്രകാരം ഈ വേതനത്തിനർഹമാകണമെങ്കിൽ 60 വയസ്സു് കഴിഞ്ഞിരിക്കണം; മാത്രമല്ല, അതുവരെ ഒരൊറ്റ പ്രാവശ്യമെങ്കിലും മുടക്കമില്ലാതെ തൊഴിലിനു് ഹാജരായിരുന്നിരിക്കണമെന്നുമുണ്ടു്. തന്മൂലം സോവിയറ്റു് യൂണിയനിലെ ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും വാർദ്ധക്യവേതനം (അതു തുലോം തുച്ഛമാണു്) ലഭിക്കുന്നില്ല.


ആഭ്യന്തരയാത്രാസ്വാതന്ത്ര്യം

സോവിയറ്റു് ഭരണഘടനയും സിവിൽനിയമവകുപ്പുകളും ഒരു പൗരനു് രാജ്യത്തിലെവിടേയും സ്വതന്ത്രമായി യാത്ര ചെയ്യുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ടു്. പക്ഷേ, പ്രയോഗത്തിൽ, ഇതു നിർദ്ദോഷം നിരോധിക്കപ്പെട്ടിരിക്കയുമാണു്. ഒരു സോവിയറ്റു പൗരനു് സ്വന്തം ഭവനത്തിൽനിന്നു് പുറത്തുപോകണമെങ്കിൽ ആഭ്യന്തര പാസ്പോർട്ടു് വേണം. അതില്ലാതെ ഒരിക്കൽപ്പോലും ഗ്രാമത്തിനുപുറത്തു് പ്രത്യക്ഷപ്പെടാൻ പാടില്ല. അതു

രെങ്കിലും താമസസ്ഥലം മാറിയാൽ 24 മണിക്കൂറിനകം രഹസ്യപ്പോലീസ് സ്റ്റേഷനിലറിയിച്ച് അവിടെ റജിസ്റ്റർ ചെയ്തുകൊള്ളണം. ഈ ചട്ടം ലംഘിച്ചാൽ അതിനു ശിക്ഷയായി രണ്ടുകൊല്ലത്തെ സമ്പൂർണ പൗരാവകാശവും അവനു നഷ്ടപ്പെടുന്നതാണ്; കാരണം, സോവിയറ്റ് പൗരന്മാരെല്ലാം രഹസ്യപ്പോലീസിന്റെ നിരന്തര വീക്ഷണത്തിൽപ്പെട്ടിരിക്കണമെന്നുള്ളതാണ്.

കമ്മ്യൂണിസ്റ്റിതരരാജ്യങ്ങളിലേക്കുള്ള യാത്രയാകട്ടെ, നിഷ്പ്രയാസം തടഞ്ഞിരിക്കയാണ്. ദൃഷ്ടാന്തമായി, 1950-ൽ റഷ്യയിൽനിന്ന് ആകെ 1893 പേർമാത്രമേ പുറത്തുപോയിട്ടുള്ളൂ. ഇവരിൽ ഭൂരിപക്ഷവും മറുരാജ്യങ്ങളിലേയ്ക്ക് സോവിയറ്റ് ഡലിഗേഷൻ മെമ്പർമാരായിപോയിട്ടുള്ള ഗവമെണ്ടു് ഉദ്യോഗസ്ഥന്മാർ മാത്രമാണ്. അതേസമയം ആ ആണ്ടിൽത്തന്നെ ഒരു ചെറിയ രാജ്യമായ ഇംഗ്ലണ്ടിൽനിന്നു് ഫ്രാൻസിലേയ്ക്കുമാത്രം പോയ ആളുകളുടെ സംഖ്യ താരതമ്മേന്യ 600,000 ത്തുമാണ്. എന്താണ് ഈ വൈപരീത്യത്തിനു കാരണം? റഷ്യാക്കാക്കൊന്നും അയൽരാജ്യങ്ങളും കാണേണ്ട എന്നു കരുതിയിട്ടാണോ? അതോ, അവരുടെ ദാരിദ്ര്യമോ? അതുമല്ലെങ്കിൽ, അവർ അനുവദിക്കപ്പെടാത്തതുകൊണ്ടോ? അങ്ങനെയെങ്കിൽ അതിനു കാരണമെന്തായിരിക്കാം?

എങ്ങനെയായാലും റഷ്യക്കാരെ മറു രാജ്യങ്ങളിലെ സ്ഥിതിഗതികളും അറിയിക്കാതെയിരിപ്പാൻ സർവ്വവിധ ശ്രമങ്ങളും ആ ഗവമെണ്ടു് ചെയ്യുന്നുണ്ടെന്നുള്ളതു് സ്പഷ്ടമാണ്. അവരുടെ സ്വന്തം നാടിന്റെ വസ്തുതകളുംപോലും അവരെ അറിയിക്കുകയില്ല. അത്ര കർക്കശമായിട്ടാണ് അവിടത്തെ വാർത്താവിതരണ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതു്. എല്ലാ കമ്മ്യൂണിസ്റ്റധീന രാജ്യങ്ങളിലേയും സ്ഥിതി ഇതുതന്നെയാണ്. ഇത്തരത്തിലുള്ള ഭരണസമ്പ്രദായം സ്വാതന്ത്ര്യം ഇച്ഛിക്കുന്ന ഏതൊരു മനുഷ്യജീവിയെങ്കിലും ഇഷ്ടപ്പെടുമോ?



7 കമ്മ്യൂണിസത്തിന്റെ പരാജയം

ഒരു നിമിഷനേരത്തേയ്ക്ക് ഈ പുസ്തകത്തിന്റെ ആദ്യപുറങ്ങളിലെ ചിത്രങ്ങളിൽ കണ്ട സ്ത്രീപുരുഷന്മാരെ ഒന്നോമ്മിക്കുക. ഇവക്കെല്ലാം കമ്മ്യൂണിസം വൻതോതിൽ ആശ കൊടുത്തിട്ടുള്ളതാണ്. സ്വന്തം കുഞ്ഞുങ്ങൾക്കെങ്കിലും പുരോഗതിക്കുള്ള ഒരവസരം ലഭിക്കുമെന്നുകരുതി ആത്തിയോടെ കാത്തിരുന്ന സാധു സ്ത്രീ; സ്വന്തം രാജ്യത്തിന് സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുപ്പാൻ നിലവിലിരുന്ന ഭരണകൂടത്തെ എതിർക്കുന്നതിന് കമ്മ്യൂണിസ്റ്റ്കാരാൽ പ്രോത്സാഹിപ്പിക്കപ്പെട്ട സ്വാതന്ത്ര്യകാംക്ഷികളായ സ്വരാജ്യസ്നേഹികൾ; കമ്മ്യൂണിസ്റ്റ്വാഗ്ദാനങ്ങളാൽ വ്യാമോഹിക്കപ്പെട്ട് സ്വന്തം രാജ്യത്തിനെതിരായി വിപ്ലവം സംഘടിപ്പിച്ച റഷ്യയിലേയും ഹങ്കറിയിലേയും ചൈനയിലേയും മറ്റു ഉപഗ്രഹരാജ്യങ്ങളിലേയും ജനലക്ഷങ്ങൾ - ഇവരെയെല്ലാംപറ്റി ഒന്നാലോചിച്ചുനോക്കുക.

കമ്മ്യൂണിസ്റ്റ്കാരുടെ മോഹന വാഗ്ദാനങ്ങളിൽ ഭ്രമിച്ച് വിശ്വസിച്ച് അതിനു പിറകേപോയവക്കെല്ലാം എന്തു സംഭവിച്ചു? അവക്കെല്ലാം കമ്മ്യൂണിസം ഒരു വലിയ കെണിയും പരാജയവുമായിത്തീർന്നിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ ചരിത്രം ആകമാനം ഒന്നു പരിശോധിച്ചാൽ മാക്സിന്റെയും ലനിന്റെയും മോഹനവാഗ്ദാനങ്ങൾ തുടങ്ങി ഹോ-ചി-മിന്റെ പ്രഖ്യാപനംവരെ വൻചതിയുടേയും വിശ്വാസവഞ്ചനയുടേയും നീണ്ട ഒരു ചരിത്രം തന്നെയാണെന്നു ബോദ്ധ്യപ്പെടും. സ്വേച്ഛാധിപതിയെഴുച്ച് മറ്റെല്ലാവക്കും അതു ഭീമമായൊരു പരാജയവും കെണിയും തന്നെയായിരുന്നു.


ലക്ഷോപലക്ഷം വരുന്ന ഈ ജനങ്ങൾ കമ്മ്യൂണിസത്തിന്റെ യഥാർത്ഥരൂപം മനസ്സിലാക്കിയതു് വളരെ വൈകിയിട്ടാണു്. "നിങ്ങൾക്കു് ചങ്ങലകളല്ലാതെ മറ്റൊന്നും നഷ്ടപ്പെടുവാനില്ലെ"ന്നു് ലനിൻ ആഹ്വാനം ചെയ്ത തൊഴിലാളിലക്ഷങ്ങൾ; ഭൂമി വാഗ്ദാനം ചെയ്യപ്പെട്ട ഭൂരഹിതർ; സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യപ്പെട്ട സ്വാതന്ത്ര്യപ്രേമികളും സ്വരാജ്യസ്നേഹികളുമായ യുവജനങ്ങൾ - ഇവരെല്ലാം അക്ഷത്തിൽ ഉൾപ്പെടുന്നു. പക്ഷേ, ഒടുവിൽ മനസ്സിലായി, അവക്കു ലഭ്യമായ 'ജനകീയ രാഷ്ട്രീയാവകാശം' പാർട്ടി നിർദ്ദേശിക്കുന്ന സ്ഥാനാർത്ഥിയെ പ്രതിഷേധംകൂടാതെ വോട്ടുചെയ്യുവാനുള്ള അവകാശം മാത്രമാണെന്നു്. അവക്കു ലഭിച്ച "ജനകീയ തൊഴിൽസ്വാതന്ത്ര്യം" ഹൃദയശൂന്യരും ക്രൂരരുമായ രഹസ്യപ്പോലീസിന്റെ നിരന്തര മേൽനോട്ടത്തിൻകീഴ് വിശപ്പടക്കുവാനുള്ള ഭക്ഷണം മാത്രം കഴിച്ചു് എല്ലുമുറിയെ അടിമവേല ചെയ്കയെന്നതാണു് "ജനകീയ വ്യക്തി സ്വാതന്ത്ര്യം" എന്ന പേരിൽ അവക്കു കിട്ടിയതു്. ഏതു നിമിഷത്തിലും രഹസ്യപ്പോലീസിന്റെ പിടിയിൽപ്പെട്ടു് രാജ്യഭ്രഷ്ടോ, തടങ്കൽപ്പാളയമോ ലഭിച്ചേക്കുമെന്നുള്ള നിരന്തരഭീതിയും മാത്രം. അവക്കു ലഭിച്ച "ജനകീയ വിദ്യാഭ്യാസ"മാകട്ടെ, പാർട്ടിതത്ത്വങ്ങളും പാർട്ടിയ്ക്കു് ആവശ്യമായ തൊഴിലുകളും പരിശീലിക്കുന്നതിലത്രെ.



കൂറേ കൊല്ലങ്ങൾക്കുമുമ്പു് മോസ്ക്കോയിൽവെച്ചുകൂടിയ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റു നേതാക്കന്മാരുടെ സമ്മേളനം. നവീനലോകത്തിലെ നവീന പ്രഭുവർഗ്ഗം.

വർഗ്ഗരഹിതസമുദായം

1917-ൽ ബോൾഷെവിക്കു് വാഗ്ദാനങ്ങളാൽ വ്യാമോഹിതരായ റഷ്യാക്കാർ അന്നു്, സാർചക്രവർത്തിമാരുടെ ക്രൂരമായ മർദ്ദനഹസ്തങ്ങളിൽനിന്നു് രക്ഷനേടാമെന്നു് സ്വപ്നം കണ്ടു എളിയവരെ അടിച്ചമർത്തി വലിയവർ സുഭിക്ഷതയിൽക്കഴിയുന്ന അനീതിപരമായ വർഗ്ഗവ്യത്യാസത്തിൽനിന്നു് മുക്തിനേടാമെന്നും അവർ ആശിച്ചു. പക്ഷേ, ആ വിപ്ലവത്തിനു



വസ്ത്രരഹിതമായ റഷ്യൻ നഗരവീഥികളിൽ സാധാരണ കാണാറുള്ള ഒരുകാഴ്ച-അർധപട്ടിണി! ക്കാരിയായ ഈ ദരിദ്രസ്ത്രീ ഒരു പട്ടാളഉദ്യോഗസ്ഥന്റെ ബൂട്ട്സ് തെരുവീഥിയിൽവെച്ചു പോളിഷ് ചെയ്യുന്നു. വല്ലതും കിട്ടിയാൽ അത്രയുമായി; അവളുടെ നഗ്നപാദങ്ങളും കീറിയ വസ്ത്രങ്ങളും നോക്കുക:

ശേഷം നാല്പതുവർഷങ്ങൾകഴിഞ്ഞ ഇന്നും അവക്കനുഭവപ്പെട്ടുന്നതു് തികഞ്ഞ അനീതിപരവും ഇരുമ്പുകെല്ലോളം വഴ്ക്കുവ്യത്യാസവുമുള്ള മറെറാരു സമുദായഘടനയാണു്.

ജനങ്ങളെല്ലാം പൂർണ്ണ പുരോഗതി പ്രാപിക്കുമ്പോൾ ഒരു വർഗ്ഗരഹിതസമുദായം സംജാതമാകുമെന്നാണു് ഔദ്യോഗിക കമ്മ്യൂണിസ്റ്റ്തത്വസംഹിത പ്രഖ്യാപിക്കുന്നതു്. പക്ഷേ, ഈ വാശാനവും യാഥാർത്ഥ്യവുമായി തട്ടിച്ചുനോക്കിയാൽ ഉത്തരദക്ഷിണധ്രുവങ്ങൾപോലെ പൊരുത്തക്കേടുള്ളതായി കാണാം.

ഇന്നു് സോവിയറ്റ് യൂണിയനിൽ അഞ്ചു് വിഭിന്നവർഗ്ഗങ്ങൾ നിലവിലുണ്ടു്. അവിടത്തെ വർഗ്ഗമേധാവിത്വം, മറെറാരു നാട്ടിലും ഇതുവരെ ഉണ്ടായിട്ടില്ലാത്തവിധം അത്യുഗ്രക്രൂരതരവും സുശക്തവുമാണു്. എല്ലാത്തിലുമുപരിയായി അവിടെ ഒരു വൻകിട ഉദ്യോഗസ്ഥജാതി ഉയർന്നുവന്നിട്ടുണ്ടു്. ഏതാണ്ടു് പത്തോനൂറോ മാത്രമുള്ള ഈ ഉദ്യോഗസ്ഥകൂട്ടം ബങ്ങൾ സാർചക്രവർത്തിമാരുടെ കാലത്തുണ്ടായിരുന്ന വൻകിട പ്രഭുക്കന്മാരുടെ സ്ഥാനം ഏറെറടുത്തിരിക്കയാണു്. ഇവരെല്ലാം കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും ഭരണകൂടത്തിന്റേയും പെമ്പടയുടേയും രഹസ്യപ്പോലീസിന്റേയും അത്യുന്നത മേധാവിത്വംതന്നെ വഹിച്ചിരിക്കയാണു്. ഈ കുടുംബങ്ങൾക്കോരോന്നിനും ആണ്ടിനാൽ ഒരു ലക്ഷം റൂബിൾസ് വരുമാനമുണ്ടു്. ഇവരെല്ലാം, കൊട്ടാരതുല്യമായ സൗധങ്ങളും സാർചക്രവർത്തിമാരുടെ കാലത്തെ വൻകിട പ്രഭുക്കന്മാരുടെ ആഭാടജീവിതക്രമവും അവകാശമാക്കിയിരിക്കയാണു്.

ഇവക്കു താഴെയാണു് രണ്ടാമത്തെ വർഗ്ഗം. രണ്ടാംകിട ഉദ്യോഗസ്ഥമണ്ഡലം ഈ വർഗ്ഗത്തിന്റേതാണു്. അവർക്കും സമൃദ്ധമായ വിഭവസൗഭാഗ്യങ്ങൾ അനുഭവിച്ചുകഴിയാം. ആണ്ടിനാൽ ശരാശരി അരലക്ഷം റൂബിൾസ് കിട്ടുന്ന ഇവരെല്ലാംതന്നെ ഇടത്തരത്തിലുള്ള പ്രഭുതുല്യജീവിതം നയിക്കുന്നവരാണു്. ക്രൂടാതെ, സ്റ്റേറ്റ്കാറുകളും പ്രത്യേകതരത്തിലുള്ള ഉല്ലാസകേന്ദ്രങ്ങളും ഇവർക്കു് അവകാശമായി ലഭിക്കുന്നു.


മൂന്നാം നിലവാരത്തിലുള്ള ജനസമൂഹം പത്തിരുപതുലക്ഷത്തിൽ കവിയുകയില്ലാ ഇവരെല്ലാം ചെറുകിട പാർട്ടി ഉദ്യോഗസ്ഥന്മാരും, എൻജിനീയർമാർ, യന്ത്രവിദഗ്ധന്മാർ, കൂട്ടുകൃഷിമാനേജർമാർ തുടങ്ങിയ ഉദ്യോഗസ്ഥവൃന്ദങ്ങളുമാണു്. ഇടത്തരക്കാരുടെ നിലവിരത്തിൽനിന്നു് അത്രതന്നെ പിന്നോക്കമെല്ലാത്ത സുഭിക്ഷതയും, കാലക്ഷേപമാർഗ്ഗവും, വിനോദങ്ങളും, മറവ സുഖസൗകര്യങ്ങളും ഇവർക്കുമുണ്ടു്.

ഈ മൂന്നു് ഉയർന്ന വർഗ്ഗങ്ങളുംകൂടി ജനസംഖ്യയിൽ പത്തു് ശതമാനത്തിലധികമില്ല. ശേഷിക്കുന്ന തൊണ്ണൂറു ശതമാനവും അധികൃതവർഗ്ഗത്തിൽപ്പെട്ടവരാണു്. ഇങ്ങനെയുള്ള അധികൃതവർഗ്ഗത്തിൽപ്പെട്ട ഭാഗ്യവാന്മാരാണു് നാലാമത്തെവർഗ്ഗം. യജമാനന്മാരുടെ പൊല്ലടിക്കുന്നസ്സരണമായി നല്ലതുപോലെ ജോലിചെയ്യുന്ന തൊഴിൽക്കാരും കൃഷിക്കാരുമാണിവർ. ഇവരുടെ ശരാശരി വരുമാനം ആണ്ടിനാൽ 800 റൂബിൾസിൽ കൂടുകയില്ല. അതുകൊണ്ടു് അവർക്കു് വളരെ ക്ലേശിച്ചിട്ടെങ്കിലും ഒരുവിധം മിതമായി ജീവിതം നയിക്കാം.

ഇതും കഴിഞ്ഞാൽ ശേഷിക്കുന്ന വർഗ്ഗമാണു് ബഹുഭൂരിപക്ഷം. ഇവരെല്ലാം യഥാർത്ഥത്തിൽ റഷ്യയിലെ അധഃകൃത വർഗ്ഗമാണു്. വിദഗ്ധരല്ലാത്ത ഫാക്ടറിതൊഴിലാളികളും, റഷ്യയിലാകമാനമുള്ള കർഷകത്തൊഴിലാളികളും, കൂട്ടുകൃഷി സ്ഥലങ്ങളിലെ കർഷകർ മുതലായ

വരാണിവർ. നിയമപ്രകാരം റഷ്യയിൽ ഒരാൾക്ക് 10 ചതുരശ്രയടി വിസ്താരമുള്ള ഒരു മുറിയിൽ താമസിക്കാനവകാശമുണ്ടെങ്കിലും ഇവരിൽ ഭൂരിപക്ഷത്തിനും, ഒരു കുടുംബത്തിന് ഒരു മുറിയോ പകുതി മുറിയോ മാത്രമേ കിട്ടാറുള്ളൂ. റഷ്യാ സ്പുട്നിക്കിനും മറ്റും കോടിക്കണക്കിനു പണം ചിലവാക്കുമ്പോൾ സാധാരണ ജനങ്ങളുടെ ഭവനദാരിദ്ര്യം നീക്കുവാൻ ഒന്നുംതന്നെ ചെയ്യുന്നില്ലെന്നുള്ളതാണു പരമാർത്ഥം. ഇവരിൽ ഒരാൾക്ക് ശരാശരി പ്രതിമാസം 600 റൂബിൾസ് വരുമാനമുണ്ടെന്നു് ഔദ്യോഗിക കണക്കുകൊണ്ടു് കാണുന്നുണ്ടെങ്കിലും കരം, നിർബ്ബന്ധിത ഗവൺമെണ്ടു ഫണ്ടുപിരിവു്, വാടക മുതലായ കുറവുകൾ കഴിച്ചാൽ കഷ്ടിച്ചു് ഭക്ഷണത്തിനു മതിയാകയില്ല. അതുകൊണ്ടാണു് റഷ്യയിൽ നല്ല വസ്ത്രം ധരിച്ച ഒരു സാധാരണക്കാരനെ കണ്ടുകിട്ടാൻ പ്രയാസം. ഈ ദരിദ്രാവസ്ഥമൂലമാണു് റഷ്യയിലെ മിക്ക സ്ത്രീകളും കുടുംബംവിട്ടു ജോലിക്കു പോകേണ്ടിവരുന്നതു്. കുടുംബവേതനം ജനാധിപത്യ സമ്പ്രദായത്തിൽ മാത്രമുള്ള ഒരു ആശയഗതിയാണു്. അങ്ങനെയൊന്നു് റഷ്യയിൽ അറിയപ്പെട്ടിട്ടില്ലതന്നെ.

ഇപ്രകാരം അനീതിപരവും ക്രൂരതരവുമായ ഒരു സാമൂഹ്യസ്ഥിതിയാണു് ഇന്നു് റഷ്യയിൽ സർവ്വത്ര നിലനിന്നുപോരുന്നതു്. സ്വേച്ഛാധിപത്യത്തിന്റെ നിലനില്പിനു് ഈ വർഗ്ഗവ്യത്യാസം അത്യന്താപേക്ഷിതമാണെന്നതാണു്. ഈ വർഗ്ഗവ്യത്യാസവും വിവേചനയും മൂലം ഏതാണ്ടൊരു 150 ലക്ഷം ജനങ്ങൾ മറ്റുള്ളവരുടെ വിയർപ്പുതുള്ളിയുടെ ഫലം അനുഭവിച്ചുപോരുന്നുണ്ടു്. ഈ വ്യവസ്ഥിതി നിലനിത്താൻ പ്രസ്തുത 150 ലക്ഷം ജനങ്ങളും സ്വേച്ഛാധിപതിയെ അകമഴിഞ്ഞു പിൻതാങ്ങിക്കൊണ്ടിരിക്കുന്നു. മറ്റൊരു പ്രജായത്ത സ്വതന്ത്രസമുദായ വ്യവസ്ഥിതിയെപ്പറ്റി റഷ്യൻജനതയ്ക്കൊട്ടറിവുമില്ല.



അത്യുന്നത പാർട്ടിമേധാവികളും, ഗവൺമെണ്ടു്, പട്ടാളം, രഹസ്യപ്പോലീസ് ഉദ്യോഗസ്ഥർ — ശരാശരി പ്രതിമാസം 85,000 റൂബിൾസ് വരുമാനം.

ഉദ്യോഗസ്ഥവൃന്ദം, കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ മുതലായവർ — 8,500 റൂബിൾസ് പ്രതിമാസവരുമാനം.

രണ്ടാംതരം പാർട്ടിനേതാക്കളും, എൻജിനീയർമാർ, യന്ത്രവിദഗ്ധർ തുടങ്ങിയവർ — പ്രതിമാസം 1,700 റൂബിൾസ് ശരാശരി വരുമാനം.

കർഷകരും തൊഴിലാളികളും — പ്രതിമാസം 650 റൂബിൾസ് മാത്രം.

അടിമകളുലിക്കാർ — വരുമാനമൊന്നുമില്ല.



റഷ്യയിലെ എല്ലാ ഭാഗത്തുനിന്നും കമ്മ്യൂണിസ്റ്റുദ്ധ്യാപകർ വിദ്യാർത്ഥികളെ, പവ്ലിക്കിന്റെ ഈ പ്രതിമയുടെ മുമ്പിൽ ആരാധന നടത്തുവാൻ കൊണ്ടുവരികപതിവാണ്.

കമ്മ്യൂണിസ്റ്റ് യുവമുന്നോടികൾ

കമ്മ്യൂണിസ്റ്റ് യുവാക്കളുടെ സംഘടനയാണ് "കോംസൊമോൾ" എന്നറിയപ്പെടുന്നത്. ഭാവിതലമുറയെ ബൂർഷ്വാപാരമ്പര്യത്തിൽ നിന്നു നിശ്ശേഷം വിമോചിച്ച് പൂർണ്ണ കമ്മ്യൂണിസ്റ്റ്കളാക്കി പരിശീലിപ്പിക്കയെന്നതാണ് കോംസൊമോളിന്റെ ലക്ഷ്യം. രണ്ടു തലമുറയായിട്ടും മനുഷ്യപ്രകൃതിയെ മാറ്റിയെടുക്കുവാൻ റഷ്യൻ സ്വേച്ഛാധിപതികൾക്കു സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല. കോംസൊമോൾ പത്രമായ 'കോംസൊമോൾസ്കയാ പ്രവദ'യിലെ ഒരു പ്രസ്താവന നോക്കുക: "കോംസൊമോൾ അംഗങ്ങൾ വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടുംകൂടി ഗവർമ്മെണ്ടിന്റെയും പബ്ലിക്കിന്റെയും താല്പര്യത്തെ പരിരക്ഷിക്കണം. കള്ളന്മാരും ചതിയന്മാരും മൂഷകന്മാരും പിൻതിരിപ്പൻമാരുമായ എല്ലാത്തരം ആളുകളേയും കണ്ടുപിടിച്ച് വെളിച്ചത്തുകൊണ്ടുവരുവാൻ ജാഗ്രതയോടെ പരിശ്രമിക്കണം." വാസ്തവത്തിൽ സ്റ്റേറിനും പാർട്ടിക്കും വേണ്ടി ചാരവൃത്തി നടത്തുന്നതിനു മാത്രമുള്ള ഒരു പരിശീലനമാണിത്. ഏറ്റവും അസാന്മാർഗ്ഗികമായി റഷ്യൻ ബാലന്മാരുടെയിടയിൽ നടപ്പിലിരിക്കുന്ന ഈ പ്രവർത്തനം പരമവീരകൃത്യമായിട്ടാണ് പ്രകീർത്തിക്കപ്പെടുന്നത്. ഈ പരിശീലന പരിപാടിയുടെ ഒരു ദൃഷ്ടാന്തമാണ്, കല്പിതമോ വാസ്തവികമോ ആയ, പവ്ലിക്ക് മൊറോസോവിന്റെ പ്രസിദ്ധകഥ.

പവ്ലിക്ക് യൂറാൽ പ്രദേശത്ത് ഒരു ദരിദ്രകൃഷീവലന്റെ പുത്രനായി ജനിച്ചു. കഥയനുസരിച്ച്, അവൻ യുവമുന്നോടികളിൽ വച്ച് വളരെ സമർത്ഥനായിരുന്നതുകൊണ്ട് സ്വന്തം ഗ്രൂപ്പിന്റെ പ്രസിഡണ്ടായിത്തീർന്നു. അക്കാലത്താണ് സ്റ്റാലിൻ, കൃഷിക്കാരിൽ നിന്ന് ധാന്യം പിടിച്ചെടുക്കാൻ കല്പന പുറപ്പെടുവിച്ചത്. ദരിദ്രനായ പവ്ലിക്കിന്റെ പിതാവ്, തന്റെ ധാന്യം മുഴുവൻ ഗവർമ്മെണ്ട് പിടിച്ചെടുത്താലുണ്ടാകുന്ന കുടുംബദാരിദ്ര്യ

ത്തെ ഭയന്നു് കുഞ്ഞുങ്ങളുടെ അരവയറെങ്കിലും നിറയ്ക്കാമല്ലോ എന്നു കരുതി വിളവിന്റെ അല്പഭാഗം മാറിവെച്ചു് ബാക്കിമാത്രം സർക്കാരിനെ ഏല്പിച്ചു. പട്ടിണികൊണ്ടുവലഞ്ഞിട്ടും പവ്ലിക്കിനു് ഇതു സഹിച്ചില്ല; പിതാവിനെ അവൻ ഒറ്റിക്കൊടുത്തു. അധികാരികൾ അദ്ദേഹത്തെ പിടിച്ചു് തടങ്കൽപ്പാളയത്തിൽ 10 കൊല്ലത്തെ തടവുശിക്ഷക്കു വിധിച്ചു. ഒരു ജനദ്രോഹി അങ്ങനെ നശിച്ചല്ലോ എന്നോർത്തു് പവ്ലിക്കു് കൃതാർത്ഥനായി.

സ്വന്തം പിതാവിനെ ഒറ്റിക്കൊടുത്ത ഈ പുത്രനെ കോംസൊമോൾ സംഘങ്ങൾ വീരനായ ഒരു സ്വരാജ്യസ്നേഹിയായി കരുതുന്നു. 1948-ൽ മോസ്ക്കോയിൽ ബാലന്മാർക്കായുള്ള ഉദ്യാനമദ്ധ്യത്തിൽ, പവ്ലിക്കിന്റെ ഓർമ്മക്കായി പണിയിച്ചിട്ടുള്ള, ഒരു പ്രതിമ അനാച്ഛാദനം ചെയ്തുകൊണ്ടു് പിതൃഘാതകനായ പവ്ലിക്കിനെ സോവിയറ്റു ബാലന്മാരുടെ മാതൃകാപുരുഷനാക്കുകയുണ്ടായി.

കുടുംബബന്ധത്തെ സംബന്ധിച്ചും മാതൃപിതൃപുത്രബന്ധത്തെ സംബന്ധിച്ചും കമ്മ്യൂണിസം പാലിച്ചുപോരുന്ന ആദർശത്തെയാണു് പവ്ലിക്കിന്റെ ചരിത്രം പ്രതിനിധാനം ചെയ്യുന്നതു്.



കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ നീതിപൂർവ്വവും ശാശ്വതവുമായ സമാധാനം

സോവിയറ്റ് റഷ്യ ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നു് അഖില ലോകവ്യാപകമായ പ്രചാരണം നടത്തുന്നുണ്ടു്. കമ്മ്യൂണിസ്റ്റ്കാരുടെ തന്ത്രപരമായ ഒരു പ്രചാരണമാണു് ഈ സമാധാനപ്രസ്ഥാനം. മുൻകാലചരിത്രം, 1939 ആഗസ്റ്റ് 23-ാംനു-സ്റ്റാലിനും ജർമ്മൻചാൻസലറായ ഹോൺ റിബ്ബൺട്രോപ്പും ക്രൂടി നാസി സോവിയറ്റ് അനാ ക്രമണ ഉടമ്പടിയിൽ ഒപ്പുവെയ്ക്കുന്ന രംഗമാണു്. പ്രസ്തുത ഉടമ്പടിമൂലമാണു്, ഹിറ്റ്ലർ പോളണ്ടിനെ ആക്രമിക്കുവാനിടയായതും, അങ്ങനെ രണ്ടാം ലോകമഹായുദ്ധത്തിനു് ആരംഭ മിട്ടതും. ഈ ഉടമ്പടിമൂലമാണു്, യു. എസ്സ്. എസ്സ്. ആർ-നു് കിഴക്കൻ യൂറോപ്പിലും ബാൾട്ടിക്രാജ്യങ്ങളിലും രാഷ്ട്രീയമായി സ്വാധീനമുള്ള മേഖലകളും സൃഷ്ടിക്കുകയും, റഷ്യയുടെ സാമ്രാജ്യമോഹം അതിനപ്പുറം ഇൻഡ്യൻ മഹാസമുദ്രത്തിലേയ്ക്കു് കേന്ദ്രീകരിക്കു ന്നുവെന്നു പ്രഖ്യാപിക്കുകയും ചെയ്തതു്. ഈ ഉടമ്പടിയുടെ തണലിലാണു്, യു. എസ്സ്. എസ്സ്. ആർ, പോളണ്ടു്, ഫിൻലണ്ടു്, ലിത്വേനിയ, ഈസ്റ്റോണിയാ, ലാറ്റ്വിയ, ബസ്സറാബിയാ, ഉത്തരബുക്കോവിനാ മുതലായ രാജ്യങ്ങളും ആക്രമിച്ചു കീഴടക്കിയതു്.

ഇന്നും കമ്മ്യൂണിസ്റ്റ്രാജ്യങ്ങളും സമാധാനം പ്രഖ്യാപിക്കുന്നുണ്ടു്. അതേസമയം റഷ്യ സൈനികശക്തി ക്രൂടതൽ ക്രൂടതൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ചൈന-ഇന്ത്യ ഉത്ത രാർത്തിയിൽ സംഘട്ടനം തുടങ്ങിക്കഴിഞ്ഞല്ലൊ. റഷ്യ തൽക്കാലം പഞ്ചശീലവും ഓതി ഖേദം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും 1939-ലെ അവളുടെ പ്രഖ്യാപനം, ഇൻഡ്യൻ മഹാസമു ദ്രത്തിലേയ്ക്കുള്ള സാമ്രാജ്യമോഹം, വിസ്മരിക്കത്തക്കതല്ല. സ്വതന്ത്രലോകവും ഇന്ത്യയും ജാഗ്രതാപൂർവ്വം വീക്ഷിച്ചു് പ്രവർത്തിക്കേണ്ട ഘട്ടമാണിതു്. പോളണ്ടിനെ ജർമ്മനി ആക്ര മിച്ച 1939-ലെ ചരിത്രം ഇവിടെയും ആവർത്തിച്ചേക്കാം. റഷ്യയും ചൈനയും ഇൻഡ്യൻ സ്വാതന്ത്ര്യത്തിനു് അത്യന്തം ആപൽക്കാരികളായ ഘടകങ്ങളാണു്.

അന്താരാഷ്ട്രീയ ഉടമ്പടികളേയും സ്വന്തം പ്രഖ്യാപനങ്ങളേയും റഷ്യ പാലിക്കുന്ന പാരമ്പര്യം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നു വ്യക്തമാകുന്നതാണു്.

ഉടമ്പടി	ആണ്ടു്	പാലിച്ച വിധം
ടർക്കി സോവിയറ്റ് അനാക്രമണ ഉടമ്പടി	1925	1945-ൽ സോവിയറ്റ് റഷ്യ ഈ ഉടമ്പടി നിരാകരിച്ചു.
അഫ്ഘാനിസ്ഥാൻ സോവിയറ്റ് അനാക്ര മണ ഉടമ്പടി	1926	1940-ൽ റഷ്യ അഫ്ഘാനിസ്ഥാന്റെ അന്ത ർവ്വാഹിനികളും ബലംപ്രയോഗിച്ചു് കൈവ ശപ്പെടുത്തി.
സോവിയറ്റ് ലിത്വേനിയ അനാക്ര മണസന്ധി	1926	1940-ൽ റഷ്യ ലിത്വേനിയ മുഴുവൻ ആക്ര മിച്ചു് കൈവശപ്പെടുത്തി.

ഇറാൻ സോവിയറ്റ് നിഷ്പക്ഷ ഉടമ്പടി	1927	ലോകമഹായുദ്ധാരംഭത്തിൽ ഇറാനിൽ പ്രവേശിച്ച സൈന്യത്തെ ഐക്യരാഷ്ട്രസമിതി നിർബ്ബന്ധിച്ചിട്ടുപോലും റഷ്യ പിൻവലിച്ചില്ല.
1928-ൽ റഷ്യ, യുദ്ധത്തെ അന്താരാഷ്ട്രമണ്ഡലത്തിൽനിന്നും ബഹിഷ്കരിക്കുന്ന കെല്ലോഗ് ബ്രിയാൻഡ് ഉടമ്പടിയിൽ ഒപ്പുവെച്ചു.	1928	1929-ൽ റഷ്യ, മഞ്ചൂറിയ ആക്രമിച്ചു റയിൽവേയും തുറമുഖതീരങ്ങളും കൈവശപ്പെടുത്തി.
ആ ആണ്ടിൽ ഈസ്റ്റോണിയ, ലാറ്റ്വിയ, പോളണ്ട്, റുമേനിയ എന്നീ അയൽരാജ്യങ്ങളുമായി യു. എസ്സ്. എസ്സ്. ആർ ഒരു യുദ്ധബഹിഷ്ക്കരണ ഉടമ്പടിയിൽ ഒപ്പുവെച്ചു.	1929	1939-ൽ റഷ്യ, പോളണ്ട് ആക്രമിച്ചു കീഴ്പ്പെടുത്തി 1940 ൽ ഈസ്റ്റോണിയയും ലാറ്റ്വിയയും ആക്രമിച്ചു റഷ്യയോടുചേർത്തു.
റഷ്യ-ഫിൻലൻഡ് അനാക്രമണ ഉടമ്പടി	1932	1939-ൽ റഷ്യൻസൈന്യം ഫിൻലണ്ട് ആക്രമിച്ചു കീഴടക്കി.
റഷ്യ-ഈസ്റ്റോണിയ അനാക്രമണ സന്ധി	1932	1940-ൽ റഷ്യ ഈസ്റ്റോണിയ ആക്രമിച്ചു റഷ്യയോടു കൂട്ടിച്ചേർത്തു.
ലാറ്റ്വിയ-സോവിയറ്റ് അനാക്രമണ സന്ധി	1932	യു. എസ്സ്. എസ്സ്. ആർ 1940-ൽ ലാറ്റ്വിയ ആക്രമിച്ചു റഷ്യയുടെ ഭാഗമാക്കി.
പോളണ്ട് സോവിയറ്റ് അനാക്രമണ സന്ധി	1932	1939-ൽ റഷ്യ കിഴക്കൻ പോളണ്ട് ആക്രമിച്ചു റഷ്യയോടു കൂട്ടിച്ചേർത്തു.
ഫിൻലൻഡ്, ടർക്കി, യുഗോസ്ലോവിയ എന്നീ രാജ്യങ്ങളുമായി യു.എസ്സ്.എസ്സ്. ആർ. അനാക്രമണ കൂട്ടുസന്ധിയിലേർപ്പെട്ടു.	1933	യു. എസ്സ്. എസ്സ്. ആർ. 1939-ൽ ഫിൻലൻഡ് ആക്രമിച്ചു; 1941-ൽ യുഗോസ്ലോവിയയുമായുള്ള രാഷ്ട്രീയബന്ധം വിച്ഛേദിച്ചു; 1945-ൽ ടർക്കിയുമായുള്ള ഉടമ്പടി നിരാകരിച്ചു.
സോവിയറ്റ്റഷ്യ, ഫ്രാൻസ്, ചെക്കോസ്ലോവാക്യാ എന്നീ മൂന്നു രാജ്യങ്ങളും ചേർന്ന് പരസ്പരം സംരക്ഷണ ഉടമ്പടി ഉണ്ടാക്കി.	1935	1939-ൽ ഹിറ്റ്ലർ ചെക്കോസ്ലോവാക്യാ ആക്രമിച്ചപ്പോൾ റഷ്യ, ചെക്കോസ്ലോവാക്യായെ സഹായിച്ചില്ലെന്നു മാത്രമല്ല, ഹിറ്റ്ലറെ സഹായിക്കയും ചെയ്തു
യു. എസ്സ്. എസ്സ്. ആറും ബഹിർമങ്കോളിയയും ചേർന്ന് ഉടമ്പടിയിലേർപ്പെട്ടു.	1936	ഈ ഉടമ്പടിയുടെ മറവിൽ റഷ്യൻ കമ്മ്യൂണിസ്റ്റ്കാർ മങ്കോളിയയിലെ എല്ലാകേന്ദ്രങ്ങളിലും നുഴഞ്ഞുകയറി. 1945 ആയപ്പോഴേയ്ക്കും മങ്കോളിയയുടെ സ്വയംഭരണാവകാശം കൂടി നഷ്ടപ്പെട്ടു.
സ്പെയിനിന്റെ ആഭ്യന്തരയുദ്ധത്തിൽ അന്യരാജ്യങ്ങൾ കൈകടത്തുകയില്ലെന്നുള്ള സർവ്വരാജ്യസഖ്യ ഉടമ്പടിപ്രകാരം നിയമിച്ച കമ്മിറ്റിയിൽ റഷ്യ ഒരംഗമായിച്ചേർന്നു.	1936	അക്കൊല്ലംതന്നെ സ്പെയിനിലെ കമ്മ്യൂണിസ്റ്റുകാർക്ക് ആവശ്യമായ യുദ്ധോപകരണങ്ങളും സാമ്പത്തിക സഹായങ്ങളും റഷ്യ നൽകുകയുണ്ടായി.

ചൈന റഷ്യ അനാക്രമണ ഉടമ്പടി	1937	1945-ൽ റഷ്യൻ സൈന്യം മഞ്ചൂറിയായിൽ പ്രവേശിച്ച് എല്ലാ വ്യവസായശാലകളും സാമഗ്രികളും കൊള്ളചെയ്ത കൈവശപ്പെടുത്തി.
ലിത്വേനിയ റഷ്യ സൈനിക ഉടമ്പടി	1939	1940-ൽ റഷ്യ, ലിത്വേനിയ ആക്രമിച്ച് സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു.
യുഗോസ്ലോവിയ സോവിയറ്റ് അനാക്രമണസന്ധി	1941	ഒരു മാസത്തിനുള്ളിൽ യുഗോസ്ലോവിയയുമായുള്ള എല്ലാ രാഷ്ട്രീയബന്ധങ്ങളും വിച്ഛേദിച്ചു.
ഹിറ്റ്ലർ പോളണ്ട് ആക്രമിച്ച പിടിച്ച ശേഷം ഓടിപ്പോയി ലണ്ടനിൽ സ്ഥാപിച്ച പോളിഷ് ഗവർമ്മെണ്ടുമായി റഷ്യ സൈനിക സഖ്യത്തിലേപ്പെട്ടു.	1942	1943-ൽ റഷ്യ ഈ ഉടമ്പടി ലംഘിച്ച് റഷ്യയുടെ കീഴിൽ സംഘടിപ്പിച്ച ലൂബ്ലിൻഗവർമ്മെണ്ടിനെ പിൻതാങ്ങി.
ഇറാൻ, ഇംഗ്ലണ്ട്, സോവിയറ്റ് സൈനികസഖ്യം	1942	റഷ്യ ഈ ഉടമ്പടി ലംഘിച്ചു; ലോകമഹായുദ്ധം കഴിഞ്ഞിട്ടും ഇറാനിൽനിന്നു റഷ്യൻ സൈന്യത്തെ പിൻവലിച്ചില്ല.
ചെക്കോസ്ലോവാക്യയും സോവിയറ്റും ചേർന്ന് സൈനിക ഉടമ്പടി	1943	1948-ൽ റഷ്യ സംഘടിപ്പിച്ച ഒരു വിപ്ലവം മൂലം ചെക്കോസ്ലോവാക്യാ റഷ്യയുടെ ഉപഗ്രഹമായി.
ചൈന സോവിയറ്റ് സൈനികസഖ്യം	1945	ഈ സൈനികഉടമ്പടി നിലവിലിരിക്കെത്തന്നെ റഷ്യ, കമ്മ്യൂണിസ്റ്റ് വിപ്ലവസേനയ്ക്കു വേണ്ട യുദ്ധസാമഗ്രികളും നൽകിക്കൊണ്ടിരുന്നു.
യുഗോസ്ലോവിയ സോവിയറ്റ് സഖ്യം	1945	1949-ൽ റഷ്യ ഈ സഖ്യം നിരാകരിച്ചു.
പോളണ്ട് സോവിയറ്റ് സൈനികസഖ്യം	1945	1947-ൽ റഷ്യൻ സഹായത്തോടുകൂടി അവിടത്തെ കമ്മ്യൂണിസ്റ്റുകാർ പോളണ്ടിനെ ഏറ്റെടുക്കുകയും, ഒരു റഷ്യൻ പാവഗവർമ്മെണ്ടിനെ ഏർപ്പെടുത്തുകയും ചെയ്തു.


"ജനകീയ" ജനാധിപത്യങ്ങൾ

കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളെല്ലാം ജനകീയ ജനാധിപത്യങ്ങൾ എന്നാണ് സ്വയം വിളിക്കുന്നത്. ഇതു്, ഏകാധിപത്യത്തിന്റെ കയ്പുനിറഞ്ഞ വശം സാധാരണ ജനങ്ങളിൽ നിന്നും മറച്ചുവെക്കാനായിരിക്കാം.

രണ്ടാം ലോകമഹായുദ്ധാനന്തരം സോവിയറ്റ് യൂണിയൻ പൂർവ്വയൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ സ്വന്തം ശക്തി കെട്ടിയുറപ്പിക്കുകയായിരുന്നു. യുദ്ധത്തിൽ നാസികളിൽ നിന്നു് വിമുക്തമായ ഈ രാജ്യങ്ങളിലെല്ലാം റഷ്യ സ്വന്തം പാവഗവർമ്മെണ്ടുകളെ സ്ഥാപിച്ചു. ഈ രാജ്യങ്ങളോടുള്ള റഷ്യൻനയം ശരിക്കു വീക്ഷിച്ചാൽ അതു് മനുഷ്യോചിതമായ സാഹോദര്യ മനോഭാവത്താൽ പ്രേരിതമല്ലെന്നു തീർത്തും വ്യക്തമാണ്; മറിച്ചു്, അതു് റഷ്യയുടെ സാമ്രാജ്യവിപുലീകരണ ദുർമ്മോഹത്തിന്റെയും, ഈ രാജ്യങ്ങളെ ക്രൂരമായി മൃഷണം


ചെയ്തു് തകർന്നുപോയ, റഷ്യയുടെ, ആഭ്യന്തരസാമ്പത്തിക സ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനുള്ള വ്യഗ്രതയുടേയും പ്രകാശനം മാത്രമാണെന്നു മനസ്സിലാകും.

യുദ്ധാനന്തരം ആദ്യമായിത്തന്നെ റഷ്യ ഈ രാജ്യങ്ങളെ കൊള്ളചെയ്യുവാൻ ആരംഭിച്ചു. പോളണ്ടിൽനിന്നു് 50 കോടി ഡോളർ വിലപ്പിടിപ്പുള്ള യന്ത്രസാമഗ്രികളും കന്നുകാലി ഉൽപ്പന്നങ്ങളും റഷ്യയിലേയ്ക്കു കടത്തി. ഹങ്കറിയിൽനിന്നു് 240 ലക്ഷം ഡോളർ വിലവരുന്ന കന്നുകാലികളും ഭക്ഷ്യധാന്യങ്ങളും പണവും പല ഫാക്ടറികളുമെന്നതിനെയും റഷ്യയിലേയ്ക്കു കൊണ്ടുപോയി. മാറാൻ പാടില്ലാത്ത പല ഫാക്ടറികളും ധാതുവസ്തുക്കളും കണ്ടുകെട്ടുകയും ചെയ്തു.



സോവിയറ്റുഭടന്മാർ മഞ്ചൂറിയായിലെ ഫാക്ടറികളും പൊളിച്ചുനീക്കുന്നു. എസ്സ്. എസ്സ്. ആർ-ലേയ്ക്കു് കയറ്റി അയയ്ക്കുന്ന യുദ്ധനഷ്ടപരിഹാരത്തിന്റെ പേരിൽ കിഴക്കൻ യൂറോപ്പിലെ ഏറ്റവും ബൃഹത്തായ വ്യവസായശാലകളും സമൂലം പൊളിച്ചു് റഷ്യയിലേയ്ക്കു മാറ്റുകയുണ്ടായി. അങ്ങനെ ആ രാജ്യങ്ങളുടെ സാമ്പത്തികസ്ഥിതി നിശ്ശേഷം തകർത്തു.

റഷ്യക്കധീനമായ ഉപഗ്രഹരാജ്യങ്ങളിലെ വ്യവസായങ്ങളൊക്കെ റഷ്യയുടെ ഘനവ്യവസായാവശ്യങ്ങളും നിറവേറ്റുവാൻ മാത്രമായി രൂപാന്തരപ്പെടുത്തി. സ്വന്തം ജനങ്ങൾക്കു് ആവശ്യംവേണ്ട നിത്യോപയോഗസാധനങ്ങളും നിർമ്മിക്കുവാൻ അവർക്കു വാദമില്ല. അവിടത്തെ തൊഴിലാളികളുടെ ഒരിതം ദുർവ്വഹമാണു് ഈ ചിത്രത്തിൽ, ഒരു പോളിഷ് തൊഴിലാളിക്കുടുംബം, താമസത്തിനു സ്ഥലമില്ലായ്മയാൽ വാഴ്സോയിലെ ഒരു ഫാക്ടറിയുടെ മണ്ണിനു കീഴിലുള്ള നിലവറയിൽ ശരണം പ്രാപിക്കുകയാണു്.



രണ്ടാമതായി, ഈ രാജ്യങ്ങൾ എക്കാലവും റഷ്യയുടെ പൂർണ്ണനിയന്ത്രണത്തിലായിരിക്കണമെന്നുള്ള ലക്ഷ്യത്തോടെ അവിടങ്ങളിലെ സർവ്വ ഭരണാധികാരവും രാഷ്ട്രീയവകാശങ്ങളും ഒന്നോ രണ്ടോ സേച്ഛാധിപതികളിൽ കേന്ദ്രീകരിച്ചു. ഇതാണല്ലൊ കമ്മ്യൂണിസ്റ്റ് മോഡൽ. ഇത്തരം സേച്ഛാധിപതികളെ മോസ്ക്കോ നേരിട്ട് കർശനമായി നിയന്ത്രിക്കുകയും അങ്ങനെ രാജ്യമാസകലം റഷ്യൻ നിയന്ത്രണത്തിലായിത്തീരുകയും ചെയ്യുന്നു. അതിനുംപുറമെ, മർമ്മപ്രധാനങ്ങളായ എല്ലാ ഉദ്യോഗസ്ഥാനങ്ങളിലും റഷ്യക്കാരെ കയറ്റി നിറക്കുകയും ചെയ്യും. ദൃഷ്ടാന്തമായി, പോളണ്ടിലെ സർവ്വസൈന്യാധിപൻ റഷ്യൻ ജനറലായ റോസ്സ്ക്കോവിസ്ക്കിയാണു്. അദ്ദേഹം രാജ്യത്തെ ഉപപ്രധാനമന്ത്രിയുംകൂടിയാണു് ഇതുകൊണ്ടൊക്കെത്തന്നെയാണു് കമ്മ്യൂണിസ്റ്റധീന രാജ്യങ്ങളെ റഷ്യയുടെ ഉപഗ്രഹങ്ങളെന്നു് വിളിക്കുന്നതു്.

മൂന്നാമതായി, പ്രസ്തുത രാജ്യങ്ങളിലെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനുള്ള ഉപാധിയായി ജോയിന്റ് സ്റ്റോക്ക് കമ്പനികൾ സംഘടിപ്പിച്ചു. പ്രഥമദൃഷ്ട്യാ ഇതു് നീതിപൂർവ്വമായ ഒരു പങ്കാളിത്തമെന്നു തോന്നാം; പക്ഷെ, ചൂഷണത്തിനു് ഇതിലും മെച്ചമായ മറെറാരു മാർഗ്ഗം കാണുമോ എന്നു സംശയമാണു്. ഈ കമ്പനികളിൽ അധീശരാജ്യത്തിനും റഷ്യയ്ക്കും ഒരുപോലെ മൂലധനം മുടക്കുണ്ടെന്നാണു് ഭാവം. പക്ഷെ റഷ്യയുടെ വീതം, ആ രാജ്യത്തുനിന്നു് നഷ്ടപരിഹാരമായി അവകാശപ്പെട്ട തട്ടിയ ഫാക്ടറി സാമഗ്രികളും കെട്ടിടങ്ങളും മാത്രമാണു്. തദ്ദേശഗവൺമെണ്ടിന്റെ മുതൽമുടക്കോ, തൊഴിൽക്കാരും, അവരുടെ ഉല്പാദനശ്രമവും, പണവും, ധാതുക്കളും, മറവ് അസംസ്കൃത വസ്തുക്കളുമത്രെ. ഈ ഫാക്ടറികളുടെ മാനേജർമാരും വിദഗ്ധന്മാരും റഷ്യക്കാർതന്നെ. ഫാക്ടറി ആരംഭിക്കുമ്പോൾത്തന്നെ അവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടേയും മറവും കണക്കെടുത്തു് റഷ്യയുടെ ലാഭവീതം നിശ്ചയിക്കുകയും, ആ ലാഭവീതം ഉല്പാദനവിഭവങ്ങളായി റഷ്യയിലേയ്ക്കു കൈമാറുകയും ചെയ്യും. ബാക്കി വല്ലതുമുണ്ടെങ്കിൽ അതുകൊണ്ടു് ക്രൂലിക്കാരുടെ ക്രൂലി, ഫാക്ടറി നടത്തിപ്പിനുള്ള ചിലവു് മുതലായവ വഹിക്കുകയും ചെയ്യുന്നു. അവസാനം തദ്ദേശഗവൺമെണ്ടിനു ലഭിക്കുന്ന ലാഭവീതമോ, വളരെയധികം തദ്ദേശതൊഴിലാളികൾ അദ്ധ്വപട്ടിണി സഹിച്ചുകൊണ്ടു് റഷ്യയ്ക്കുവേണ്ടി അടിമജോലി ചെയ്തുവെന്ന കൃതാർത്ഥതമാത്രം.

പ്രസ്തുത കമ്പനികളിൽനിന്നുള്ള, യുഗോസ്ലോവിയയുടെ അനുഭവം ടിറേറാ വിവരിക്കുന്നുണ്ടു്: "....സോവിയറൂമേധാവികൾ ഞങ്ങൾക്കു് ഒരു കരാർ തന്നു. അതിൽ ഞങ്ങളുടെ രാജ്യത്തു് ഉല്പാദിപ്പിക്കുന്ന എണ്ണയ്ക്കു് വില കണക്കാക്കിയിരുന്നില്ല. എണ്ണ ഭൂമിയിൽ നിന്നുണ്ടാകുന്നതാകയാൽ അതിനു വിലയില്ലെന്നുള്ളതായിരുന്നു, അതിനവർ ഉന്നയിച്ച ന്യായം. കമ്പനിയിലെ ഞങ്ങളുടെ വീതം മൂലധനം കെട്ടിടങ്ങളും സാമഗ്രികളും വേലയും പണവുമായി മുടക്കേണ്ടിവന്നു. ഉല്പാദിപ്പിക്കുന്ന എണ്ണയിൽനിന്നു് ആദ്യമായി റഷ്യയ്ക്കാവശ്യമുള്ളിടത്തോളം അവർ നിശ്ചയിക്കുന്ന വിലയ്ക്കു് കയറ്റി അയയ്ക്കും. ബാക്കി വല്ലതുമുണ്ടെങ്കിൽമാത്രം അതു ഞങ്ങൾ മുടക്കിയ പണത്തിന്റെയും ചെയ്ത ജോലിയുടേയും വീതമായി ഞങ്ങൾക്കെടുക്കാം." (തൊഴിലാളിവർഗ്ഗത്തെ ചൂഷണംചെയ്യുന്ന കേരളാചെത്തുതൊഴിലാളി സഹകരണസംഘങ്ങൾപോലെ.)

നാലാമത്തെ ചൂഷണമാർഗ്ഗം ഇരുരാജ്യങ്ങളും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള വ്യാപാര ഉടമ്പടികളാണു്. ഇവയെല്ലാം സോവിയറൂയൂണിയന്റെ ഏക ഗുണത്തിനുവേണ്ടി മാത്രം


ഉണ്ടാക്കുന്നവയാണു്. പാവഗവമ്മെണ്ടുകൾക്കു് പ്രതിഷേധിക്കുന്നതിനു് യാതൊരു മാർഗ്ഗവുമില്ല. ദൃഷ്ടാന്തമായി, പോളണ്ടു് അവിടെ ഉല്പാദിപ്പിക്കുന്ന കല്ക്കരി മുഴുവനും, പുറമെ ടൺ ഒന്നിനു് 12 ഡോളർ വിലയുണ്ടായിരുന്നപ്പോൾ, റഷ്യയ്ക്കു് $1\frac{1}{4}$ ഡോളർ വിലയ്ക്കു കൊടുത്തുകൊള്ളാമെന്നു് കരാർ ചെയ്തു. ഇതൊരു പഞ്ചവത്സരകരാറായിരുന്നു. അതുപോലെതന്നെ ഫങ്കറി, അവക്കാവശ്യമില്ലാത്തതും പുറമേ കയറ്റി അയപ്പാൻ അസാദ്ധ്യമായതുമായ റഷ്യൻ പുകയില ഒരു വലിയ വിലയ്ക്കു അഞ്ചുകൊല്ലത്തേയ്ക്കു് വാങ്ങിക്കൊള്ളണമെന്നു് ഒരു ഉടമ്പടിയുണ്ടാക്കുവാൻ നിർബ്ബന്ധിക്കപ്പെട്ടു. 1947-ൽ ചെക്കോസ്ലോവാക്യായിൽ ഒരു ധാന്യക്ഷാമമുണ്ടായപ്പോൾ അമേരിക്ക, ഒരു ബുഷൽ (8 ഗാലൺ) ഗോതമ്പു് 2 ഡോളർ വിലക്കു കൊടുക്കാമെന്നു സമ്മതിച്ചു. പക്ഷെ, ചെക്കോസ്ലോവാക്യാ അതു് ഉപേക്ഷിക്കുവാനും, മറിച്ചു്, റഷ്യൻഗോതമ്പു് ബുഷൽ ഒന്നിക്കു് $2\frac{1}{2}$ ഡോളർ വിലയ്ക്കു വാങ്ങുവാനും നിർബ്ബന്ധിതമായി.

ഈവക മൂഷണത്തിന്റെ നിർഭാഗ്യഫലം തദ്ദേശവാസികൾക്കു് ഭയങ്കരകഷ്ടപ്പാടുകൾതന്നെ വരുത്തിവെച്ചു. ഈ രാജ്യങ്ങളിലെ വ്യവസായങ്ങളെല്ലാം അവിടേയ്ക്കാവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ നിർമ്മിക്കുന്നതിനുപകരം റഷ്യയുടെ ആവശ്യത്തിനു മാത്രമുള്ള ഘനവ്യവസായസാമഗ്രികൾ ഉണ്ടാക്കുവാനായി തിരിച്ചുവിട്ടു. യൂറോപ്പിലെ ധാന്യകലവറയെന്നു് അറിയപ്പെട്ടിരുന്ന ഈ രാജ്യങ്ങളിൽ ക്ഷാമവും ദാരിദ്ര്യവും നടമാടുകയാണു്. ഇവിടുത്തെ തൊഴിലാളികളെല്ലാം സോവിയറ്റു് റഷ്യയുടെ തനതാവശ്യം നിറവേറ്റുവാൻ എല്ലുമുറിയെ പണിയെടുക്കുകയും കഷ്ടിച്ചു് ജീവിക്കുവാൻ മാത്രമുള്ള വേതനം സ്വീകരിക്കയും ചെയ്യേണ്ടിവരുന്നു. കർഷകർ അവരുടെ നിലംപുരയിടങ്ങൾ വിട്ടു് കൂട്ടുകൃഷിസ്ഥലങ്ങളിൽ വിയത്തൊലിച്ചു് നിരന്തരമായി പണിയെടുത്തു് നരകിച്ചുമരിക്കുന്നു. രാജ്യത്തെ സമ്പത്തുവിഭവങ്ങളും റഷ്യയിലേക്കു തുത്തടിച്ചു കയറ്റിക്കൊണ്ടു പോകുന്നതുനിമിത്തം അവിടത്തെ ജനങ്ങളെല്ലാം നഗ്നമായ ദാരിദ്ര്യത്തിൽ നട്ടംതിരിയുകയാണു്.

ഭൂമിയെല്ലാം കർഷകനു്

കർഷകനോടുചെയ്ത വൻചതിയിലാണു് കമ്മ്യൂണിസത്തിന്റെ കൊടുംവഞ്ചന നഗ്നമായി പ്രത്യക്ഷപ്പെടുന്നതു്. നൂറ്റാണ്ടുകളായി ഏരിഞ്ഞുകൊണ്ടിരുന്ന കർഷകന്റെ ഭൂമിദാഹം ശമിപ്പിക്കാമെന്നായിരുന്നല്ലൊ അവനോടുചെയ്ത വാഗ്ദാനം. പക്ഷെ, കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്നപ്പോൾ കർഷകനോടെന്താണു ചെയ്തതു്. അവനുണ്ടായിരുന്ന അല്പസല്പഭൂമിയുംകൂടി പിടിച്ചെടുത്തു് കൂട്ടുകൃഷിത്തോവളങ്ങളിൽ അടിമകളായി അവരെ പാപ്പിക്കയത്രെ റഷ്യയിൽ ചെയ്തതു്. മിക്ക ഉപഗ്രഹരാജ്യങ്ങളിലേയും സ്ഥിതി ഇതുതന്നെയാണു്. 40 കോടിയോളം വരുന്ന ചൈനയിലെ ഇന്നത്തെ ചെറുകിട കർഷകരെല്ലാം ഇതു മനസ്സിലാക്കി വരുന്നതേയുള്ളു.

സൺ-യാറ്റ്-സെന്നിന്റെ ത്രിവിധ സൂത്രങ്ങളിലൊന്നു് "കൃഷിചെയ്യുന്നവനു് ഭൂമി" എന്നായിരുന്നു. പക്ഷെ, ജനകീയ വിപ്ലവം വളർന്നു് 25 കൊല്ലത്തിനകം കമ്മ്യൂണിസ്റ്റുകാർ അധികാരം പിടിച്ചെടുത്തു. അതോടെ സൺ-യാറ്റ്-സെന്നിന്റെ സൂത്രത്രയങ്ങൾ കാറ്റിൽ പറത്തുകയും പകരം തൽസ്ഥാനത്തു് മാക്സ്സിസ്റ്റു് സിദ്ധാന്തങ്ങൾ സ്ഥാപിക്കയും



ചൈനയിലെ ജനാധിപത്യ ജനയിതാവായ ഡോ സൺ-യാറ്റ്-സെൻ ഇദ്ദേഹത്തിന്റെ പേർ മൃഷ്ണം ചെയ്താണ് കമ്മ്യൂണിസ്റ്റ്കാർ പ്രചാരണമാരംഭിച്ചത്.




കമ്മ്യൂണിസ്റ്റ് യുവപട്ടാളക്കാർ ഗ്രാമങ്ങളിൽച്ചെന്ന് ചെറുകിട ഉടമസ്ഥന്മാരുടെ ആധാരങ്ങളും മറ്റു വസ്തുവകകളുടെ റിക്കാർട്ടുകളും പിടിച്ചെടുത്ത് തീകൊളുത്തി നശിപ്പിക്കുകയും പ്രതിഷേധിക്കുന്നവരെ മർദ്ദിക്കുകയും കൊല്ലുകയുംചെയ്യുകയും..

ചെയ്തു. ഏറ്റവും അടുത്തു ലഭിച്ച കണക്കനുസരിച്ച് ചൈനയിലെ ഭൂപരിഷ്കരണ നിയമം 28 കോടി 50 ലക്ഷം ചെറുകിട കർഷകരെ ബാധിച്ചിട്ടുണ്ടെന്നറിയുന്നു. ഈ ഭൂവിപ്ലവത്തിന്റെ ഫലമായി 15 ലക്ഷത്തിലധികം പാവപ്പെട്ട കർഷകർ വധിക്കപ്പെടുകയും 4 കോടിയോളംവരുന്ന മൃഷകരെന്നു പറയപ്പെടുന്ന ചെറുകിട ഭൂവുടമസ്ഥന്മാരുടെ തുണ്ടുഭൂമികൾ കണ്ടുകെട്ടപ്പെടുകയും ചെയ്തു. ഇതിൽനിന്ന് കർഷകർക്കും രാജ്യത്തിനും വന്നുചേർന്ന സാമ്പത്തിക നഷ്ടം എണ്ണിയാലൊടുങ്ങാത്തവിധം അത്ര സീമാതീതമാണ്.

ചൈനയിലെ ജനങ്ങളെ കമ്മ്യൂണിസ്റ്റ്മോഡലിൽ വാർത്തെടുക്കാൻ അവിടത്തെ ഭരണകൂടം സർവ്വവിധ തന്ത്രങ്ങളും അവലംബിക്കുന്നുണ്ട്. മദ്ധ്യവർത്തികളെ കൊന്നൊടുക്കി; കുടുംബബന്ധത്തെ ശിഥിലമാക്കി; സർവ്വവിധ ഗ്രാമീണ പാരമ്പര്യങ്ങളും സ്ഥാപനങ്ങളും തകർത്തു; എല്ലാ മതാചാരങ്ങളും നിരോധിക്കയും അതിനെ ആക്രമിക്കയും ചെയ്തു.


കൃഷിസ്ഥലങ്ങളെല്ലാം ഗവർമ്മെണ്ട് കണ്ടുകെട്ടിയശേഷം കുടുംബശിഥിലീകരണത്തിനു പറ്റിയ മാർഗ്ഗമായി ചൈനയിൽ ഒരു ഭൂവിതരണം ആരംഭിച്ചു. പ്രായം കൂടിയ ഓരോ വ്യക്തിക്കും, സ്ത്രീപുരുഷഭേദം കൂടാതെ, ഭൂമി ഒരുപോലെ വീതിച്ചു. ഓരോരുത്തർക്കും കിട്ടിയതു് അര ഏക്കറിൽ കുറവായിരുന്നു. ഇത്ര കുറച്ചു ഭൂമിയിൽ എങ്ങനെ കൃഷി ചെയ്യാനാണു്. പോരെങ്കിൽ, ഭർത്താവിനു കിട്ടിയ ഭൂമിയിൽനിന്നു് അനേകം മൈൽ അകലെ




അജ്ഞരും ദരിദ്രരുമായ മറ്റനേകം തൊഴിലാളികളെ വിളിച്ചുകൂട്ടി ഭൂമി മുഴുവൻ അവർക്കു വിതരണം ചെയ്യുന്നതാണെന്നു് വ്യാജപ്രസ്താവന നടത്തുകയും ചെയ്യുന്നു.

യാണു് ഭാവ്യയ്ക്കു് കിട്ടിയതു്; അതിനും വളരെയകലെയായി പുത്രനും കിട്ടി തന്മൂലം ഒരു കുടുംബമായി ഒരുമിച്ചു ജീവിച്ചു് കൃഷിനടത്താൻ നിവൃത്തിയില്ലെന്നായി. ഇതിന്റെയെല്ലാം ലാക്കു് ഒന്നുമാത്രമായിരുന്നു. തീരെ ചെറിയ തുണ്ടുകളായി കൃഷിഭൂമികളെല്ലാം പ്രയോജനരഹിതമായിപ്പോയതിനാലും കൃഷി ചെയ്യണമെങ്കിൽത്തന്നെ കുടുംബബന്ധം ഉപേക്ഷിക്കേണ്ടിവരുന്നതുകൊണ്ടും, കർഷകരെല്ലാം യാതൊരു പ്രതിഷേധവും എതിർപ്പും കൂടാതെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിനിയന്ത്രിതമായ സഹകരണസംഘത്തിലേയ്ക്കു ഒഴുകിവരുമെന്നായിരുന്നു കമ്മ്യൂണിസ്റ്റ്കാർ ആശിച്ചതു്. പക്ഷെ, കർഷകന്റെ വ്യക്തിത്വം അവരുടെ ആ ലാക്കിനെ സഫലീഭവിപ്പിച്ചില്ല. ഉപയോഗപ്രദമല്ലെങ്കിലും, അവൻ പട്ടിണികിടന്നും സ്വന്തം ഭൂമി കൈവിടുവാൻ വിസമ്മതിച്ചു.

കൊറിയായുദ്ധത്തോടുകൂടി ചൈനയിൽ കാര്യങ്ങൾ കൂടുതൽ വിഷമകരമായി. സൈനികാവശ്യത്തിനു കൂടുതൽ ധാന്യം വേണ്ടിവന്നു. തന്മൂലം കരം കൂട്ടുവാനും നിർബ്ബന്ധിത ധാന്യശേഖരം നടത്തുവാനും ഗവമ്മെണ്ടു് ആരംഭമിട്ടു. ഈ കരവർദ്ധനവും നിർബ്ബന്ധിത ധാന്യശേഖരവും കൂടിയപ്പോൾ, കർഷകൻ, അവൻ ഉല്പാദിപ്പിക്കുന്നതിൽ കവിഞ്ഞ ധാന്യം ഗവമ്മേണ്ടിനു കൊടുക്കേണ്ടിവന്നു. കർഷകന്റെ എതിർപ്പു് ശക്തിപ്പെടുവരുന്നതുകണ്ടു് 1957-ൽ കമ്മ്യൂണിസ്റ്റ്ചൈന കൂട്ടുകൃഷിപ്രസ്ഥാനം ത്വരിതപ്പെടുത്തി. ഇതിന്റെ ആദ്യനടപടി, കർഷക സഹകരണ സമാജങ്ങൾ സൃഷ്ടിക്കുകയായിരുന്നു. ഇതിനു് കർഷകർ, താല്ക്കാലികമായി അവരുടെ കൃഷിയായുധങ്ങൾ, വിത്തു്, മൃഗങ്ങൾ മുതലായവയെ



ഭയവിഹ്വലരായിത്തീർന്ന കർഷകർ, പുതിയ ഗവമ്മെണ്ടിനെ താങ്ങിക്കൊള്ളാമെന്നും, ഉല്പാദനവിഭവങ്ങളിൽ ഗവമ്മെണ്ട് നിശ്ചയിക്കുന്ന വീതം സക്കാരിനു കൊടുത്തുകൊള്ളാമെന്നും, സമ്മതിച്ചപ്പോൾ അവർക്കു കൃഷിസ്ഥലം നിശ്ചയിച്ചുകൊടുക്കുന്ന രംഗം.



കൃഷിസ്ഥലങ്ങൾ വീതിച്ചപ്പോൾ, പലയിടത്തും, ഒരു കുടുംബത്തിലെ അംഗങ്ങൾക്കു ലഭിച്ച തുണ്ടുഭൂമികൾ തമ്മിൽ അനേകം നാഴിക ദൂരെയായി തന്മൂലം ഒരുമിച്ചു കൃഷിചെയ്യാൻ നിവൃത്തിയില്ലാതെ കുഴങ്ങിയ കർഷകകുടുംബങ്ങളെ പാർട്ടി പുതുതായി സൃഷ്ടിച്ച കർഷകസഹകരണസംഘങ്ങളിൽച്ചേർത്തു് അവരുടെ വിത്തും പണിയായുധങ്ങളും സംഘത്തിനു കൊടുപ്പാൻ പാർട്ടി മെമ്പർമാർ നിർബ്ബന്ധിച്ചുപദേശിക്കുന്നു.



പക്ഷേ പിന്നീടാണ് കഷ്കനു മനസ്സിലായതു്, അവൻ ഒരു കൂട്ടുകൃഷിസ്ഥലത്തെ അടിമത്തൊഴിലാളിയായി പരിവർത്തനംചെയ്യപ്പെടുകയാണെന്നു്.


സമാജത്തിനു വിട്ടുകൊടുത്തു് പൊതുവായി കൃഷിനടത്തുക എന്നതായിരുന്നു നിശ്ചയം. എല്ലാ സമാജങ്ങളും പാർട്ടിമെമ്പർമാരാൽ നിയന്ത്രിതമായിരുന്നു. അവരുടെ പ്രേരണയാലും അധികാരത്താലും, താല്ക്കാലികമായി മാത്രം വിട്ടുകൊടുത്തതു് ശാശ്വതമാക്കിത്തീർക്കുകയും അങ്ങനെ കർഷകൻ അവസാനം കൂട്ടുകൃഷിത്തോട്ടങ്ങളിലെ വെറും അടിമക്കൂലിക്കാരായിത്തീർന്നു. ഈ അനുഭവം നിമിത്തമാണു്, ചൈനയിലെ പാർട്ടിതന്ത്രം പഠിച്ചിട്ടുള്ള ഇൻഡ്യയിലെ ബഹുസഹസ്രം ജനങ്ങളും ഗവമ്മെണ്ടിനാലോ ഭരണപാർട്ടിയാലൊ നിയന്ത്രിതമായ കർഷക സഹകരണപ്രസ്ഥാനത്തെയും അതിനനുകൂലമായ ഭ്രവിതരണസമ്പ്രദായത്തെയും എതിർക്കുന്നതു്.

ഏതൊരു രാജ്യത്തും സേച്ഛാധിപതികൾക്കു് സ്വതന്ത്രകർഷകരെന്നുകേട്ടാൽ സഹിച്ചുകൂടാ. അങ്ങനെയുള്ള സ്വതന്ത്രകർഷകർ ഭരണകൂടത്തിന്റെ കേന്ദ്രാധികാരത്തിനു് ഒരു വിപത്താണെന്നാണു് വയ്പു്; മാത്രമല്ല, ഒരുപക്ഷേ അവർ സംഘടിക്കുവാനും എതിർക്കുവാനും ഇടയുണ്ടെന്നും ഭയപ്പെടുന്നു. അതിനുംപുറമെ, സേച്ഛാധിപകേന്ദ്രീകരണത്തിനു് ആവശ്യമായ വ്യവസായീകരണത്തിനും അമിതമായ ഗവമ്മെണ്ടുചിലവിനും കർഷകനെ സ്ഥിരമായി ചൂഷണം ചെയ്യേണ്ടതുമുണ്ടു്. അതിനുപറ്റിയ ഒരു വ്യവസ്ഥിതി ആവശ്യമാണു്; ഉല്പാദനം ഏറ്റവും കുറഞ്ഞതലും ചിലവു് ഏറ്റവും കുറവുമുള്ള ഒരു വ്യവസ്ഥിതി. അതു് അടിമവ്യവസ്ഥിതിയാണെന്നു കണ്ടു. കർഷകനെ സംബന്ധിച്ചിടത്തോളം ഈ അടിമത്തം കൂട്ടുകൃഷിത്തോട്ടങ്ങളിലേ സാധിക്കൂ എന്നും മനസ്സിലായി. അതുകൊണ്ടാണു് കമ്മ്യൂണിസ്റ്റ് ഭരണം കൂട്ടുകൃഷിപ്രസ്ഥാനത്തിനു് അമിതമായ പ്രാധാന്യം കൊടുക്കുന്നതു്.


ഇതാണു്, "കൃഷി ചെയ്യുന്നവനു ഭൂമി" എന്ന കമ്മ്യൂണിസ്റ്റ് വാഗ്ദാനത്തിന്റെ സഫലീകരണം.

ചൈനയിലെ കമ്മ്യൂണിസ്റ്റ് തത്വ
ബോധന മുന്നണി സൈന്യവ്യൂ
ഹം — ഒരു ഗ്രാമത്തിൽ പ്രവൃത്തി
യെടുത്തു് ആ ഗ്രാമവാസികളെ
കൂട്ടുകൃഷിയിൽ കൂടുക്കിയശേഷം
മറെറാരു ഗ്രാമത്തിലേയ്ക്കു് യാത്ര
യാകുന്നു.





"ജനകീയ കോടതി" — കൂട്ടുകൃഷിപ്രസ്ഥാനത്തെ എതുത്ത ഒരു സാധുകർഷകനെ പ്രസ്തുത കോടതി വിസ്തരിച്ചു വിധിക്കുന്നു. ഈ പരസ്യവിചാരണ മറെറ കർഷകരെ ഭയപ്പെടുത്തി വഴങ്ങിക്കുവാനുപകരിക്കുന്നു.



പട്ടിണിയിലേക്ക് തോക്കിനെയും തടങ്കൽപ്പാളയത്തെയും ഭയമില്ല. പൂർവ്വബർലിനിലെ അനേകായിരം തൊഴിലാളികളും കമ്മ്യൂണിസ്റ്റ് നിരോധന ക്രമീകരണങ്ങളും ഭേദിച്ച് പശ്ചിമ ബർലിനിലേയ്ക്ക് അപ്പം അന്വേഷിച്ച് പുറപ്പെടുന്നു.

പൊതുജനങ്ങൾക്ക് മതിവരെ ഭക്ഷണം

കമ്മ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളിൽ ഒന്നാണിത്. കമ്മ്യൂണിസ്റ്റിതര രാജ്യങ്ങളിലെ അവരുടെ പ്രക്ഷോഭണവിഷയവുമിതാണ്. എന്നാൽ കമ്മ്യൂണിസ്റ്റാധീന രാജ്യങ്ങളിലെ സ്ഥിതിവിവരങ്ങൾ എന്തെന്ന് നമുക്ക് പരിശോധിക്കാം.

പൂർവ്വജർമ്മനി ഒരു കമ്മ്യൂണിസ്റ്റധീന രാജ്യമാണ്. 1953 ജൂൺ 17-ാംനു- പൂർവ്വ ജർമ്മനിയിലെ ബഹുഭൂരിപക്ഷം തൊഴിലാളികളും ഒരു പ്രകടനം നടത്തി. ഭക്ഷണദൗർല്ല ഭ്യത്തേയും വാസയോഗ്യമല്ലാത്ത പാർപ്പിടങ്ങളേയും സംബന്ധിച്ച് ശക്തിയായ പ്രതിഷേധ സ്വരം ഉയർന്നു. അതിനും പുറമെ, തൊഴിലാളികൾക്കുള്ള ക്രൂരി അവിടെ വളരെ കുറവായിരുന്നു; ഭക്ഷണ ദാരിദ്ര്യം വർദ്ധിച്ചു; നിത്യോപയോഗസാധനങ്ങൾ തീരെയില്ലെന്നായി. ഇതിനെല്ലാത്തിനുമുപരിയായി, കമ്മ്യൂണിസ്റ്റു സ്വേച്ഛാധിപത്യത്തിൽ നിന്നുതന്നെ സ്വതന്ത്രരാകണമെന്നുള്ളതായിരുന്നു, അവരുടെ പ്രകടനലക്ഷ്യം.

പൂർവ്വബർലിനിലുള്ള അനേകലക്ഷം തൊഴിലാളികളും പ്രകടനത്തിൽ പങ്കുകൊണ്ടു. ഭക്ഷണം, ക്രൂരി, ഭവനസൗകര്യം ഇതായിരുന്നു അവരുടെ മുറവിളി. പോസ്ഡം, മാഗൻബർഗ്, ലീപ്സിഗ്, ഗോറിലിറ്റ്സ് മുതലായ നഗരികളിലെ തൊഴിലാളികളും തൊഴിൽ മുടക്കി. സോവിയറ്റ് നിയന്ത്രിതമായ ജർമ്മൻപോലീസും സായുധസേനയും ക്ഷീണിച്ചപ്പോൾ റഷ്യൻ ടാങ്കുകളുതന്നെ തെരുവീഥികളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ക്രൂരമായ ഒരു നരവേട്ട അവിടെങ്ങും നടമാടി അനേകായിരം ജർമ്മൻ തൊഴിലാളികളും വധിക്കപ്പെട്ടു; മറ്റനേകരെ സൈബീരിയൻ മഞ്ഞുപ്രദേശങ്ങളിലേയ്ക്കു നാടുകടത്തി. അങ്ങനെ അവരുടെ ലഹള ശമിപ്പിച്ചു.

ഈ ലഹള സാമ്രാജ്യമോഹികളായ പശ്ചിമയൂറോപ്യൻ രാജ്യങ്ങളുടെ ചാരന്മാർ സംഘടിപ്പിച്ചതാണെന്നാണു കമ്മ്യൂണിസ്റ്റുകാർ പറഞ്ഞു പരത്തിയതു്. പക്ഷേ, വാസ്തവം എന്തു്?

1951 ജനുവരി മുതൽ 53 ഏപ്രിൽ വരെ 3 ലക്ഷത്തോളം ജർമ്മൻകാർ പൂർവ്വകമ്മ്യൂണിസ്റ്റു് ജർമ്മനിയിൽനിന്നു് പശ്ചിമ ഡമോക്രാററിക് ജർമ്മനിയിലേയ്ക്കു് ഓടി രക്ഷപെട്ടിട്ടുണ്ടു്. ഇവരെല്ലാം കിഴക്കൻ ജർമ്മനിയിലെ നരകതുല്യമായ തൊഴിലാളിദുരിതങ്ങൾ വിവരിക്കുന്നു; അതിനുംപുറമേ, സത്യമറിയാൻ മറെറാരു മാർഗ്ഗവുമുണ്ടു്. പശ്ചിമ ബർലിനിലെ ക്രീറ്റ്സ്ബർഗ്ഗു് വാർഡിലെ മേയർ വിക്സ്മൻ പൂർവ്വജർമ്മൻ അതൃത്തിയിൽനിന്നു് 200 വാര അകലെ പശ്ചിമബർലിനിൽ ഒരു ഭക്ഷ്യോച്ചന്ത സ്ഥാപിച്ചു. പൂർവ്വബർലിനിലെ ജനങ്ങൾ റഷ്യൻ ടാങ്കുകളെക്കൂടി വകവെയ്ക്കാതെ അവിടെക്കടന്നു് 25,000 റാത്തൽ ഉരുളക്കിഴങ്ങും 12,000 ഇടങ്ങഴി പാലും വാങ്ങിക്കൊണ്ടുപോകുകയുണ്ടായി. ഇതിൽ നിന്നെന്തു മനസ്സിലാകുന്നു? കിഴക്കൻ ബർലിനിലെ ദാരിദ്ര്യമോ, സുഭിക്ഷതയോ? കിഴക്കൻ ബർലിനിലെ ഈ ഭക്ഷ്യദാരിദ്ര്യം മനസ്സിലാക്കിയ അമേരിക്ക, ആവശ്യത്തിനുവേണ്ട ഭക്ഷ്യവിഭവങ്ങൾ ദാനംചെയ്യാമെന്നേററു. പക്ഷേ, അതു നിഷേധിക്കാൻ കിഴക്കൻ ബർലിൻഗവമ്മെണ്ടിനെ റഷ്യ നിർബ്ബന്ധിച്ചു. തന്മൂലം ആ ഭക്ഷ്യദാനം പശ്ചിമജർമ്മൻ മാൻസലറായ അഡനോവർ കിഴക്കൻ ബർലിൻകാക്കു് വിതരണം ചെയ്യാമെന്നേററു. അപ്പോൾ അതു വാങ്ങുവാനായി റഷ്യയുടെ സർവ്വവിധ തടസ്സങ്ങളും ഭേദിച്ചുകൊണ്ടു് ഒരു ലക്ഷം ജർമ്മൻകാർ കിഴക്കൻ മേഖലയിൽനിന്നു് പശ്ചിമമേഖലയിലേയ്ക്കു് കടക്കുകയുണ്ടായി. പൂർവ്വബർലിനിലെ തൊഴിലാളിദുരിതത്തെപ്പററി അവിടത്തെ ഒരു തൊഴിലാളിതന്നെ ഒരു ഡച്ചുവാർത്താസംഘത്തോടു് ഒരിക്കൽ പറഞ്ഞതാണിതു്: "ഞങ്ങൾക്കു് ഒരുദിവസത്തെ ഭക്ഷ്യം വാങ്ങുവാൻ ഒരാഴ്ച വേലയെടുക്കണ"മെന്നു്.

ആഗോളവിപ്ലവം

ഇതുവരെ നാം വിവരിച്ചതു് കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ ആഭ്യന്തര സ്ഥിതിവിവരങ്ങളെപ്പററിയാണു്. പക്ഷേ, കമ്മ്യൂണിസം പരാജയപ്പെട്ട മറെറാരു മേഖലയുണ്ടു്; അതു് അന്തർദ്ദേശീയ മണ്ഡലമാണു്.

1926-നും 39-നും ഇടയ്ക്കുള്ള കുറച്ചുകാലത്തേയ്ക്കു് കമ്മ്യൂണസ്റ്റുകാർ ലോകവിപ്ലവ സംരംഭം മാററിവെച്ചു് സ്വന്തം രാജ്യത്തു് സേച്ഛ്വാധികാരം കെട്ടിയുറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. പക്ഷേ, യുദ്ധാനന്തരം റഷ്യ, ലോകവിപ്ലവത്തിൽ കൂടുതൽ ശ്രദ്ധചെലുത്തി. വാസ്തവത്തിൽ കമ്മ്യൂണിസ്റ്റുഭീഷണി ഒരവസരത്തിൽ സ്വതന്ത്രലോകത്തെ അഭിമുഖീഭവിച്ച ഒരു മഹാവിപത്തായിരുന്നു. പക്ഷേ, പ്രജായത്ത ശക്തികളെല്ലാംകൂടി യോജിച്ചു പ്രവർത്തിച്ച എല്ലായിടത്തും കമ്മ്യൂണിസം പരാജയപ്പെടുക മാത്രമാണു് ചെയ്തിട്ടുള്ളതു്. കേരളംതന്നെ അതിനൊരു ദൃഷ്ടാന്തമാണല്ലോ.

1945-ൽ സോവിയറു് യൂണിയൻ ടർക്കിയുടെ ഭൂവിഭാഗങ്ങളിൽ ചില അവകാശങ്ങൾ ആവശ്യപ്പെട്ടു. റഷ്യൻസൈന്യം അതിർത്തി കേന്ദ്രീകരിക്കുന്നതുകണ്ടിട്ടും ടർക്കി അതി

നന്നവരിച്ചില്ല. ആ രാജ്യത്തെ ജനങ്ങളുടെ ഒത്തൊരുമിച്ചുള്ള പരിശ്രമവും അമേരിക്ക നൽകിയ സൈനികസാമ്പത്തികസഹായവും കൂടിച്ചേർന്നപ്പോൾ റഷ്യൻവെല്ലുവിളിയെ ചെറുത്തുനില്ക്കാൻ അവർക്കു സാധിച്ചു. തന്മൂലം ടർക്കി ഇന്നും സ്വതന്ത്രയാണു്.


ഗ്രീസിൽനിന്നു ജർമ്മൻകാരെ ഓടിച്ചശേഷം റഷ്യ, ആ രാജ്യത്തു് ഒരു തദ്ദേശ കമ്മ്യൂണിസ്റ്റ് സംഘം രൂപീകരിച്ചു് ഒരു ഒളിയുദ്ധം സംഘടിപ്പിച്ചു. അതുവഴിയായി 75,000 ഗ്രീക്കു പൗരന്മാരെ കമ്മ്യൂണിസ്റ്റുകാർ കൊന്നൊടുക്കുകയും 25,000 ഗ്രീക്കു കുഞ്ഞുങ്ങളെപ്പിടിച്ചു് റഷ്യയിലേയ്ക്കും മറ്റു് ഉപഗ്രഹരാജ്യങ്ങളിലേയ്ക്കും കൊണ്ടുപോകയും ചെയ്തു. പക്ഷെ, ഗ്രീക്കു് ജനാധിപത്യഗവർമ്മെണ്ടു് മറ്റു സ്വതന്ത്രരാഷ്ട്രങ്ങളുടെ സഹായത്തോടുകൂടി ആക്രമപരമായ ഈ റഷ്യൻ നരവേട്ടയെ സുധീരം നേരിട്ടു. തൽഫലമായി ഒളിയുദ്ധക്കാർ പരാജയപ്പെട്ടു് പിൻവാങ്ങി. അതുകൊണ്ടു് ഇന്നും ഗ്രീസ് സ്വതന്ത്രയാണു്.

ഒരിക്കൽ ഇറാൻ കൈവശപ്പെടുത്താൻ റഷ്യ ഉദ്യമിച്ച വിധം നാം കണ്ടുകഴിഞ്ഞതാണല്ലൊ. ഐക്യരാഷ്ട്രസമിതിയുടെ അവസരോചിതമായ ഇടപെടൽ മൂലം ഇറാൻ രക്ഷപെട്ടു. എങ്കിലും ഇറാൻ ഇന്നും പരിപൂർണ്ണസ്വതന്ത്രയായിട്ടില്ല.

ഇൻഡ്യയുടെ നേർക്കുള്ള ചൈനയുടെ വെല്ലുവിളി ഈ അടുത്തകാലത്തുണ്ടായതാണു്. ജനാധിപത്യപ്രേമികളെല്ലാം ഒത്തൊരുമിച്ചു് ഭീതിയും ശങ്കയും വെടിഞ്ഞു പ്രവർത്തിക്കുമെങ്കിൽ അവിടെയും കമ്മ്യൂണിസം പരാജയപ്പെട്ടുമെന്നുള്ളതു തീർച്ചയാണു്. പക്ഷെ, കമ്മ്യൂണിസ്റ്റ് ഭീഷണിയിൽനിന്നു രക്ഷപെട്ടിട്ടുള്ള എല്ലാ രാജ്യങ്ങളും ആദ്യമായി ചെയ്തിട്ടുള്ളതു് അവിടത്തെ ആഭ്യന്തര കമ്മ്യൂണിസ്റ്റ് വിപത്തിനെ പാടെ പരാജയപ്പെടുത്തുക എന്നതായിരുന്നു.

കമ്മ്യൂണിസത്തിനെതിരായി ഏതുസ്വതന്ത്രരാജ്യത്തിന്റെ പരിശ്രമങ്ങളിലും എല്ലാ സ്വതന്ത്രരാഷ്ട്രങ്ങളും സഹകരിച്ചുകൊണ്ടാണിരിക്കുന്നതു്. ആദ്യം വടക്കൻ കൊറിയയും പിന്നീടു് ചൈനയും കൊറിയൻ റിപ്പബ്ലിക്കിനെ ആക്രമിച്ചപ്പോൾ ഐക്യരാഷ്ട്രസമിതിയിലെ 19 സ്വതന്ത്രരാജ്യങ്ങൾ സൈനികസഹായം ചെയ്യുകയുണ്ടായി.

അന്താരാഷ്ട്രീയമണ്ഡലത്തിലാകട്ടെ, ആഭ്യന്തരമണ്ഡലത്തിലാകട്ടെ സ്വാതന്ത്ര്യപ്രേമികളായ ജനതതിയെല്ലാം ഒറ്റക്കെട്ടായി നിന്നുകൊണ്ടു് ദാർഢ്യത്തോടും ധൈര്യത്തോടുംകൂടി കമ്മ്യൂണിസത്തെ നേരിട്ടപ്പോഴെല്ലാം അതു പരാജയപ്പെട്ടിട്ടുണ്ടു്; പരാജയപ്പെടുകയും ചെയ്യും.



8 കമ്മ്യൂണിസത്തിന്റെ ബലിയാടുകൾ

എല്ലാ കമ്മ്യൂണിസ്റ്റുകളും, ആ വ്യവസ്ഥിതിയെ അനുകൂലിക്കുന്നവരും, ആ ഭരണസമ്പ്രദായത്തിന്റെ ആചാര്യനായി അവകാശപ്പെടുന്നത് കാറൽമാർക്സിനെയുമാണ്. പക്ഷേ, അന്തരിച്ചുപോയ അദ്ദേഹം ഇന്ന് ഉയിർത്തു തിരിച്ചുവന്നാൽ അദ്ദേഹത്തിന് ഇരുമ്പുമറയുള്ളിൽ പ്രവേശനം അനുവദിക്കുമോ എന്നു സംശയമാണ്. അഥവാ, അതു ഭേദിച്ച് അകത്തുകടക്കാൻ സാധിച്ചാൽത്തന്നെയും അദ്ദേഹം അവിടെക്കാണുന്നത്, താൻ വിഭാവനംചെയ്ത നവലോകത്തോടോ, ആവിഷ്കരിച്ച സിദ്ധാന്തങ്ങളോടോ യാതൊരു സാധർമ്യവുമില്ലാത്ത ഒരു രാഷ്ട്രത്തെയായിരിക്കുമെന്നുള്ളതു തീർച്ചതന്നെ. സർവ്വശക്തമായ ഒരു രാഷ്ട്രം; 1848-ൽ താൻ അതികഠിനമായി അപലപിച്ച വിമർശിച്ചിരുന്ന, തികഞ്ഞ രാജകീയപ്രതാപത്തിൽ വിരാജിക്കുന്ന ഒരുദ്യോഗസ്ഥപ്രഭവർഗ്ഗം; സ്വന്ത സുഖസൗകര്യങ്ങൾക്കുവേണ്ടി സേച്ഛാധിപതിയേയും അയാളുടെ നയങ്ങളേയും കണ്ണുമടച്ചുപുകഴ്ത്തുന്ന ഹൃദയശൂന്യരും അരസികരുമായ കുറേ സാഹിത്യപടുക്കൾ; സേച്ഛാധിപതിയുടെ ശക്തിരഥത്തോട് തൊട്ടുത്തു നിറുത്തിയിട്ടുള്ള ഒട്ടേറെ ശാസ്ത്രജ്ഞന്മാർ; നിരന്തരമായ മർദ്ദനംമൂലം അടിമകളെപ്പോലെ വലയുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും കർഷകരും ഉൾപ്പെടുന്ന ഒരു ദരിദ്രജനത- ഇവയൊക്കെയായിരിക്കും അദ്ദേഹം അവിടെ കാണുന്നത്. കുറേ പഴയ പല്ലവികൾ കേട്ടേക്കാം; അവയൊന്നുംതന്നെ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തവയാണെന്ന് പെട്ടെന്നു മനസ്സിലാകയും ചെയ്യും.

മാർക്സ് ദീർഘദർശനം ചെയ്തപോലെ ലോകം ഇന്ന് രണ്ടു ശത്രുപാളയങ്ങളിലാണ്. പക്ഷേ, അദ്ദേഹം പ്രവചിച്ചതുപോലെ അതു് തൊഴിലാളി, മുതലാളി എന്ന രണ്ടു വ്യത്യസ്ത ചേരികളിലായിട്ടല്ല; പ്രത്യുത്, സ്വാതന്ത്ര്യത്തിന്റെയും അടിമത്തത്തിന്റെയും ശക്തികൾ തമ്മിലുള്ള ഒരു പോരാട്ടത്തിലാണ്.

വാസ്തവത്തിൽ മാർക്സ് തന്റെ അനുയായികളാൽ ക്രൂശിക്കപ്പെട്ടുകയാണു ചെയ്തതു്. അദ്ദേഹത്തിന്റെ ആദർശങ്ങളാൽ ആകൃഷ്ടരായി ആ അഭിപ്രായങ്ങൾക്കുവേണ്ടി ജീവിച്ച പ്രഗത്ഭരായ ട്രോട്സ്കി, ടോംസ്കി, സ്റ്റാൻസ്കി തുടങ്ങിയ എത്രയെത്രപേരെ, അവർ ജീവാപ്പണം ചെയ്തു് കെട്ടിപ്പടുത്ത കമ്മ്യൂണിസ്റ്റ്രാഷ്ട്രം ഇന്നു വിഴുങ്ങിയിട്ടുണ്ടു്. ഇവരെല്ലാം കമ്മ്യൂണിസത്തിനുവേണ്ടി ജീവിച്ചു; ഒടുവിൽ കമ്മ്യൂണിസം അവരെയെല്ലാം വിഴുങ്ങുകയും ചെയ്തു.

മാർക്സിനും അദ്ദേഹത്തിന്റെ ഭക്തന്മാർക്കും മൗലികമായി ഒരു തെറ്റുപിണഞ്ഞുപോയി. അക്രമവും അനീതിയുംകൊണ്ടു് ആരംഭിച്ച ഏതും അക്രമവും അനീതിയും കൊണ്ടു മാത്രമേ നിലനിൽത്താൻ സാദ്ധ്യമാകയുള്ളൂ എന്ന പരമാർത്ഥം അവർ വിസ്മരിച്ചുകളഞ്ഞു.

അക്രമവും അനീതിയും വഞ്ചനയുംകൊണ്ടു് കമ്മ്യൂണിസം സ്ഥാപിതമായി; ഇനി മേൽ അതിനു് അക്രമത്തിലും അനീതിയിലും വഞ്ചനയിലുംകൂടി മാത്രമേ പുലരുവാനും സാദ്ധ്യമാകൂ. ആദർശത്തിനു് അവിടെ ഇനിമേൽ സ്ഥാനമില്ല. കമ്മ്യൂണിസം സ്ഥാപിതമായശേഷം ബലികഴിച്ചിട്ടുള്ള പ്രതിഭാസമ്പന്നന്മാരും ഭാവനാശാലികളുമായ സ്വന്തം ഭക്തന്മാരുടെ സംഖ്യതന്നെ എത്രയോ ആയിരമായിരമാണു്.

അചഞ്ചലരായ കമ്മ്യൂണിസ്റ്റ് ഭക്തന്മാരുടെ ദുർവിധി

സ്വപ്നങ്ങൾ സ്വന്തം കുഞ്ഞുങ്ങളെ വിഴുങ്ങുമെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. അതുതന്നെയാണു് കമ്മ്യൂണിസത്തിന്റെയും സ്വഭാവം. പാർട്ടിയോടു് അചഞ്ചലമായ ഭക്തിയും ക്രൂരം പുലർത്തി, നിരന്തരമായി അതിനുവേണ്ടി അത്യദ്ധ്വാനം ചെയ്തു് നിരവധി ത്യാഗങ്ങൾ സഹിച്ചിട്ടുള്ള സ്വന്തം അനുയായികളെത്തന്നെ കമ്മ്യൂണിസം അവസാനം വിഴുങ്ങിക്കളയുന്നു.

ലോകമഹായുദ്ധത്തിനുശേഷം പൂർവ്വമദ്ധ്യയൂറോപ്പും കമ്മ്യൂണിസ്റ്റ്നുകത്തിനുള്ളിലമ്മ. അതോടെ ഭീകരമായ ഈ കമ്മ്യൂണിസ്റ്റ് ശുദ്ധീകരണപ്രസ്ഥാനം അങ്ങോട്ടും സംക്രമിച്ചു.


ഇന്നുവരെ ഈ ഉപഗ്രഹങ്ങളിൽത്തന്നെ 30 ലക്ഷത്തോളം ''ജനദ്രോഹി''കളെയും "ശത്രു''ക്കളെയും വധിക്കുകയോ നാടുകടത്തുകയോ ചെയ്തുണ്ടായിട്ടുണ്ടു്. പാർട്ടിയിലെ ഉന്നതമെമ്പർമാരും നേതാക്കളും വൻകട ഉദ്യോഗസ്ഥന്മാരുമായി 1000-ത്തോളമാളുകളെ "കാണാതായി"ട്ടുണ്ടു്. 100-ലധികം കമ്മ്യൂണിസ്റ്റ് സൈന്യാധിപന്മാരെ ചാരന്മാരായി മുദ്രകുത്തി ശുദ്ധീകരിച്ചിട്ടുണ്ടു്. ഇവരെല്ലാം ലോകമഹായുദ്ധത്തിലും, തദനന്തരം ഉപഗ്രഹരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് ഭരണം കക്ശമായി നടപ്പിലാക്കുവാൻവേണ്ടിയും സ്റ്റാലിനു് പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുള്ളവരാണു്. ഉപഗ്രഹരാജ്യങ്ങളിലെ 50-ലധികം ക്യാബിനറ്റ്




കമ്മ്യൂണിസ്റ്റ് പൂർവ്വജർമ്മനിയിലെ രഹസ്യപ്പോലീസ് മേധാവി, വില്യം സെയിസ്സർ — ബറിയാസ്സ് റഷ്യയിലുണ്ടായിരുന്ന സ്ഥാനമാണ് ഇദ്ദേഹത്തിന് ജന്മനാടിലുണ്ടായിരുന്നത് 1953-ൽ പുതിയ മോസ്കോ യജമാനന്മാർ ബറിയായെ ശുദ്ധീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒരു പൂർവ്വസ്ഥാനമായിരുന്ന സെയിസ്സറും ശുദ്ധീകരിക്കപ്പെടുകയുണ്ടായി.




കമ്മ്യൂണിസ്റ്റ് ഉരുക്കുമഹിള, ആന്നാ പോക്കർ — റുമേനിയായിലെ കമ്മ്യൂണിസ്റ്റ് ഡെപ്യൂട്ടി മന്ത്രിയും വിദേശകാര്യ മന്ത്രിയുമായിരുന്ന ഇവരെ, റുമേനിയായുമായുള്ള റഷ്യൻ നയംമാറ്റത്തിന്റെ നാന്ദിയായി, ബലികഴിച്ചു. ഇവർക്ക് സ്റ്റാലിനുമായി ഏതു സമയത്തും ടെലഫോൺവഴി നേരിട്ട് സംസാരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നുവത്രെ.



ചെക്കോസ്ലോവാക്യാ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽസെക്രട്ടറി റുഡോൾഫ് സ്ലാൻസ്കി— അനേകം നിർദ്ദോഷികളുടെ വധത്തിനു ഹേതുഭൂതനായ ഇയാളും ഒടുവിൽ "ജനദ്രോഹി"യായി വധിക്കപ്പെട്ടു.



ടെയിക്കോ കോസ്റ്റോവ് — ബൾഗേറിയൻ ഡെപ്യൂട്ടി മന്ത്രിയായിരുന്ന ഇയാളെ "പിൻതിരിപ്പ"നായി തൂക്കിക്കൊന്നു.



പാക്ക് ഹ്യൂ യങ് — ഉത്തര കൊറിയൻ ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന ഇയാളെ 1949-ൽ അത്യാഡംബരപൂർവ്വം റഷ്യയിൽ സ്വീകരിക്കപ്പെട്ടെങ്കിലും 1952-ൽ നിഷ്ഠുരം വധിക്കപ്പെട്ടു.

മെമ്പർമാരും മറ്റു മന്ത്രിമാരും വധിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇവരൊക്കെ സ്വന്തം രാജ്യത്തെ കമ്മ്യൂണിസ്റ്റധീനത്തിലാക്കുവാൻ സ്റ്റാലിന്റെ വരുതിയ്ക്കാത്തു ബദ്ധപ്പെട്ട പണിയെടുത്തിട്ടുള്ളവരാണു്.

മുന്നൊരദ്ധ്യായത്തിൽ കണ്ടതുപോലെ ഈ ശുദ്ധീകരണപ്രസ്ഥാനം മൂന്നു വിധത്തിൽ പാർട്ടിനിയന്ത്രണത്തിനു പ്രയോജനപ്പെടുന്നുണ്ടു്. ഒന്നാമതായി, ഈ ശുദ്ധീകരണം മൂലം, വാസ്തവികമോ സാങ്കല്പികമോ, ഉള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ എല്ലാവിധ എതിർപ്പുകളേയും മുളയിലേതന്നെ നുള്ളിക്കളയുവാൻ സാധിക്കുന്നു. രണ്ടാമതായി, ഈ പ്രസ്ഥാനം, ചഞ്ചലഹൃദയരെയും സംശയഗ്രസ്തരെയും ദുർബ്ബലരെയും ഭയപ്പെടുത്തി പാർട്ടിയോടു വിശ്വസ്തത പാലിപ്പിക്കുവാൻ ഉപകരിക്കുന്നു. മൂന്നാമതു്, അനുഭവംകൊണ്ടു് കണ്ണുതുറന്ന ഭഗ്നാശരായ പഴമക്കാരെ നീക്കി അനുഭവപരിചയമില്ലാത്ത, ഉശിരും ഉണർവ്വുമുള്ള തീവ്രവാദികളായ യുവാക്കന്മാരെക്കൊണ്ടു് പാർട്ടിനിര നിറയ്ക്കുവാൻ അവസരം ലഭിക്കുന്നു.

ഉപഗ്രഹങ്ങളിലെ ശുദ്ധീകരണത്തിനു വേറെയും രണ്ടു സുപ്രധാന കാരണങ്ങളുണ്ടു്. മോസ്കോയുടെ വീക്ഷണത്തിൽ, ഉപഗ്രഹങ്ങളിൽ, പ്രതിപക്ഷം എന്നാൽ, കമ്മ്യൂണിസ്റ്റിതരർ എന്നു മാത്രമല്ല, സ്വരാജ്യക്രുവള്ളവർ എന്നുംകൂടി അർത്ഥമുണ്ടു്. സ്റ്റാലിന്റെയും ലനിന്റെയും ഭക്തൻ, എത്ര നല്ല കമ്മ്യൂണിസ്റ്റ്കാരനായാലും റഷ്യയുടെ സർവ്വാധിപത്യത്തിനു് പൂർണ്ണമായി വഴങ്ങാത്തവനാണെങ്കിൽ അവൻ, പാർട്ടിവീക്ഷണത്തിൽ, പ്രതിപക്ഷീയൻ തന്നെ. ഉപഗ്രഹങ്ങളിലെ, എത്രനല്ല വിശ്വസ്തനായ കമ്മ്യൂണിസ്റ്റ്കാരനും റഷ്യൻചാരന്മാരുടെ നിരന്തര മേൽനോട്ടത്തിലും അന്വേഷണത്തിലും ഇരിക്കുകയാണു്. സ്വരാജ്യപ്രതിപത്തിയോളം വലിയ ഒരപരാധം റഷ്യയുടെ വീക്ഷണത്തിൽ മറെറാന്നില്ല. ഹങ്കേറിയനായ ഇമ്രി നാഗി ആജീവനാന്തം ഒരു കടുത്ത കമ്മ്യൂണിസ്റ്റായിരുന്നു. പക്ഷെ, സ്വരാജ്യക്രുവു് അല്പം അയാളിലുണ്ടായിരുന്നുവെന്നതാണു് അയാളുടെ വധത്തിനുണ്ടായ കാരണം. ഹങ്കേറിയൻ കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടു് അമേരിക്കൻ ഗവമ്മെണ്ടിനു കൊടുത്തിരുന്ന വഞ്ചനാപരമായ ഉറപ്പിന്മേൽ പുറത്തിറങ്ങിയ നാഗിയെ റഷ്യൻ ഏജൻറന്മാർ തട്ടിക്കൊണ്ടുപോയി വധിക്കയാണുണ്ടായതു്.

ചിലപ്പോഴെല്ലാം ഉപഗ്രഹങ്ങളിലെ ജനങ്ങളുടെ തല്ക്കാല പ്രീതിയ്ക്കുവേണ്ടി ചില നേതാക്കന്മാരെയും വധിക്കാറുണ്ടു്. അപൂർവ്വം ചില സന്ദർഭങ്ങളിൽ, കമ്മ്യൂണിസ്റ്റിതരപാർട്ടികളെ വഞ്ചിച്ചു് ഐക്യമുന്നണി സൃഷ്ടിക്കുന്നതിനുവേണ്ടി ചില മദ്ധ്യനാടൻ നേതാക്കന്മാരെയും ബലികഴിച്ചിട്ടുണ്ടു്. അങ്ങനെ ഒരിക്കൽ കൈഷൻക്കിനെ തൃപ്തിപ്പെടുത്താൻ മാവോയേയും ചൗ-എൻ-ലൈയേയും നേതൃപദത്തിൽനിന്നു വിടത്തിയതു് മുൻ വിവരിച്ചിട്ടുണ്ടല്ലൊ.

പക്ഷേ, ഇവയൊക്കെക്കാൾ ഏറെറവും കഷ്ടതരമായ ഒന്നാണു് മോസ്കോയിലെ അധികാരവടംവലിയോടനുബന്ധിച്ചു നടത്തുന്ന ശുദ്ധീകരണം. മോസ്കോയിലെ അത്യുന്നത നേതാക്കന്മാരുടെയിടയിൽ അധികാരത്തിനുവേണ്ടിയുള്ള വടംവലി ഒരു തീരാബാധയാണു്. വിജയിയാകുന്നയാൾ തോൽവിയടയുന്ന നേതാവിനോടു ക്രുരപ്രകടിപ്പിച്ചിരുന്ന, ഉപരാജ്യങ്ങളിലെ സർവ്വ നേതാക്കന്മാരെയും വധിച്ചു ശുദ്ധീകരിക്കുക ഒരു പാരമ്പര്യമായിത്തീർന്നിട്ടുണ്ടു്. അതിനു ദൃഷ്ടാന്തങ്ങളുംതന്നെ പലതാണു്. പൂർവ്വജർമ്മനിയിലെ രഹസ്യപ്പോലീസ്മേധാവി വില്യം സെയിസ്സറുടെ വധത്തിനു് പ്രത്യേകതയൊന്നുമില്ല.

വില്യം സെയിസ്സർ സ്റ്റാലിന്റെ വിശ്വസ്തശിഷ്യനും കട്ടത്ത കമ്മ്യൂണിസ്റ്റുമായിരുന്നു. ബോംഷെവിക്കു് വിപ്ലവാരംഭംമുതല്ക്കേ അയാൾ ജർമ്മനിയിൽ റഷ്യൻചാരനായി പ്രവർത്തനം നടത്തിയിരുന്നു. ഹിറ്റ്ലറുടെ കമ്മ്യൂണിസ്റ്റ്വിരുദ്ധാക്രമണം അതിജീവിച്ച പ്രഗത്ഭരായ കമ്മ്യൂണിസ്റ്റുകാരിൽ ഒരുവൻ സെയിസ്സറായിരുന്നു. സ്പെയിനിലെ ആഭ്യന്തരയുദ്ധകാലത്തു് സ്റ്റാലിന്റെ കല്പനപ്രകാരം പല അന്തർദ്ദേശീയ സൈന്യസംഘങ്ങളേയും സ്പെയിനിലേയ്ക്കു നയിച്ചതും സെയിസ്സറാരെ്. യുദ്ധാനന്തരം പൂർവ്വജർമ്മനി റഷ്യൻപിടിയിലമർന്നപ്പോൾ സെയിസ്സർ അവിടത്തെ രഹസ്യപ്പോലീസു് മേധാവിയായി. യഥാർത്ഥത്തിൽ ബറിയായ്ക്കു് റഷ്യയിലുണ്ടായിരുന്ന സ്ഥാനമാണു് സെയിസ്സർക്കു് പൂർവ്വജർമ്മനിയിലുണ്ടായിരുന്നതു്.

പക്ഷേ, 1953 ജൂലൈ 10-ാംനു-ബറിയാ റഷ്യയിൽ ശുദ്ധീകരിക്കപ്പെട്ടു. ക്രൂഷ്ചോവുമായുണ്ടായ വടംവലിയിൽ ബറിയാ തോൽവിയടഞ്ഞു; ഏറെക്കഴിയുന്നതിനുമുമ്പേ വധിക്കപ്പെടുകയുംചെയ്തു. ബറിയായുടെ മൻസുഹൃത്തായിരുന്ന സെയിസ്സറെ ഒരു ജനദ്രോഹിയെന്ന മുദ്രകുത്തി സർവ്വ പാർട്ടിബന്ധങ്ങളിൽനിന്നും വിച്ഛേദിച്ചു് ആ ജൂലൈ 26-ാംനു-തന്നെ ജർമ്മനിയിലും ശുദ്ധീകരിച്ചു. ബറിയായെ വെടിവെച്ചു കൊന്നുവെന്നു് നമുക്കറിയാം; പക്ഷേ, വില്യം സെയിസ്സറിന്റെ അന്ത്യവിവരം ലോകം ഇനിയും അറിഞ്ഞിട്ടില്ല

ചിത്രത്തിൽക്കാണുന്ന ആന്നാപോക്കർ രുമേനിയൻ കമ്മ്യൂണിസ്റ്റ്നേതാക്കന്മാരിൽ സ്റ്റാലിന്റെ ഏറ്റവും വലിയ വിശ്വസ്തയും പ്രിയപ്പെട്ടവളുമായിരുന്നു. ഏതുസമയത്തും സ്റ്റാലിനെ ടെലഫോണിൽക്കൂടി വിളിക്കാനുള്ള അപൂർവ്വാവകാശവും ആന്നായ്ക്കുണ്ടായിരുന്നു. പക്ഷേ, രുമേനിയയുടെ നേരെയുണ്ടായ റഷ്യയുടെ നയംമാറ്റത്തിന്റെ നാന്ദിയായി ആന്നാപോക്കറെ, ധനകാര്യമന്ത്രി വാസിലിലൂക്കാ, രഹസ്യപ്പോലീസ്മേധാവി ജോർജ്ജെസ്ക്കോ എന്നിവരോടൊപ്പം, ജനദ്രോഹിയെന്ന മുദ്രകുത്തി വധിക്കയാണുണ്ടായതു്. തുടർന്നടന്ന ശുദ്ധീകരണ സംഹാരപ്രവാഹത്തിൽപ്പെട്ടു് അവരുടെ അനുയായികളായിരുന്ന അനേകശതം രുമേനിയൻ പാർട്ടിമെമ്പർമാരും, അതിനിഷ്ഠുരമായ നിർബ്ബന്ധിതകുറ്റസമ്മതംമൂലവും അല്ലാതെയും പരസ്യവിചാരണയ്ക്കു വിധേയരായും അല്ലാതെയും, അപ്രത്യക്ഷരായി. അങ്ങനെ പാർട്ടിയെ ശുദ്ധമാക്കി.

ചെക്കോസ്ലോവാക്യയിൽനടന്ന ശുദ്ധീകരണത്തിനു കാരണമായിപ്പറയുന്നതു്, അവിടത്തെ പാർട്ടിനേതൃത്വത്തിനു് ആ ജനതയെ റഷ്യയുടെ പരിപൂർണ്ണാധിപത്യത്തിനു വിധേയമാക്കുവാൻ കഴിയാഞ്ഞതുനിമിത്തമാണെന്നാണു്. അതുകൊണ്ടു് അവരെല്ലാം "ജനശത്രു"ക്കളായി മുദ്രയടിക്കപ്പെട്ടു. 1952-ൽ ആരംഭിച്ച ആ ശുദ്ധീകരണപ്രസ്ഥാനത്തിന്റെ ഒഴുക്കിൽപ്പെട്ടു് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന രുഡോൾഫ് സ്ലാൻസ്കിയും വിദേശകാര്യമന്ത്രി വ്ളാഡിമിർ ക്ലെമെൻറിസും അന്തരിച്ചു; ഇരുവരും തോക്കിനിരയായി.


ടിറ്റോ റഷ്യയോടു ഭിന്നിച്ചതു് മറ്റുപഗ്രഹങ്ങളിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാക്കൊരു കണ്ണുകോടാലിയായിത്തീർന്നു. അന്നുമുതൽ മറ്റരാജ്യങ്ങളിലെ നേതാക്കന്മാർ ഓരോരുത്തരെയും റഷ്യ സൂക്ഷ്മവീക്ഷണം ചെയ്തുതുടങ്ങുകയും സ്വരാജ്യക്രുറുണ്ടെന്നു സംശയിക്കപ്പെട്ടവരെയൊക്കെയും സംഹരിക്കുകയും ചെയ്തു. ബൾഗേറിയായിലെ ഡിപ്യൂട്ടി പ്രധാനമന്ത്രി കോസ്റ്റോവിന്റെ ചരിത്രം ഒരു ഉദാഹരണം മാത്രമാണു്. 1924-ൽ ഒരു കമ്മ്യൂണിസ്റ്റ്

ചാരനെന്ന കാരണത്തിന്മേൽ അന്നത്തെ ഗവമ്മെണ്ടിനാൽ അറസ്റ്റ് ചെയ്യപ്പെട്ട ഒരു ഉറച്ച കമ്മ്യൂണിസ്റ്റായിരുന്ന കോസ്റ്റോവു്. തടങ്കലിൽവെച്ച് കമ്മ്യൂണിസ്റ്റ് സംഘടനാവിവരങ്ങൾ വെളിപ്പെടുത്തുവാൻ അതിനിഷ്ഠുരമായി മർദ്ദിക്കപ്പെട്ടപ്പോൾ, പാർട്ടിയുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനേക്കാൾ മരിക്കുകതന്നെ ഭേദം എന്നു തീർച്ചപ്പെടുത്തിയ ധീരനായ കോസ്റ്റോവു് ആത്മഹത്യയ്ക്കൊരുങ്ങി ജയിലിന്റെ നാലാം നിലയിൽനിന്നു് കീഴോട്ട് ചാടി. നിർഭാഗ്യവശാൽ ഒരു തപാൽക്കമ്പിയിൽ തട്ടിയതുമൂലം അയാൾ മരിച്ചില്ല. പക്ഷെ, നട്ടെല്ലൊടിയുക നിമിത്തം ആജീവനാന്തം ഒരു ക്രുനനായിക്കഴിയേണ്ടിവന്നു. മൂന്നു കൊല്ലം കഴിഞ്ഞു് അയാൾ ബന്ധനവിമുക്തനായപ്പോൾ കമ്മ്യൂണിസ്റ്റ്കാർ കോസ്റ്റോവിനെ വാനോളം പുകഴ്ത്തി. അയാളുടെ ക്രുത്യു് ധീരോദാത്തതയുടേയും വിശ്വസ്തതയുടേയും ചിഹ്നമെന്നു് പ്രകീർത്തിക്കയും ചെയ്തു.

ടിറോയുടെ മാത്സര്യത്തോടുകൂടി ഉപഗ്രഹരാജ്യങ്ങളിൽ നടന്ന ശുദ്ധീകരണപ്രവാഹത്തിൽപ്പെട്ടു് കോസ്റ്റോവും മുതിപ്പെട്ടു. ആ സന്ദർഭത്തിൽ 'പ്രവദ' ഇങ്ങനെ എഴുതി:- "...അയാളൊരു സൂക്ഷ്മദ്രക്കും അനുഭവസമ്പന്നനുമായ ഗൂഢശത്രുവുമായിരുന്നു. അയാളുടെ മൂർച്ചയായ ഇഴഞ്ഞ ശബ്ദവും, കൂള്ളൻറേതുപോലുള്ള കൗശലക്കണ്ണുകളും, ക്രുത്രിമം ഒക്കെക്കൂടി അത്യന്തം രസാവഹമായ ഒരു കാഴ്ചയായിരുന്നു..." കോസ്റ്റോവിനോടൊരുമിച്ചു് ബൾഗേറിയായിലെ കേന്ദ്രപാർട്ടി മെമ്പർമാരിൽ 6 പേരെയും, 92,000 പാർട്ടിമെമ്പർമാരെയും അറസ്റ്റ്ചെയ്തു വധിക്കയുണ്ടായി. ഇതുകൊണ്ടൊന്നും ഈ സംഹാരതൃത്തം അവസാനിച്ചില്ല. ഗവമ്മെണ്ടുപത്രം ഇങ്ങനെ എഴുതി:— "....കേന്ദ്രക്കമ്മറിക്കു് കോസ്റ്റോവിന്റെ കഥ ആകസ്മികമായ ഒരത്ഭുത സംഭവമായിരുന്നു. ഇനിയെങ്കിലും എല്ലാവരും ജാഗ്രുകരായിരിക്കുക; പാർട്ടിയിൽ നുഴഞ്ഞുകയറിയിട്ടുള്ള സംശയഗ്രസ്തരായ എല്ലാവരേയും നിശ്ശേഷം നശിപ്പിക്കണം. ഇതു് ഒരു ജീവന്മരണ സമരമാണു്. സ്വരാജ്യസ്നേഹമെന്നതു് ഒരു ബൂർഷ്വാവാസനയാകുന്നു; അതു തുടച്ചുനീക്കുകതന്നെ വേണം. ആവശ്യമുള്ളതു് ഒന്നുമാത്രം; ഏതവസരങ്ങളിലും യു. എസ്സ്. എസ്സ്. ആർ-നോടുള്ള അചഞ്ചലമായ ഭക്തിയും വിശ്വസ്തതയുമത്രെ..." ശുദ്ധീകരിക്കപ്പെട്ട ഈ ഹതഭാഗ്യരുടെ അപരാധം, അവക്കു് റഷ്യയോടു് അത്യന്തഭക്തിയുണ്ടായിരുന്നില്ലെന്നുള്ളതല്ല. അവരൊക്കെയും കമ്മ്യൂണിസത്തിന്റെ വിശ്വസ്തഭാനുക്കൾതന്നെയായിരുന്നു. എങ്കിലും, സ്വന്തം രാജ്യത്തോടു് സാങ്കല്പികമായി അവക്കു് എന്തോ അല്പം ക്രൂരണ്ടായിരുന്നുവെന്നു മാത്രം.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്കാരും ഇന്ത്യാക്കാരല്ലെന്നും ചീനാരാഷ്ട്രഭക്തരാണെന്നും ഈയിടെ ഇന്ത്യയിലെ ഒരു ഉന്നതവ്യക്തി പ്രസ്താവിക്കയുണ്ടായി. മേൽവിവരിച്ച സംഗതികളിൽനിന്നു് ഇന്ത്യൻ കമ്മ്യൂണിസ്റ്റ്കാരുടെ ഇന്ത്യയോടുള്ള ക്രൂരണ്ടായിരിക്കുന്നപക്ഷം എങ്ങനെ അവരെ കമ്മ്യൂണിസ്റ്റ്നേതാക്കന്മാരായി റഷ്യയും ചൈനയും അംഗീകരിക്കും?

ഡാങ്കേയുടെ നേർക്കുണ്ടായ പരസ്യകുറ്റാരോപണവും താക്കീതും ഇതിന്റെ ഒരു സൂചന മാത്രമാണു്. ഒരു കമ്മ്യൂണിസ്റ്റ് ഉപഗ്രഹത്തിൽ ഡാങ്കേയുടേയും മഹാരാഷ്ട്രഘടകത്തിന്റെയും ഭാഗധേയം എന്തായിരിക്കുമായിരുന്നു? വിചിത്രമെന്നേ പറയേണ്ടു, ഒരു കമ്മ്യൂണിസ്റ്റ്കാരൻ, അവൻ നശിപ്പിക്കുവാൻ ബദ്ധകങ്കണനായി അവിശ്രമം യത്നിക്കുന്ന കമ്മ്യൂണിസ്റ്റിതരരാജ്യത്തിലാണു്, അവൻ സ്വതന്ത്രമായി കെട്ടിപ്പടുക്കാൻ സഹായിക്കുന്ന കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിലേക്കാൾ കൂടുതൽ സുരക്ഷിതനായിരിക്കുന്നതു്.



നിർബ്ബന്ധിത കുറ്റസമ്മതം

ഇരുമ്പുമറയ്ക്കു പുറത്തുള്ളവർക്ക് അത്യാശ്ചര്യകരമായ ഒരു വിഷമപ്രശ്നമാണ് കമ്മ്യൂണിസ്റ്റു ജയിലറകളിലേയ്ക്കു കടക്കുന്ന പ്രശസ്ത കമ്മ്യൂണിസ്റ്റു വ്യക്തികളുടെ കുറ്റസമ്മത പ്രഹസനങ്ങൾ. കുറകളഞ്ഞ കമ്മ്യൂണിസ്റ്റുകാരായ ബുറിയായും സ്ലാൻസ്കിയും മുറ്റനേകം പേരും, അവർ ആജീവനാന്തം പാടുപെട്ട് കെട്ടിപ്പടുത്ത രാഷ്ട്രത്തിനെതിരായി അവിശ്വസനീയമായ രാജ്യദ്രോഹകുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്ന് സമ്മതം മൂളുന്നതെന്തുകൊണ്ട്? മഹാപ്രശസ്തരും, ഉദ്ഗ്രഥനസ്ഫുരരും, അതീവസൈഥര്യശാലികളുമായ, കാർഡിനൽ മിൻസെന്തിയെപ്പോലുള്ള മഹദ്വ്യക്തികൾ ജയിലറകളിൽക്കടന്നയുടനെ, ജീവിതകാലം മുഴുവൻ തങ്ങൾ എന്തിനുവേണ്ടി പോരാടിയോ അവയൊക്കെ നിഷേധിച്ചും, ഒരിക്കലും ചെയ്തിട്ടില്ലാത്ത മഹാപരാധങ്ങൾ ചെയ്തിട്ടുണ്ടെന്നും കുറ്റസമ്മതം മൂളിയതു് എങ്ങനെ? പ്രഹസനപരവും, അവിശ്വസനീയങ്ങളുമായ ഈ കുറ്റസമ്മതങ്ങളുടെ അടിയിൽ ഏറ്റം ജുഗുപ്സാവഹവും ക്രൂരവും നിന്ദ്യവുമായ ഒരു ബീഭത്സതന്ത്രോപായം ഒളിഞ്ഞുകിടക്കുന്നുണ്ട്.

ബാഹ്യലോകം അഖിലലോകവിഖ്യാതരായ ചിലരുടെ അവിശ്വസനീയങ്ങളായ കുറ്റസമ്മതപ്രഹസനങ്ങളെപ്പുറ്റി മാത്രമേ കേട്ടിട്ടുള്ളൂ; കേൾക്കുന്നുള്ളൂ. എന്നാൽ 1917-ലെ വിപ്ലവാനന്തരം ഇരുമ്പുമറയ്ക്കുള്ളിൽത്തന്നെ ലക്ഷോപലക്ഷം സാധാരണക്കാരും ഇത്തരം കുറ്റസമ്മതം നൽകി നശിക്കപ്പെട്ടിട്ടുണ്ട്.

ഇവരിൽ രക്ഷപെട്ടോടിയ പലരും സ്വാനുഭവങ്ങളെപ്പുറ്റി വസ്തുനിഷ്ഠമായ പ്രസ്താവനകൾ നല്കിയിട്ടുണ്ട്. ഇവയെയൊക്കെ സമഗ്രമായി പരിശോധിച്ചാൽ ഈ നാടകീയ കുറ്റസമ്മത പരിപാടിയുടെ ഒരു സാമാന്യരൂപം നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഒരുവന്റെ കുറ്റസമ്മതംകൊണ്ട് രാഷ്ട്രത്തിനു് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന് അധികൃതർ മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള പുള്ളിയെ പലതരത്തിലുള്ള തടവുമുറികളിൽ മാറ്റി മാറ്റി പാർപ്പിക്കുന്നു. ആദ്യമായി 3 അടി വീതിയും 3 അടി നീളവുമുള്ള ഒരു തടവുമുറിയിൽ, തന്റെമേൽ ആരോപിച്ചിട്ടുള്ള കുറ്റം എന്തെന്നുകൂടി വെളിപ്പെടുത്താതെ, കുറ്റവാളിയെ അടച്ചിടുന്നു. കാറ്റും വെളിച്ചവും വളരെ ദുർല്ലഭമായി മാത്രം കട

ക്കുന്ന ഈ മുറിയിൽ സദാസമയവും മുകളിൽ, തലയ്ക്കുമീതെ, ഒരു വൈദ്യുത ദീപം കത്തി ജ്വലിച്ചുകൊണ്ടിരിക്കും. ഇങ്ങനെ കഷ്ടപ്പെടുത്തിയും മനംമടുപ്പിച്ചും കുറേദിവസം കഴിപ്പിച്ച ശേഷം കുറച്ചുള്ളിയെ മറെറാരു മുറിയിലേയ്ക്ക് നീക്കുകയായി. അതിനിഷ്ക്രൂരമായ മട്ടന മുറകൾക്കു വിധേയരായി മുറിവേറവ് അവശരായിത്തീർന്ന അനേകം തടവുകാർ ക്ലേശത്തോടെ കിടക്കുന്ന ഒരു മുറിയാണതു്. തൻെറമേൽ ആരോപിച്ചിട്ടുള്ള കുറ്റമെന്തെന്നു് ഒരു സൂച നപോലും ലഭിക്കാത്ത തടവുകാരനെ ഭയപ്പെടുത്തി പരിഭ്രാന്തനാക്കുന്നതിനാണു് ഈ നടപടി. കായക്ലേശവും, പട്ടിണിയും, സംശയവും, ഭീതിയുംകൊണ്ടു വലഞ്ഞിരിക്കുന്ന തടവുകാരനു് ഇതോടുകൂടി നൈരാശ്യവും ഭയവും വർദ്ധിക്കുന്നു. അനന്തരം അയാളെ, മട്ടനമേറവ് കുറവ സമ്മതംചെയ്യാൻ ആശ്വസിക്കുന്ന കുറേപ്പേരുടെ ഇടയിലേയ്ക്കു മാറവുന്നു. ഇവിടെ തടവുകാ രായി അഭിനയിക്കുന്ന സമർത്ഥരായ ചില പാർട്ടി കിങ്കരന്മാർ ഭയാനകമായ വർണ്ണനകൊണ്ടും യുക്തിയുക്തങ്ങളായ അനുഭവസംഭവങ്ങളുടെ വിവരണങ്ങൾകൊണ്ടും, ചിലപ്പോൾ ത്യാഗത്തി ൻെറയും അതിലുപരി ആദർശത്തിൻെറയും പേരിലും ഇവരെ കുറസമ്മതത്തിനു പ്രേരിപ്പി ക്കുന്നു. ഈ അഭ്യാസമുറകൾ കഴിയുന്നതോടെ ബുദ്ധിമാന്ദ്യവും കായബലവും നശിച്ച ബന്ദികളുടെ മന:ശൈഥില്യവും ആരംഭിച്ചു കഴിഞ്ഞു.


പിന്നീടു് അവരെ ഭീകരമായ ഒരു ഏകാന്തത്തടവിലേയ്ക്കു് നീക്കുകയായി. പല ദിവസത്തേയ്ക്കു നീണ്ടുനില്ക്കുന്ന ഒരു തടവുശിക്ഷയാണിതു്. നിവർന്നുനില്ക്കാൻ നിവ്വാഹമി ല്ലാത്ത ഒരു ചെറിയമുറി; അത്യുജ്ജ്വലമായി തലയ്ക്കുമീതെ സദാസമയവും, രാവും പകലും, എരിഞ്ഞുകൊണ്ടിരിക്കുന്ന വൈദ്യുതദീപം; ഭയങ്കരമായ നിശ്ശബ്ദത; ഭക്ഷണക്കുറവു്; മനഃ ക്ലേശം; അത്യന്തികമായ നൈരാശ്യം ഇവയൊക്കെ അനുഭവിച്ചു് ഏതാനും ദിവസം കഴി ഞ്ഞോഴേയ്ക്കും തടവുകാരനു് തൻെറ പരിപൂർണ്ണ നിസ്സഹായവസ്ഥയെപ്പററിയും ജീവിത പരാജയത്തെ സംബന്ധിച്ചും പൂർണ്ണബോധമുണ്ടാകയും മന:ശിഥിലീകരണം അതോടെ ഏതാണ്ടു പൂർത്തിയാകുകയും ചെയ്യുന്നു.

ഒരു ചെറുചാരത്തിൽക്കൂടി തടവുപുള്ളിയെ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു നിരീക്ഷകൻെറ അഭിപ്രായമനുസ്സരിച്ചായിരിക്കും ഈ ബന്ധനം അവസാനിപ്പിക്കുക. ഒരനവസരനേരത്തു് ഒരു ഭടൻ അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെട്ടു് തടവുമുറിയുടെ വാ തിൽ തുറന്നു് ബന്ദിയെ പുറത്തേയ്ക്കു മാടിവിളിക്കും. അനന്തരം, അവസാനമില്ലാതെ നീണ്ടുനീണ്ടു കിടക്കുന്നതെന്നു തോന്നിക്കുന്ന ഇടനാഴികളിൽക്കൂടി നടത്തിക്കൊണ്ടുപോയി, ഒടുവിൽ അവനെ അപ്രതീക്ഷിതമായി ചോദ്യകർത്താക്കളുടെ മുമ്പിൽ എത്തിക്കുന്നു.

തടവുകാരൻെറ സ്ഥാനം, ബുദ്ധിവൈഭവം, വ്യക്തിവിലാസം ഇവയനുസ്സരിച്ചു് ചോദ്യകർത്താക്കൾ മാറിക്കൊണ്ടിരിക്കും. നിരീക്ഷകൻെറ നിർദ്ദേശാനുസ്സരണം തടവുപു ള്ളിയെ ചോദ്യകർത്താക്കൾ സ്വീകരിക്കുന്ന വിധവും ഭിന്നമായിരിക്കും. ചിലരെ സൗഹാർദ്ദ പൂർവ്വവും മറെറ ചിലരെ അടിച്ചുമർദ്ദിച്ചുമായിരിക്കും സ്വീകരിക്കുക. പ്രതിരോധനത്തിനുള്ള മന:ശക്തി അല്പമെങ്കിലും അവരിൽ അവശേഷിച്ചുകാണുന്നപക്ഷം, ബോധം കെട്ടുന്നതു

വരെ അടിച്ചും പിന്നീട് വെള്ളംകൊടുത്തു് ബോധക്ഷയം മാറി വീണ്ടും അടിച്ചു് പരിഭ്രാന്തരാക്കിയശേഷവുമാണു് ചോദ്യശരങ്ങൾ ആരംഭിക്കുന്നതു്. ഉറ്റസ്നേഹിതരുടേയും ഭാര്യപുത്രാദികളുടേയും മറവും കൃത്രിമമായ കുറസമ്മതങ്ങളും മുമ്പിൽ നിരത്തിവെച്ചുകൊണ്ടു് തുടങ്ങുന്ന, വക്രത നിറഞ്ഞതും, പരസ്പരവിരുദ്ധവും, തത്പരവും, പ്രായോഗികവുമായ ചോദ്യാസ്ത്രങ്ങൾ അവസാനിപ്പിക്കാൻ മിക്കവാറും എല്ലാ ബന്ദികളും എവിടെയും എന്തിലും ഒപ്പുവെയ്ക്കുവാൻ സമ്മതിച്ചുപോകുന്നു. മാസ്മരവിദ്യാവിദഗ്ദ്ധരായ പ്രസ്തുത ചോദ്യകർത്താക്കൾക്കു്, ഇതിനിടയിൽ, ബന്ദികളുടെ ശൂന്യമായ തലച്ചോറിൽ സ്വന്തം ആശയങ്ങൾ നിഷ്പ്രയാസം കുത്തിച്ചെലുത്തുവാനും സാധിക്കുന്നു.


കുറസമ്മതം തൃപ്തികരമല്ലെങ്കിൽ പിന്നീട് കുറവാളികളുടെ മാനസികശക്തികളെ പൂർണ്ണമായി കെടുത്തിക്കളയാനുള്ള ഉപായതന്ത്രങ്ങളാണു് പ്രയോഗിക്കുക. അനേകദിവസം നിദ്രേഷം ഉറങ്ങാനനുവദിക്കാതിരിക്കുക; ബോധംകെട്ട താഴെ വീഴുന്നതുവരെ ഒരേനിലയിൽത്തന്നെ നിറുത്തുക; പലദിവസത്തേയ്ക്കു് പട്ടിണിയിടുക; ഉറക്കത്തിൽ പെ



ട്ടെന്നു് എഴുന്നേല്പിച്ചു് അപ്രതീക്ഷിതമായ ചോദ്യങ്ങൾ ചോദിക്കുക; കൃത്രിമ മരുന്നുകൊടുത്തു് ബോധം മറിക്കുക മുതലായവയാണീവിദ്യകൾ. കാർഡിനൽ മിൻസെന്തി തുടങ്ങിയ മഹാശയന്മാരുടെ ബുദ്ധി മയക്കുവാൻ വിഷദ്രാവകങ്ങൾകൂടി കുത്തിവെച്ചിരുന്നു.

ഈ പരീപാടി ഫലപ്രദമാകുന്നതുവരെ ഈ കാലഘട്ടം നീണ്ടുപോവുകതന്നെ ചെയ്യും.

സർവ്വ മാനുഷികമൂല്യങ്ങളുടേയും ആഭാസമായ ഈ നിഷിദ്ധപരിപാടിയുടെ പ്രത്യാഘാതം ഭയങ്കരമാണു്. കുറേസമ്മതം കഴിഞ്ഞു് മടങ്ങിവരുന്ന ഓരോ തടവുകാരനും ആ നിമിഷംമുതൽ അതിന്റെ ഓമ്മകൊണ്ടുതന്നെ സ്വയം അപഹാസ്യനായി ഭവിക്കുന്നു. സ്വന്തം ജീവിതലക്ഷ്യങ്ങളത്രയും ഒറ്റിക്കൊടുത്തുപോയല്ലോയെന്ന മനസ്സാക്ഷിയുടെ ഉഗ്രമായ ആഘാതം നിമിത്തം പലരും ആത്മഹത്യയ്ക്കുപോലും ശ്രമിച്ചിട്ടുണ്ടു്. ആത്യന്തികമായ നൈരാശ്യംമൂലം നശിച്ചുപോയ, അവരുടെ പ്രതിരോധനശക്തി വീണ്ടെടുക്കാൻ പിന്നീടൊരിക്കലും അവക്കു സാദ്ധ്യമാകുന്നതുമല്ല.




കെണിയിൽപ്പെട്ടവരുടെ അനുഭവം

മിക്കവാറും എല്ലാ കമ്മ്യൂണിസ്റ്റിതരരാജ്യങ്ങളിലും കേൾക്കാവുള്ള ഒരു കമ്മ്യൂണിസ്റ്റ് പല്ലവിയാണു്, "ഐക്യമുന്നണി" അല്ലെങ്കിൽ "ദേശീയമുന്നണി." രാജ്യത്തെ പൊതുവെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങൾക്കു് സകല ദേശീയ കഴിവുകളേയും ഒന്നിച്ചുചേർത്തു് സംഘടിതമായി പ്രവർത്തിക്കുന്നതിനുള്ള അഭിലഷണീയമായ ഒരാഹ്വാനം മാത്രമാണിതു്. പക്ഷെ, ഈ തന്ത്രം 1945-ൽ റഷ്യയിൽനിന്നു് ഇറക്കുമതി ചെയ്തിട്ടുള്ള ഒരു "ടെക്നിക്കാ"ണു്. എന്നാൽ ഇക്കാലമത്രയുംകൊണ്ടു് ഒരു കാര്യം സ്പഷ്ടമായിട്ടുണ്ടു്, കമ്മ്യൂണിസ്റ്റുകാരോടുള്ള സഹകരണം ഇതര പാർട്ടികളുടെ ശവക്കുഴി തോണ്ടുകയാണെന്നു്.

1946-ൽ പൂർവ്വയൂറോപ്യൻ രാഷ്ട്രങ്ങളെ, സ്റ്റാലിൻ ഒരു പ്രസ്താവനമൂലം സാന്ത്വനപ്പെടുത്തി:— "... ചെറുരാജ്യങ്ങൾ പൊതുവെ സോവിയറ്റ് മർദ്ദനനടപടികളെ അനാവശ്യമായി ഭയപ്പെടുകയാണു്. ചെറുരാജ്യങ്ങളുടെ നേരേ സോവിയറ്റ്യൂണിയൻ ഒരിക്കലും മർദ്ദനനടപടി സ്വീകരിക്കുകയോ, അവയെ വശപ്പെടുത്തുന്നതിനു് ഉദ്യമിക്കുകയോ ചെയ്യുന്നതല്ല അങ്ങനെ ചെയ്യുന്നപക്ഷം അതു് ലനിന്റെ മഹത്തായ പ്രത്യയ്യാദർശങ്ങൾക്കു് വിരുദ്ധവും, മഹനീയമായ സ്വന്തം പാരമ്പര്യത്തെ വ്യഭിചരിപ്പിക്കുകയുമായിരിക്കും ചെയ്യുക..."


പക്ഷേ, അതേസമയം തന്നെ, പോളണ്ടിലും ഹങ്കറിയിലും ബൾഗേറിയായിലും ചെക്കോസ്ലോവാക്യയിലും ഉറച്ച സംഘടനാബലമുള്ള ഒരു കമ്മ്യൂണിസ്റ്റ് ന്യൂനപക്ഷം, റഷ്യയിൽ പരിശീലിപ്പിക്കപ്പെട്ട വിദഗ്ധന്മാരുടെ നേതൃത്വത്തിൽ ചതിവും പ്രചാരണവും ചെമ്പടയുടെ സ്വാധീനതയും വഴി തദ്ദേശ ഗവൺമെണ്ടുകളെ തട്ടിയുടച്ചു് ഒരു കമ്മ്യൂണിസ്റ്റ് ഭരണക്രമം പണ്ടേ തുറപ്പിക്കുവാൻ ശക്തിയായി പരിശ്രമിച്ചുകൊണ്ടുമിരുന്നു.

കമ്മ്യൂണിസ്റ്റ് ന്യൂനപക്ഷമുള്ള രാജ്യങ്ങളിൽ അധികാരം പിടിച്ചെടുക്കുവാൻ പണ്ടു് ലനിൻ റഷ്യയിൽ കെറൻസ്കിയുടെ ഗവൺമെണ്ടിനെ തകർത്ത അതേ പരിപാടി തന്നെ കമ്മ്യൂണിസ്റ്റ്കാർ സ്വീകരിക്കുന്നു. ദേശീയ മുദ്രാവാക്യങ്ങൾ മുഴക്കി ഐക്യമുന്നണി സൃഷ്ടിച്ചു് തങ്ങളുടെ സ്വാധീനശക്തി ഗവർമ്മെണ്ടിൽ ഉറപ്പിച്ചശേഷം, "നിർണ്ണായകമായ ഒരു ഘട്ടത്തിൽ ആഞ്ഞൊരടി."—ഈ പുറങ്ങളിൽ കാണുന്ന ദേശാഭിമാനികളെല്ലാം കമ്മ്യൂണിസ്റ്റ്കാരുമായി സഹകരണം സാദ്ധ്യമെന്നു വിശ്വസിച്ചു് കെണിയിൽപ്പെട്ടുപോയ




യുദ്ധാനന്തരമുണ്ടായ ഹങ്കേറിയൻ കൂട്ടമന്ത്രിസഭയുടെ പ്രധാനമന്ത്രി, ഫെറെൻ നാഗി — സുപ്രസിദ്ധ ഹങ്കേറിയൻ ചെറുകിടമുതലാളിയുടെ ലീഡറായിരുന്ന ഇദ്ദേഹം കമ്മ്യൂണിസ്റ്റ്കളെ വിശ്വസിച്ചു് കൂട്ടമന്ത്രിസഭ രൂപീകരിച്ചു. പക്ഷേ, കമ്മ്യൂണിസ്റ്റ്കാർ അദ്ദേഹത്തിന്റെ ഓമനക്കുഞ്ഞിനെ കട്ടുകൊണ്ടുപോയി. കുഞ്ഞിനെ തിരിച്ചു കിട്ടണമെങ്കിൽ മന്ത്രിപദം ഉപേക്ഷിക്കണമെന്നു ശഠിച്ചു. ഫറെൻ വഴങ്ങി. പകരം ഒരു കമ്മ്യൂണിസ്റ്റ്കാരൻ മന്ത്രിയുമായി

വരാണു്. പക്ഷെ, അവർക്കു പറ്റിയ അബദ്ധം അവർ മനസ്സിലാക്കിയപ്പോഴേക്കു് സമയം വളരെ വൈകിപ്പോയി. രാജ്യത്തെ ജനാധിപത്യപ്രേമികളും വിപത്തറിഞ്ഞുവന്നപ്പോഴേയ്ക്കും കമ്മ്യൂണിസ്റ്റുകാർ അവരുടെ അവസാനക്കൈയ്ക്കു തയ്യാറായിക്കഴിഞ്ഞിരുന്നു—അതിശക്തിയായ ഒരു സംഘർഷാവസ്ഥ രാജ്യത്തിലാകമാനം ഉണ്ടാക്കി, എല്ലാ സ്വരാജ്യസ്നേഹികളേയും പ്രതിപക്ഷങ്ങളേയും അറസ്റ്റുചെയ്തു വധിച്ചു; ഒരു മിന്നലാക്രമണം നടത്തി അധികാരം കരസ്ഥമാക്കി.



റുമേനിയായിലെ കർഷക കക്ഷിനേതാവു്, ഡോ. ജൂലിയൂ മാനിയൂ — കമ്മ്യൂണിസ്റ്റുകാരെ വിശ്വസിച്ചു് ഇദ്ദേഹം ദേശീയ ഡമോക്രാറ്റിക് മുന്നണി സൃഷ്ടിച്ചു; ഒരു കൂട്ടമന്ത്രിസഭ രൂപീകരിച്ചു. പക്ഷേ, പാർട്ടിസംഘടനയും ഗവൺമെണ്ടു സ്വാധീനതയും സുശക്തമായപ്പോൾ കമ്മ്യൂണിസ്റ്റുകാർ തിരിച്ചടിച്ചു. 1947-ൽ ഇദ്ദേഹത്തെ രാജ്യദ്രോഹക്കുറ്റത്തിനു് അറസ്റ്റുചെയ്തു വിസ്തരിച്ചു് ജീവപര്യന്തം ഏകാന്തത്തടവിനു വിധിച്ചു. അങ്ങനെ റുമേനിയായുടെ സ്വതന്ത്രാഭിലാഷം എന്നേക്കുമായി അറുത്തുകളഞ്ഞു.





ബുഡാപെസ്റ്റിലെ കർഷക യൂണിയൻനേതാവു്, നിക്കോളാ പെറർക്കോവു് — ഇദ്ദേഹവും യുദ്ധാനന്തര ദേശീയ പുനരുദ്ധാരണത്തിനുവേണ്ടി കമ്മ്യൂണിസ്റ്റുകളെ വിശ്വസിച്ചു് ഐക്യമുന്നണിയിൽച്ചേർന്നു. ഫലമോ, കമ്മ്യൂണിസ്റ്റുകൾ ശക്തി ആർജ്ജിച്ചതോടെ പെറർക്കോവിനെ രാജ്യദ്രോഹക്കുറ്റത്തിനു വിസ്തരിച്ചു വധിച്ചു. ഇന്നു് അദ്ദേഹത്തിന്റെ മൃതദേഹം ആരുമാരുമറിയാത്ത ഒരു വയലിൽ വിശ്രമം കൊള്ളുന്നു. അദ്ദേഹത്തിന്റെ അന്ത്യവാക്കുകൾ:— "ഇതു് സ്വാതന്ത്ര്യത്തിനും ബുഡാപെസ്റ്റിയൻ ജനതയുടെ ആസ്തിക്യത്തിനും വേണ്ടിയുള്ളൊരു സമരമാണു്. ഞാൻ മരിക്കുന്നുണ്ടെങ്കിൽ ഈ സമരം തുടരുവാൻ ലക്ഷോപലക്ഷം ബുഡാപെസ്റ്റിയരുണ്ടാകും...." ഈ അന്ത്യസന്ദേശം ഓരോ ബുഡാപെസ്റ്റിയാക്കാരന്റെയും ഹൃദയാന്തർഭാഗത്തു് ഇന്നും മായാറാലിക്കൊള്ളുന്നു.

പ്രതിപക്ഷങ്ങളുടെ ദുർവിധി

"...നമ്മുടെ ഇരുമ്പുമുഷ്ടി എല്ലാ രാജ്യദ്രോഹികളുടേയും ഒറുകാരുടെയും ജനദ്രോഹികളുടേയും തലയിൽ പതിയണം; അവരെല്ലാം എന്നേയ്ക്കും നശിക്കണം; എല്ലാ ഉദ്യോഗസ്ഥന്മാരെയും, പാർട്ടി മെമ്പർമാരെയും, തൊഴിലാളികളെയും, വിദ്യാർത്ഥികളെയും ഒരു യുദ്ധരംഗത്തിലെന്നപോലെ സദാസമയവും — 24 മണിക്കൂറും — ഇക്കാര്യത്തിനായി ജാഗ്രൂകരായിരിപ്പാൻ പരിശീലിപ്പിക്കണം....."

പ്രസ്തുത പ്രസ്താവന 1952-ൽ ബർമ്മയിലായിൽ, ആ രാജ്യം കമ്മ്യൂണിസ്റ്റധീനത്തിലായി വളരെക്കഴിഞ്ഞശേഷം മാത്രം, പുറപ്പെടുവിച്ചതാണെങ്കിലും ഇതിൽനിന്നും കമ്മ്യൂണിസ്റ്റ്കാർക്ക് പ്രതിപക്ഷത്തോടുള്ള മനോഭാവമെന്തെന്നു മനസ്സിലാക്കാവുന്നതാണു്. ഇതിനെപ്പറ്റി ചിലതൊക്കെ മുൻപു് കണ്ടതാണെങ്കിലും വേറെ ചില ഉദാഹരണങ്ങൾകൊണ്ടു് ഇക്കാര്യം കൂടുതൽ വിശദമാക്കുന്നതാണു്.

കമ്മ്യൂണിസ്റ്റ്കാരുടെ നിഘണ്ടുവിൽ "അധികാരം" എന്നാൽ, "സമ്പൂർണാധികാരം" എന്നാണർത്ഥം. മറ്റു മനുഷ്യരുടെമേൽ സ്വാധീനം ചെലുത്താവുന്ന സമൂഹമണ്ഡലങ്ങളിലുമുള്ള "സമ്പൂർണാധികാരം". രാഷ്ട്രീയമായി അവരുടെ ലക്ഷ്യം, വലതുപക്ഷത്തെ നശിപ്പിക്കുക, മദ്ധ്യപക്ഷത്തെ നിഷ്പ്രഭമാക്കുക, ഇടതുപക്ഷത്തെ നിഷ്ക്രിയമാക്കുക എന്നിവയാണു്. അതിനുവേണ്ടി അവർ ആദ്യമായി ഇടതുപക്ഷങ്ങളുമായി ഒരു ഐക്യമുന്നണി സൃഷ്ടിക്കുകയും, നിർവ്വാഹമുണ്ടെങ്കിൽ ഗതിമപ്രകാരമോ, അല്ലാതെയൊ വലതുപക്ഷത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

ഇന്നു് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ്കാർ മറ്റേതു കക്ഷികളുമായി യോജിച്ചും സമ്പൂർണശക്തിയുപയോഗിച്ചും കോൺഗ്രസ്സിനെ എതിർക്കുന്നതിന്റെ പ്രധാനരഹസ്യമിതാണു്. ഒരിക്കൽ വലതുപക്ഷപാർട്ടികളെ നശിപ്പിക്കാൻ സാധിച്ചാൽ ഉടനെ ആരംഭിക്കുകയായി, പ്രസ്തുത പാർട്ടികളെ അനുകൂലിക്കുന്നവരും പ്രജായത്ത ഭരണ സമ്പ്രദായത്തിന്റെ നട്ടെല്ലുമായ കർഷകനേയും ചെറുടമകളേയും ഭൂപരിഷ്കാരത്തിന്റെ പേരിൽ സാമ്പത്തികമായി തകർക്കുവാനുള്ള ഉഗ്രശ്രമം. അതോടെ കർഷകതൊഴിലാളികളും നിർജ്ജീവികളായിത്തീരുന്നു. അതു കഴിഞ്ഞാൽ, ദേശവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെല്ലാം രാഷ്ട്രത്തിന്റെ വകയാക്കിത്തീർക്കുകയും വ്യവസായികളുടെ പ്രവർത്തന ശക്തിയും സാമ്പത്തിക കഴിവുകളും ഇല്ലായ്മ ചെയ്കയും ചെയ്യുന്നു അതോടെ വ്യവസായതൊഴിലാളികളുടെയും സ്വാതന്ത്ര്യവും സംഘടനാബലവും നശിച്ചുപോകും. പിന്നീടു ശേഷിക്കുന്നതു് ചില്ലറ കച്ചവടക്കാരും സാമാന്യജനങ്ങളുമാണു്. സ്റ്റേറ്റ് ട്രെയിഡ് കോർപ്പറേഷൻ, റേഷനിംഗ് മുതലായവ നടപ്പിലാക്കി കച്ചവട മാത്സര്യവും ഭാരിച്ച നികുതികളും കൊണ്ടു് ഈ വർഗ്ഗത്തെയും നിസ്സഹായരാക്കിത്തീർക്കുന്നു.

ഇന്നു് കോൺഗ്രസ്സിന്റെ ദേശവൽക്കരണസംരംഭത്തേയും ഭൂപരിഷ്കരണത്തേയും പലരും ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നെങ്കിൽ, അതിനിടയിൽ ഈദൃശ അനുഭവങ്ങളുടെ ഭീതി നിഴലിച്ചുകാണുന്നതുകൊണ്ടുമാത്രമാണു്.

ഒരു കൂട്ടമന്ത്രിസഭയിൽ സാധാരണയായി കമ്മ്യൂണിസ്റ്റ്പാർട്ടി ആവശ്യപ്പെടാവുള്ളതു് ആഭ്യന്തരവകുപ്പു്, പ്രസിദ്ധീകരണവകുപ്പും, കൃഷിവകുപ്പുമായിരിക്കും. പ്രസ്തുത



ബംഗേറിയൻ കമ്മ്യൂണിസ്റ്റ്കാരാൽ സ്വഭവനങ്ങളിൽനിന്നു് ആട്ടിയോടിയ്ക്കപ്പെട്ട മുസ്ലീം അഭയാർത്ഥികൾ ടർക്കിയിൽ സുരക്ഷിതരായിരിക്കുന്നു.


വകുപ്പദ്ധ്യക്ഷന്മാരുടെ തുടച്ചയായ ഭീഷണിയും ഞെരുക്കലും തന്ത്രത്തിലുള്ള തിരുകിക്കയറ്റലുകളും മൂലവും സിവിൽഭരണം അതിശീഘ്രം കമ്മ്യൂണിസ്റ്റനുഭാവികളുടെ പക്കൽ ചെന്നു ചേരുകയും, അനുഭാവികളല്ലാതെ നില്ക്കുന്ന ഉദ്യോഗസ്ഥന്മാരെ, നിശ്ശേഷ്ടരാകുവാൻ തക്ക വിധം മറുവഴിക്കു തിരിച്ചുവിടുകയും ചെയ്യുന്നു. അങ്ങനെ സമൂഹത്തിന്റെ എല്ലാ നിരകളിലും നടത്തുന്ന ഈദൃശ ക്രമീകരണംമൂലം ആക്കെക്കിലും "ജീവിക്കണ"മെന്നുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റാനുകൂല്യം അവശ്യം ഉണ്ടായേ മതിയാവൂ എന്ന സ്ഥിതിവിശേഷം രാജ്യത്താകമാനം വരുത്തിവെയ്ക്കുന്നു. അതിനുംപുറമെ, കൃത്രിമന്ത്രിസഭയിലെ മറ്റു പാർട്ടികളെ ഒറ്റതിരിച്ചു് വലതുപക്ഷ പാർട്ടികളെന്ന മുദ്രകുത്തി ബഹുജനപ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുകയെന്നതു് കമ്മ്യൂണിസ്റ്റ്കാരുടെ മറ്റൊരു തെക്ക്നിക്കാണു്. തന്മൂലം, മുമ്പേതന്നെ ദുർബ്ബലങ്ങളായ ഈ ചെറിയ പാർട്ടികൾ ഓരോന്നായി ക്രമേണ ഗവമ്മെണ്ടിൽനിന്നും, രാഷ്ട്രീയരംഗത്തുനിന്നും പിൻമാറേണ്ടിയും വരുന്നു. ഇവയുടെയെല്ലാം പിന്നിലായി

മോസ്കോയുടെ ഉരുക്കുഹസ്തങ്ങളും ഒരു നിഴൽപോലെ സദാസമയവുമുണ്ടായിരിക്കുമെന്നുള്ളതു് ഒരു പരമാർത്ഥമാണു്. കമ്മ്യൂണിസ്റ്റാക്രമണത്തിനു് ഉതകത്തക്കവിധത്തിൽ രാജ്യസ്ഥിതി പാകമായാൽ ഒരവിചാരിതസമയത്തു് മിന്നൽവേഗത്തിൽ രാജ്യത്തിലാകെയൊരു സംഘഷ്ാവസ്ഥ സൃഷ്ടിക്കുകയും അതോടെ സകല പ്രതിപക്ഷനേതാക്കന്മാരെയും അറസ്റ്റ്ചെയ്യുകയോ വധിക്കുകയോ ചെയ്തുകൊണ്ടു് ഉഗ്രമായ സൈനികനിയമം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ചിലപ്പോൾ വെറും നാടകീയമായ ഒരു ഹിതപരിശോധനയോ, തെരഞ്ഞെടുപ്പോ നടത്തിയെന്നുംവരാം. അതോടെ കഴിഞ്ഞു. രാജ്യം റഷ്യയുടെ ഉപഗ്രഹമായി പകർന്നു കഴിഞ്ഞു. ശേഷിക്കുന്ന എല്ലാ എതിർപ്പുകളും പ്രതിവിപ്ലവശ്രമങ്ങളും ചെമ്പടയുടെ സാന്നിദ്ധ്യംമൂലം അമർന്നുപോകയും ചെയ്യും.

മുസ്ലീങ്ങൾ

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ മുസ്ലീങ്ങളുടെ ദുർവിധിയെപ്പറ്റി ആലോചിച്ചാൽ മറ്റു മതസ്ഥർക്കുണ്ടായ നിർഭാഗ്യാവസ്ഥയുടെ ഒരു പ്രതീകരണം മാത്രമാണെന്നു പറയാം. നാസി അനുകൂലികളായിരുന്നു എന്ന ആരോപണം ഉന്നയിച്ചു് കാൽമിക് ജാതിയെപ്പോലുള്ള മുസ്ലീംവർഗ്ഗം ഒട്ടാകെ വധിക്കപ്പെടുകയാണുണ്ടായതു്. ലോകമഹായുദ്ധാരംഭത്തിനു ശേഷം, മുസ്ലീങ്ങൾക്കു് ഗവർമ്മെണ്ടിലും പാർട്ടിയിലുമുണ്ടായിരുന്ന സർവ്വവിധ ഉദ്യോഗങ്ങളിൽനിന്നും അവരെ നിർദ്ദയം അകറ്റി നിറുത്തി. 1930മുതൽക്കുതന്നെ മുസ്ലീം മോസ്ക്കുകളെല്ലാം ധാന്യസംഭരണശാലകളും കാഴ്ചബംഗ്ലാവുകളുമാക്കി രൂപാന്തരപ്പെടുത്തിക്കഴിഞ്ഞിരുന്നു. മതബോധനവും കൊറാനും നിരോധിച്ചു ഭാവിതലമുറയ്ക്കുവേണ്ടി മുസ്ലീംചരിത്രംതന്നെ മാറ്റിയെഴുതിയെന്നതാണു് ഇതിലേറെ കഷ്ടതരമായിട്ടുള്ളതു്. സാർ ചക്രവർത്തികാലത്തു് സ്വേച്ഛാധിപത്യത്തിനു നേരെ സായുധത്തിൽ ധീരതയോടെ സമരംനയിച്ച ദേശാഭിമാനിയും, ലനിന്റെ പിൻഗാമിയെന്നു് ഒരുകാലത്തു് കമ്മ്യൂണിസ്റ്റ്കാർതന്നെ പുകഴ്ത്തിയിരുന്നയാളുമായ ഇമാം ഷാമിൽ തുടങ്ങിയ പ്രസിദ്ധരായ വീരപുരുഷന്മാരെപ്പോലും പിൻതിരിപ്പൻമാരും വിദേശ ഏജന്റന്മാരുമായിട്ടാണു് ഇപ്പോഴത്തെ പാഠ്യപുസ്തകങ്ങളിലും ചരിത്രഗ്രന്ഥങ്ങളിലും ചിത്രീകരിച്ചിരിക്കുന്നതു്.

മറ്റൊരു ദൃഷ്ടാന്തമാണു്, 1943-ൽ, പോളണ്ടിലെ തൊഴിലാളിനേതാക്കന്മാരായ ഹെൻട്രിക് ഏർലിച്ചിന്റെയും, വിക്ടർ ആൾത്തറിന്റെയും വധം. ചെമ്പടയെ നാസികളുമായി സഹകരിപ്പാൻ പ്രോത്സാഹിപ്പിച്ചുവെന്നതായിരുന്നു സോവിയറ്റ് ഗവർമ്മെണ്ടു് ഇവരുടെമേൽ ആരോപിച്ച കുറ്റം. എന്നാൽ ഇവർ രണ്ടുപേരും നാസികളുടെ പരമശത്രുക്കളായിരുന്നുവെന്ന പരമാർത്ഥം സുപ്രസിദ്ധമായിരുന്നു. സാർ ചക്രവർത്തിമാരുടെ കാലത്തുതന്നെ സ്വാതന്ത്ര്യത്തിനുവേണ്ടി പോളണ്ടിലും അന്തർദ്ദേശീയമണ്ഡലത്തിലും യത്നിച്ച തൊഴിലാളി സംഘടനകൾക്കു കെട്ടിപ്പടുത്തതു് ഇവരായിരുന്നു. അത്യഗാധമായ മനുഷ്യസ്നേഹികളായിരുന്നുവെന്നതിനു പുറമെ, തൊഴിലാളികൾക്കുവേണ്ടി ആത്മാർപ്പണംചെയ്ത രണ്ടു മഹത്വ്യക്തികളുമായിരുന്നു ഇവർ. നാസികളുടെ ഉയർച്ചയിൽ യൂറോപ്പു് അഭിമുഖീകരിക്കാൻ പോകുന്ന ആപത്തു് മുൻകൂട്ടിക്കണ്ടു് ആദ്യമായി സ്വരമുയർത്തിയ വീരയോദ്ധാക്കളും ഇവരായിരുന്നു. ഇവരുടെ നാസിവിരുദ്ധപ്രവർത്തനങ്ങളാൽ, ഹിറ്റ്ലറിന്റെ അഭിലാഷാനുസരണം റഷ്യ ഇവരെ ബന്ധനത്തിലാക്കി. രണ്ടുകൊല്ലം കഴിഞ്ഞു് ജയിൽ



ഹെൻടിക് ഏർലിച്ച്




വിക്ടർ ഹൂഗോ



മാഡം ഫ്രാൻടിസ്ക്കാ പ്ലാമിൻകോവാ



ഡോക്ടർ മിലാഡാ ഹൊറാക്കോവാ



നാസി ആക്രമണകാലത്ത് രാജ്യംവിട്ട പോളിഷ് പ്രധാനമന്ത്രി സ്റ്റാനിലോവ് മിക്കോലാജ് സെക്ക് 1944-ൽ തന്റെ മന്ത്രിസഭയിൽ പ്രസംഗിക്കുന്നു.

വിമുക്തരായപ്പോൾ "അന്തർദ്ദേശീയ യഹൂദ നാസിവിരുദ്ധലീഗ്" സംഘടിപ്പിക്കുന്നതിൽ ഇവർ വ്യാപൃതരായി. തദവസരത്തിലാണ് റഷ്യ ഈ മനുഷ്യസ്നേഹികളെ അറസ്റ്റ് ചെയ്തു വെടിവെച്ചു കൊന്നത്. എന്തിനു്? നാസിപ്രേമത്തിനോ? അല്ല; പോളണ്ടിലെ സ്വാതന്ത്ര്യപ്രേമികളായ തൊഴിലാളിനേതാക്കന്മാരിൽ ഇവർ പ്രമുഖരായിരുന്നുവെന്നതുകൊണ്ടു തന്നെ.

അന്തർദ്ദേശീയ സ്വീസ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ മാഡം ഫ്രാൻടിസ്കാ പ്ലാമിൻകോവായോളം പ്രശസ്തിയാർജ്ജിച്ച ഒരു വനിതാരത്നം യൂറോപ്പിലുണ്ടായിട്ടില്ല. ചെക്കോസ്ലോവാക്യയിലെ പ്രസിഡന്റ് മാഡറിക്കിന്റെ ആത്മസുഹൃത്തായിരുന്ന ഇവർ, "ലീഗ് ഓഫ് നേഷൻസി"ലെ (യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഐക്യരാഷ്ട്രസമിതി) ആദ്യത്തെ വനിതാ പ്രതിനിധിയുമായിരുന്നു. തന്നെക്കാൾ 26 വയസ്സ് പ്രായംകുറഞ്ഞ മാഡം മീലാഡാ ഹൊറാക്കോവാ അവരുടെ വലംകയ്യായിരുന്നു. ഇരുവരും പ്രജായത്ത സിദ്ധാന്തങ്ങളിൽ ഉറച്ച വിശ്വാസികളും സ്വതന്ത്ര്യസമരത്തിലെ മുന്നണിയോദ്ധാക്കളുമായിരുന്നു. സോവിയറ് ഭീഷണിയുടെ മുമ്പിൽ തലകുനിയ്ക്കാതെ മാതൃരാജ്യത്തിനുവേണ്ടി നിരന്തരം പ്രവർത്തിക്കുവാൻ

പാർലിമെൻറ് അംഗത്വംപോലും ഉപേക്ഷിച്ചുകളഞ്ഞ ഉജ്ജ്വല ദേശാഭിമാനികളായിരുന്നു ഇവർ. ഇവരിൽ പ്ലാമിൻകോവായെ 1942-ൽ നാസികൾതന്നെ പിടിച്ചു കൊന്നുകളഞ്ഞു. മിലാഡാഹൊറാക്കോവാ 1950 ജൂൺ 27-ാംനു- കമ്മ്യൂണിസ്റ്റ്കളാലും വധിക്കപ്പെട്ട

യൂറോപ്പുമുഴുവൻ പ്രശസ്തിയാർജ്ജിച്ച ഒരു കഷ്കനേതാവായിരുന്നു, സ്റ്റാനിലോവ്. ഇദ്ദേഹം ആദ്യം പോളണ്ടിലെ നാഷണൽ കൗൺസിലിൻെറ പ്രസിഡൻറസ്ഥാനവും അതിനുശേഷം പോളീഷ് ഗവമ്മെണ്ടിൽ പ്രധാനമന്ത്രിപദവും അലങ്കരിക്കയുണ്ടായി. യുദ്ധാനന്തരം പോളണ്ടിലെ രാഷ്ട്രീയ പാർട്ടികളിൽ ഏറ്റവും ശക്തമായിരുന്നതു് ഇദ്ദേഹത്തിൻെറ കർഷകപാർട്ടിയായിരുന്നു പക്ഷേ, തെരഞ്ഞെടുപ്പു സമീപിച്ചപ്പോൾ പ്രസ്തുത പാർട്ടിയിലെ എല്ലാ പ്രമുഖാംഗങ്ങളെയും കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മിന്നൽവേഗത്തിൽ അറസ്റ്റ് ചെയ്കയും സ്റ്റാനിലോവിനേയും സഹപ്രവർത്തകരേയും രാജ്യദ്രോഹികൾ എന്ന മുദ്രകുത്തി വമ്പിച്ച ഒരു പ്രകടനം നടത്തുകയും ചെയ്തു. സ്റ്റാനിലോവ് മാത്രം ഒരുവിധത്തിൽ ഒളിച്ചോടി രക്ഷപെട്ടകയുണ്ടായി.

പരമ്പരാഗതമായ മനുഷ്യാവകാശങ്ങളിൽ പത്രസ്വാതന്ത്ര്യമാണു് ഒരു കമ്മ്യൂണിസ്റ്റ്ഭരണത്തിൽ ആദ്യമായി അപ്രത്യക്ഷപ്പെടാറുള്ളതു്.

എല്ലാവിധ മൗലികാവകാശങ്ങളും ഉറപ്പുനൽകുന്ന ഒരു ഭരണഘടനയുടെ കീഴിൽ ഉറച്ച ഒരു കേന്ദ്രഗവമ്മെണ്ടിൻെറ കീഴ്ഘടകമായി നേരിയ ഭൂരിപക്ഷത്തോടുകൂടി കേരളത്തിൽ ഭരണം ഏറെറടുത്ത കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടു് പത്രങ്ങളുടെ നേരെ അവലംബിച്ച നയം ഈയവസരത്തിൽ സ്മരണീയമാണു്.

ഫാസിസ്റ്റ് നാസികളിൽനിന്നു 'വിമോചിക്കപ്പെട്ട' 1914-നും, കമ്മ്യൂണിസ്റ്റ്ഭരണം അവിടെ സ്ഥാപിതമായ 1947 നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ്കാർ അവിടത്തെ പത്രസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ഹനിക്കുന്നതിനു് പത്തു മാർഗ്ഗങ്ങൾ പ്രയോഗത്തിൽ വരുത്തുകയുണ്ടായി: —

1. പത്രസെൻസറിൽ വിവേചന — ഇതുമൂലം, കമ്മ്യൂണിസ്റ്റിതരവാർത്തകളും പരസ്യങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്നതിനുമുമ്പു് ഗവമ്മെണ്ടുപരിശോധനയ്ക്കു വിധേയമാക്കി.

2. പത്രാധിപന്മാർക്കു് കർശനനിർദ്ദേശങ്ങൾ —

3. പ്രസ്സ്തൊഴിലാളികൾക്കു് നിയന്ത്രണം — കമ്മ്യൂണിസ്റ്റ്കാരാൽ നിയന്ത്രിതമായ പ്രസ്സ്തൊഴിലാളിസംഘങ്ങൾക്കു്, കമ്മ്യൂണിസ്റ്റിതരവാർത്തകളോ ലേഖനങ്ങളോ അച്ചടിച്ചുപോകരുതെന്നു് കല്പനകൊടുക്കുകയും, അതോടെ മിക്കവാറും എല്ലാ അച്ചടിശാലകളും പാർട്ടിസെക്രട്ടറിമാരുടെ അധീനത്തിലായിത്തീരുകയും ചെയ്തു.

4. പത്രക്കടലാസ്നിയന്ത്രണം — അങ്ങനെ, കമ്മ്യൂണിസ്റ്റിതരപത്രങ്ങൾ, കടലാസിൻെറ ദുർല്ലഭ്യംകൊണ്ടുതന്നെ അപ്രത്യക്ഷങ്ങളായി.

5. പുതിയ പത്രങ്ങൾ തുടങ്ങുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിൽ വിവേചന - അങ്ങനെ കമ്മ്യൂണിസ്റ്റിതരപത്രങ്ങൾക്കുള്ള തുടക്കംതന്നെ അസാദ്ധ്യമാക്കിത്തീർത്തു.

6. കമ്മ്യൂണിസ്റ്റിതരവാർത്താവിതരണക്കാർക്കു് താക്കീതും ശിക്ഷയും — കമ്മ്യൂണിസ്റ്റിതരവാർത്താ ഏജൻറന്മാരേയും ലേഖകന്മാരേയും ക്രൂരമായി മർദ്ദിക്കുക; പലതരം കേസുകളിൽ ഉൾപ്പെടുത്തി പ്രോസിക്യൂട്ടുചെയ്യുക; അലട്ടിയും ഭയപ്പെടുത്തിയും പിന്മാറുക. ഗ്രാമപ്രദേശങ്ങളിലും ഫാക്ടറിത്താവളങ്ങളിലും ഇതു സർവ്വസാധാരണമായി.



ഒരു സ്വതന്ത്രപത്രമായ ആർഗസിന്റെ പത്രാധിപർ, മാറിൻ പിറിഗോയ് — ഇദ്ദേഹം കമ്മ്യൂണിസ്റ്റ്കാരാൽ കഠിനമായി മർദ്ദിക്കപ്പെട്ടു.

7. പ്രസിദ്ധീകരണങ്ങൾക്ക് നിയന്ത്രണം — എല്ലാവക സ്വതന്ത്രവാരികകളുടേയും ഗ്രന്ഥങ്ങളുടേയും മറ്റപ്രസിദ്ധീകരണങ്ങളുടെയും വിതരണത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തി.

8. കമ്മ്യൂണിസ്റ്റിതരപ്രസ്സുകളുടെമേൽ അനിയന്ത്രിതമായ അധികാരം — ഏറ്റവും നിസ്സാരമായ കുറ്റങ്ങൾക്കുപോലും ചുമത്തി നിരവധി കമ്മ്യൂണിസ്റ്റിതരപ്രസ്സുകൾ കണ്ടുകെട്ടി.

9. വാർത്താവിനിമയനിയന്ത്രണം — കമ്മ്യൂണിസ്റ്റിതരരുടെ വാർത്താസംഘടനകളേയും അവരുടെ കമ്പിസന്ദേശങ്ങളേയും മുടക്കംചെയ്തു.

10. കമ്മ്യൂണിസ്റ്റനുകൂലമല്ലാത്ത ഗ്രന്ഥങ്ങൾക്കു നിരോധനം — ഇതുമൂലം, കമ്മ്യൂണിസത്തോടു കൂറുകാണിക്കാത്ത യാതൊരു പ്രസിദ്ധീകരണങ്ങൾക്കും ഗ്രന്ഥങ്ങൾക്കും വെളിച്ചം കാണാൻ സാദ്ധ്യമല്ലാതാക്കിത്തീർക്കുകയും, ഉള്ളതിനെ കർശനമായി നിരോധിക്കുകയും ചെയ്തു.

ഇങ്ങനെ രാജ്യത്തിലെ സർവ്വവിധ പ്രചരണോപാധികളും അനുക്രമം കൈവശപ്പെടുത്തി രാജ്യമെങ്ങും ഭയങ്കരമായ ഒരു നിശ്ശേഷ്ടാവസ്ഥ സംജാതമാക്കുകയും ചെയ്തു.

സാമ്പത്തിക ബലിയാടുകൾ

"കമ്മ്യൂണിസ്റ്റ് രാജ്യങ്ങളോടും കമ്മ്യൂണിസ്റ്റ് പ്രവർത്തകരോടും കച്ചവടബന്ധം പുലർത്തുന്നതുകൊണ്ടെന്താണപകടം?" — കമ്മ്യൂണിസ്റ്റിതര രാജ്യങ്ങളിലെ കച്ചവടക്കാരും വ്യവസായികളുമായിട്ടുള്ള പലരും ഒരുപക്ഷേ ചോദിച്ചേക്കാനിടയുള്ള ഒരു ചോദ്യമാണിതു്. "ആഭ്യന്തരമായ വൈരുദ്ധ്യങ്ങൾ ഉണ്ടെന്ന കാരണത്തിന്മേൽ കച്ചവടബന്ധവും സാമ്പത്തികബന്ധവും ശിഥിലീഭവിക്കുന്നതു ന്യായമോ? പണം ആരുടേതായാലും നല്ലതു തന്നെ. കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ നല്ല കച്ചവടസൗകര്യങ്ങൾ നൽകുമ്പോൾ അതു നിഷേധിക്കുന്നതു് സാമ്പത്തികമായി പരിഗണിച്ചാൽ ബുദ്ധിപൂർവ്വകമായിരിക്കുമോ?" തികച്ചും ന്യായമായ ഒരു ചോദ്യമാണിതു്. പക്ഷേ, പലർക്കും ഇനിയും ഒന്നു മനസ്സിലാകാതെയാണിരിക്കുന്നതു്; കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ കച്ചവടവും വ്യവസായവും മുഴുവനായി ഗവൺമെണ്ടധീനത്തിലാണെന്നും അവ കൈകാര്യം ചെയ്യുന്നതിന്റെ ഏകലക്ഷ്യം കമ്മ്യൂണിസ്റ്റ് വിപ്ലവീകരണവും അതിന്റെ പരിമുറുക്കലുമാണെന്നുമുള്ള പരമാർത്ഥം.

ദൃഷ്ടാന്തമായി, ഇന്ത്യാക്കാരനായ ഒരു പഞ്ഞിവ്യാപാരി ഒരു ചീനാമില്ലുടമസ്ഥനുമായി കരാർചെയ്താൽ, ചീനാ മില്ലുടമസ്ഥനുണ്ടാകുന്ന ലാഭം ചീനാ ഗവൺമെണ്ടിന്റേതാണെന്നും ആ ലാഭം ആ ഗവൺമെണ്ടു് ഈ പഞ്ഞിവ്യാപാരിയുംപ്പടെയുള്ള ഇന്ത്യയെ ആക്രമിക്കുന്നതിനു് ഉപയോഗിക്കുമെന്നും പഞ്ഞിവ്യാപാരി ഓർമ്മിക്കുന്നില്ലെന്നു സാരം.

1951 ആഗസ്റ്റിൽ സോവിയറ്റുപത്രമായ ഇസ്‌വെസ്തിയ, യൂറോപ്പിലെ പശ്ചിമപൂർവ്വവാണിജ്യബന്ധത്തെപ്പറ്റി ഇങ്ങനെ എഴുതി:- "...പരസ്പരഗ്രഹണത്തിനുവേണ്ടി സോവിയറ്റുയൂണിയൻ മറ്റെല്ലാരാജ്യങ്ങളുമായി സമതുലനിലയിൽ വാണിജ്യബന്ധത്തിലേർപ്പെടാൻ തയ്യാറാണു്. അവർ പൂർവ്വയൂറോപ്പിലെ "ജനകീയ റിപ്പബ്ലിക്കു" (കമ്മ്യൂണിസ്റ്റ് ഉപഗ്രഹങ്ങൾ) കളുമായി ഉണ്ടാക്കിയിട്ടുള്ള വാണിജ്യകരാറുകൾ ഇതിനു മാതൃകയാണു്....." ഈ പ്രസ്താവനയിൽ ഒളിഞ്ഞുകിടക്കുന്ന കൃത്രിമതത്വം മനസ്സിലാക്കണമെങ്കിൽ ലനിന്റെ പ്രസിദ്ധമായ അന്തർദ്ദേശീയ വ്യാപാരനയത്തെപ്പറ്റിയുള്ള പ്രഖ്യാപനം ഓർമ്മിച്ചാൽ മതിയാവുന്നതാണു്. 1920-ൽ ലനിൻ ഇങ്ങനെ എഴുതി:- "...ഇതരരാജ്യങ്ങളുമായുള്ള വ്യാപാരബന്ധം പുനഃസ്ഥാപിക്കുന്നപക്ഷം നമുക്കിന്നാവശ്യമുള്ള യന്ത്രസാമഗ്രികളും അസംസ്കൃതവിഭവങ്ങളും ലഭിക്കുന്നതിനു് അതു സഹായകമായിത്തീരും. ആ ലക്ഷ്യത്തിലേയ്ക്കു് നമ്മുടെ എല്ലാ കഴിവുകളും കേന്ദ്രീകരിക്കണം. ഇതെത്രയുംവേഗം സാധിക്കുമോ അത്രയും വേഗം നാം മുതലാളിത്ത രാജ്യങ്ങളിൽനിന്നു് സ്വതന്ത്രരായിത്തീരുന്നതാണു്. പക്ഷേ, താല്ക്കാലികമായിട്ടല്ലാതെ ശാശ്വതമായി ഒരു നിമിഷനേരത്തേയ്ക്കുപോലും ആ രാജ്യങ്ങളുമായുള്ള വാണിജ്യമൈത്രിയെപ്പറ്റി ആലോചിച്ചുകൂടാത്തതാകുന്നു." ഇന്നു് സോവിയറ്റുയൂണിയനു് പാശ്ചാത്യരാജ്യങ്ങളിൽനിന്നും പല അസംസ്കൃതസാധനങ്ങളും യന്ത്രോപകരണങ്ങളും ലഭിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മാത്രമാണു്, ഇതര രാജ്യങ്ങളുമായുള്ള ഏകപക്ഷീയ വാണിജ്യബന്ധത്തിനു റഷ്യ ഇത്ര ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നതു്. പക്ഷേ, വിദേശരാജ്യങ്ങളും റഷ്യയ്ക്കു നൽകുന്ന ഓരോ സാധനവും റഷ്യ അവയ്ക്കെതിരായി വിനിയോഗിക്കുമെന്നുള്ളതു് സ്പഷ്ടം.

റഷ്യൻ ഉപഗ്രഹങ്ങളായ റുമേനിയാ, ബൾഗേറിയാ, ഹങ്കറി, പോളണ്ടു് തുടങ്ങിയ രാജ്യങ്ങളുമായുണ്ടാക്കിയ റഷ്യൻവ്യാപാര ഉടമ്പടികൾമൂലം പ്രസ്തുത രാജ്യങ്ങൾ റഷ്യയ്ക്കു

വേണ്ടി എത്രമാത്രം പൂഷണംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നു് കഴിഞ്ഞ ഒരദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു് വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. ചെക്കോസ്ലോവാക്യായിലെ കമ്മ്യൂണിസ്റ്റ് നേതാവായ ഗോട്ടുവാൾഡ് 1952 നവമ്പറിൽ ആ രാജ്യത്തെ തൊഴിലാളികൾക്കു നൽകിയ നിർദ്ദേശത്തിൽനിന്നു് റഷ്യയും ഇതര രാജ്യങ്ങളുമായുള്ള വ്യാപാരബന്ധം മനസ്സിലാക്കാം: "....നിങ്ങൾ, ചെക്ക് തൊഴിലാളികൾ, സോവിയറ്റു റഷ്യയുടെ മദ്ധ്യയൂറോപ്യൻ മുന്നണിഭടന്മാരാണു്. മോസ്കോയ്ക്കാവശ്യമായ സാധന സാമഗ്രികൾ യഥാകാലം എത്തിച്ചുകൊടുക്കുകയെന്നതാണു് നമ്മുടെ സാമ്പത്തികനയത്തിന്റെ ആദിയും അന്ത്യവും. ഈ സാധനങ്ങൾ നിർമ്മിക്കുന്നതിനും നിർവ്വിഘ്നം യഥാകാലം എത്തിച്ചുകൊടുക്കുന്നതിനുമാണു്, ചെക്കോസ്ലോവാക്യായുടെ സാമ്പത്തിക നിയമങ്ങൾ ഉരുക്കു ബലത്തോടെ കരുപ്പിടിപ്പിച്ചിട്ടുള്ളതു്..."

1952 ആഗസ്റ്റ് 3-ാംനു- ആസ്ത്രിയായിലെ സ്വതന്ത്രപത്രത്തിലുണ്ടായിരുന്ന ഒരു റിപ്പോർട്ടാണിതു്:— "ഉടമ്പടി പ്രകാരം ആസ്ത്രിയാ ബർഗേറിയായ്ക്കു് യന്ത്രോപകരണങ്ങൾ കയറ്റുമതി ചെയ്താൽ, പ്രതിഫലമായി ബർഗേറിയായിൽനിന്നു് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതു് പഞ്ഞത്തിനുപകരം വളരെ താണതരം സാധനങ്ങളാണു്. റുമേനിയായും ചെക്കോസ്ലോവാക്യായും ഇപ്പോൾ ചെയ്യുന്നതും ഇങ്ങനെതന്നെ. അതു ലഭിക്കുന്നതോ വളരെ വൈകിയിട്ടുമാണു്. ആസ്ത്രിയാ അവളുടെ വാണിജ്യകരാറുകൾ കൃത്യമായി പാലിക്കുമ്പോൾ, ഈ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങൾ — പണ്ടൊക്കെ വാണിജ്യകരാറുകൾ കൃത്യമായി പാലിക്കുന്നതിൽ പ്രശസ്തിനേടിയിരുന്ന പ്രസ്തുത രാജ്യങ്ങൾ — കമ്മ്യൂണിസ്റ്റ് ദുർന്നയംനിമിത്തം ഇന്നു് അവയൊന്നും പാലിക്കാതായിരിക്കുന്നു..."

റഷ്യയുടെ വാണിജ്യനയത്തിനു് ഇന്ത്യ ഒരുദാഹരണമാണു്. 1951-ലെ അതിവർഷവും വെള്ളപ്പൊക്കവും ഹേതുവായി ഇന്ത്യയിലുണ്ടായ ഭക്ഷ്യക്ഷാമകാലത്തു് റഷ്യ ഒരു ഔദാര്യദേവതയെപ്പോലെ നിന്നുകൊണ്ടു്, ലോകവിപണിയിലുള്ളതിനേക്കാൾ കുറഞ്ഞ വിലയ്ക്കു് 5 ലക്ഷം ടൺ ഭക്ഷ്യധാന്യം നൽകാമെന്നു് നിർദ്ദേശിക്കുകയുണ്ടായി. അതു് ഇന്നാട്ടിലെ പാർട്ടിപ്രചരണത്തിനുള്ള ഒരുപാധി മാത്രമായിരുന്നുവെന്ന വസ്തുത അധികംപേരും അറിഞ്ഞിരിക്കുകയില്ല. ഭക്ഷ്യദാരിദ്ര്യം വളരെയുള്ള റഷ്യ ഇത്രമാത്രം ഭക്ഷ്യധാന്യം കയറ്റുമതിചെയ്യുന്നതെങ്ങനെയെന്ന സംശയിച്ചേക്കാമെങ്കിലും ഇന്ത്യാഗവമ്മെണ്ടു് തല്ക്കാലം ഈ നിർദ്ദേശം സ്വീകരിച്ചു് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെട്ടു. പക്ഷേ, ഒടുവിൽ റഷ്യ നൽകിയതോ, വെറും അൻപതിനായിരം ടൺ മാത്രമായിരുന്നു. അതുതന്നെ മറ്റുരാജ്യങ്ങൾ ആവശ്യപ്പെട്ടതിനേക്കാൾ ക്രൂരതൽ വിലയ്ക്കും. തന്മൂലം ഇന്ത്യ പ്രസ്തുതകരാർ റദ്ദ് ചെയ്യുകയുണ്ടായി.

പ്രത്യക്ഷമായ മറ്റൊരു ദൃഷ്ടാന്തം ഇറാനാണു്. കാസ്പിയൻ കടലിലെ സ്മാക്മത്സ്യം ലോകപ്രസിദ്ധമാണു്. സ്മാക്കുവ്യവസായം വിപുലപ്പെടുത്തുന്നതിനുവേണ്ടി റഷ്യയും ഇറാനും തമ്മിൽ 1927-ൽ ഒരു വാണിജ്യയുടമ്പടിയുണ്ടാക്കി. ഇരുരാജ്യങ്ങളും ക്രൂടിച്ചേർന്നു് ഒരു ക്രൂട്ടുകമ്പനി സ്ഥാപിക്കുന്നതിനായിരുന്നു പ്ലാൻ. കരാറിൻപടി ക്രൂട്ടുകമ്പനി മനേജർമാരായി ആദ്യം റഷ്യാക്കാരനും പിന്നീടു് ഇറാൻകാരനും ഇങ്ങനെ മാറിമാറിയിരിക്കേണ്ടതാണു്; പക്ഷേ, കമ്പനിപ്രവർത്തനം അവസാനിക്കുന്നതുവരെ കമ്പനിമാനേജർ റഷ്യാക്കാരൻ തന്നെയായിരുന്നു. ഈ കമ്പനിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യം മുഴുവനും ഒരു

റഷ്യൻകമ്പനിയ്ക്ക് വളരെ കുറഞ്ഞ വിലയ്ക്ക് കൊടുക്കാമെന്നു കരാർചെയ്ത് മത്സ്യം മുഴുവനും റഷ്യയിലേയ്ക്ക് കയറ്റിയയച്ചുകൊണ്ടിരുന്നു. റഷ്യൻകമ്പനിയോ, ക്രമേണ വിലയ്ക്ക് അവ മുഴുവൻ മറുരാജ്യങ്ങളിലേയ്ക്കും കടത്തി. ഇവാൻ അങ്ങനെ വഞ്ചിക്കപ്പെടുകയും ലോകവിപണി തങ്ങൾക്കു നഷ്ടപ്പെടുകയും ചെയ്തു; കാസ്പിയൻ കടലിലെ മത്സ്യസമ്പത്തു മുഴുവനും റഷ്യ അങ്ങനെ ചൂഷണം ചെയ്തു.

ഫിൻലണ്ടു് വേറൊരു ഉദാഹരണമാണു്. യുദ്ധാനന്തരം റഷ്യ ഫിൻലണ്ടിൽനിന്നു് അക്രമപരമായ നഷ്ടപരിഹാരമാണു് ആവശ്യപ്പെട്ടതു്. ഇവയെല്ലാം ഇരുമ്പുരുക്കു സാധനങ്ങളായി നൽകണമെന്നും വ്യവസ്ഥചെയ്തു. തന്മൂലം ഫിൻലണ്ടിന്റെ സകല കഴിവുകളും വ്യവസായശാലകളും ഘനവ്യവസായത്തിലേയ്ക്കു തിരിച്ചുവിടേണ്ടിവന്നു. അങ്ങനെ ഫിൻലണ്ടിനു് വിദേശവിപണി നഷ്ടപ്പെട്ടു. നിത്യോപയോഗസാധനങ്ങൾപോലും നിർമ്മിക്കുന്നതിനു സാദ്ധ്യമല്ലാതായി. കഷ്ടപ്പെട്ട തൊഴിലാളികളുടെ ഇടയിൽ കമ്മ്യൂണിസ്റ്റ്തന്ത്രം ശരിക്കു ഫലിച്ചു. പാർട്ടിയണി ശക്തിപ്പെട്ടു. പെട്ടെന്നൊരുദിവസം റഷ്യ അവളുടെ എല്ലാ കച്ചവട ഓർഡറുകളും നിർത്തലാക്കി. അതോടെ ഫാക്ടറികളിലെ പ്രവർത്തനം നിലച്ചു. രാജ്യത്താകമാനം തൊഴിലില്ലായ്മയും പട്ടിണിയും നടമാടി. ഇതാണല്ലോ കമ്മ്യൂണിസ്റ്റുകളുടെ കൊയ്ത്തുകാലം. അങ്ങനെ ഫിൻലണ്ടു് എന്നേയ്ക്കുമായി റഷ്യയുടെ സാമ്പത്തിക നയത്തിനു വഴങ്ങിക്കൊടുക്കേണ്ടിവന്നു.

സോവിയറ്റുറഷ്യയുമായുള്ള വ്യാപാരബന്ധം വെറും തന്ത്രപരമൊരുദ്യമമല്ല. അതിനോടു് വാണിജ്യബന്ധത്തിലേർപ്പെടുന്ന ഏവരും ഓർത്തിരിക്കേണ്ട സുപ്രധാനമായ ഒരു സംഗതിയുണ്ടു്. തങ്ങളെയും തങ്ങളുടെ രാജ്യത്തെയും നശിപ്പിച്ചു് അടിമത്തത്തിലേയ്ക്കു് ആഴ്ത്തുവാൻ സദാസമയവും സർവ്വപ്രകാരേണയും ബദ്ധപ്പെട്ടു് ഉറഞ്ഞുതുള്ളുന്ന വഞ്ചകനായ ഒരു ശത്രുവിനോടാണു് തങ്ങൾ ഇടപെടുന്നതെന്നു്; തങ്ങൾ കൈമാറുന്ന സർവ്വസാധനസാമഗ്രികളും, ആ കച്ചവടത്തിൽനിന്നു് റഷ്യയ്ക്കു ലഭിക്കുന്ന മുഴുവൻ ലാഭവും തങ്ങളെത്തന്നെ നശിപ്പിക്കുന്നതിനു് തിരിച്ചുപയോഗിക്കുമെന്നു്.

ഭാവിയിലെ ബലിയാടുകൾ

റഷ്യയിൽനിന്നു് അനേകായിരം നാഴിക ദൂരെ വസിക്കുന്ന തെക്കേഅമേരിക്കനോ, അടുത്തു് അത്രതന്നെ ബന്ധമില്ലാത്ത ഒരിന്ത്യാക്കാരനോ ഒരവസരത്തിൽ കമ്മ്യൂണിസ്റ്റ്വിപത്തിനു വിധേയനായേക്കുമെന്നു് വിചാരിച്ചിരിക്കയില്ല. പക്ഷെ, ഈ പ്രശ്നത്തിനുത്തരം തെക്കേഅമേരിക്ക നൽകുന്നുണ്ടു്. കുറേനാൾമുമ്പു് കൊളംബിയാ കമ്മ്യൂണിസ്റ്റ്പാർട്ടി ജനറൽ സെക്രട്ടറി ഗിൽബർട്ടോ വീയരാ ബ്രസീലിലെ പാർട്ടികേന്ദ്രത്തിനയച്ച കമ്പിസന്ദേശത്തിൽ ഇങ്ങനെ പറയുന്നു:— "സഖാവ് സ്റ്റാലിൻ നീണാൾ വാഴട്ടെ. സ്റ്റാലിന്റെ മഹാനായ ശിഷ്യനും ബ്രസീലിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ലീഡറും സമസ്തജനങ്ങളുടേയും സ്നേഹഭാജനവുമായ പ്രസ്തസിന്റെ സാന്നിദ്ധ്യം ബ്രസീലിയൻ ജനതയ്ക്കു് സ്റ്റാലിനോടും ലനിനോടും ഏംഗൽസിനോടും മാർക്സിനോടുമുള്ള അത്യഗാധമായ ഭക്തിക്കും വിശ്വസ്തതയ്ക്കും മതിയായ തെളിവാണു്....." ഇതിൽ അത്രതന്നെ വാസ്തവമൊന്നുമില്ലെങ്കിലും



ജോസ് മാനുവൽ ഫൊർട്ടുണി — മോസ്കോവിൽനിന്നും പരിശീലനം ലഭിച്ച ഗോട്ടിമാലൻ കമ്മ്യൂ. പാർട്ടി സിക്രട്ടറിജനറലായ ഇദ്ദേഹം സ്റ്റാലിന്റെ ചിത്രത്തിൻകീഴിൽ വിശ്രമിയ്ക്കുന്നു. 1954 ൽ കമ്മ്യൂണിസ്റ്റ് വിരുദ്ധവിപ്ലവം പൊട്ടിപ്പുറപ്പെട്ടതിന്റെ ഫലമായി സ്വരാജ്യം വിട്ടുവാൻ നിബ്ബന്ധിതനാകുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ആഫീസ് മുറിയിൽവച്ചെടുത്തതാണീ ഫോട്ടൊ.



കാർലോ മാനുവൽ പെല്ലിസർ — ഗോട്ടിമാലയിലെ ഒരു കമ്മ്യൂണിസ്റ്റ് തൊഴിലാളി നേതാവായ ഇദ്ദേഹം, തൊഴിലാളി സങ്കേതങ്ങളിൽച്ചെന്ന് തൊഴിലാളി സ്ത്രീകൾക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നു.

സോവിയറിന്റെ നീണ്ട ഹസ്തങ്ങളും ദൂരവ്യാപകതന്ത്രങ്ങളും വ്യക്തമാകുന്നുണ്ട്. ബ്രസീലിയൻ ജനത, തങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുക്കപ്പെട്ട സ്വന്തം പ്രതിനിധികളാലോ, അതോ, അനേകശതം നാഴിക ദൂരത്തുള്ള ഒരു സ്വേച്ഛാധിപതിയുടെ ഇരുമ്പുമുഷ്ടിയുടെ മറ്റു നത്തിൻകീഴിലോ ഭരിക്കപ്പെടുവാൻ ഇഷ്ടപ്പെടുന്നതു്? പക്ഷേ, അണിയറയിൽ അവർ തയാറാക്കിക്കൊണ്ടിരിക്കുന്ന കെണിയെപ്പറ്റി അവരുണ്ടോ വല്ലതുമറിയുന്നു?

ഇനി, ഗോട്ടിമാലാ മറ്റൊരു ദൃഷ്ടാന്തമായെടുക്കാം. 1944 ഒക്ടോബർ 20-ാംനു- അവിടെയുണ്ടായ വിപ്ലവം ഒരു മർദ്ദകഗവമ്മെണ്ടിനെതിരായ സാക്ഷാൽ ജനകീയവിപ്ലവമായിരുന്നു. പുതിയ ഗവമ്മെണ്ടു് വളരെയധികം പുരോഗമനപരമായ പരിഷ്കാരങ്ങൾക്കായി നിയമനിർമ്മാണം ആരംഭിച്ചു. പക്ഷേ, ലനിൻ റഷ്യയിൽ ചെയ്തതുപോലെതന്നെ, റഷ്യൻ അഭ്യസനം നടത്തി തിരിച്ചുവന്ന വിദേശീയനായ മിഗ്വേൽ മാർമോൾ ചിക്കാസും, അന്തോണിയോ ഓവൻഡോ സാൻകെസുംകൂടി ഈ ബാലഭരണകൂടത്തിനെതിരായി വലിയ പ്രക്ഷോഭണവും അട്ടിമറിപ്രസ്ഥാനവും തുടങ്ങി. പുതിയ ഭരണകൂടം ആരംഭിച്ച പരിഷ്കാരങ്ങൾ വെറും "പിന്തിരിപ്പനാ"ണെന്നും ഇതിലും വലിയ പരിഷ്കാരങ്ങൾ ഒരു നിമിഷത്തിനുള്ളിൽ നടപ്പിൽവരുത്തുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കു കഴിയുമെന്നും മറ്റുമുള്ള അപ്രായോഗിക വീരവാദങ്ങൾ പലതും മുഴക്കി. 1951 ൽ കമ്മ്യൂണിസ്റ്റുകൾ പ്രസ്തുത ഗവമ്മെണ്ടിനെതിരായി ഒരു തുറന്ന യുദ്ധംതന്നെ ആരംഭിച്ചു. തത്സമയം നിരവധി വിഷമപ്രശ്നങ്ങളെ അഭിമുഖീകരിച്ചിരുന്ന ഗവമ്മെണ്ടു് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി അവരുടെ സഹായവും ക്രൂടി ആവശ്യപ്പെടുകയും അതോടെ ഒരു കൂട്ടമന്ത്രിസഭ രൂപീകരിക്കുകയും ചെയ്തു എന്നാൽ, ഫലമോ? രാജ്യത്തെ റേഡിയോയും പ്രസ്സുകളുമെല്ലാം അവർ കമ്മ്യൂണിസ്റ്റ് പ്രചാരണോപാധികളായി രൂപാന്തരപ്പെടുത്തുകയും, കേരളത്തിൽ ചെയ്തതുപോലെ, കമ്മ്യൂണിസ്റ്റ് സായുധസംഘങ്ങളെക്കൊണ്ടു് കമ്മ്യൂണിസ്റ്റിതരപാർട്ടികേന്ദ്രങ്ങളേയും നേതാക്കന്മാരേയും പോലീസ്സാന്നിദ്ധ്യത്തിൽ ആക്രമിച്ചു് വധിച്ചുതുടങ്ങുകയുമത്രെ ചെയ്തതു്. കലാപം വർദ്ധിച്ചുതുടങ്ങിയപ്പോൾ 20,000 കമ്മ്യൂണിസ്റ്റിതരജനങ്ങൾ സംഘടിച്ചു് ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധ

പ്രകടനം നടത്തുകയുണ്ടായി. ഇതു് ഒരു കമ്മ്യൂണിസ്റ്റ് മിന്നലാക്രമണത്തിനു നാന്ദി കുറിച്ചു. അവർ പോലീസിനെ അയച്ചു് എല്ലാ പ്രതിപക്ഷനേതാക്കളേയും അറസ്റ്റ് ചെയ്തു. രാജ്യരക്ഷയുടെ പേരിൽ എല്ലാ പ്രജായത്തസ്വാതന്ത്ര്യങ്ങളും റദ്ദ് ചെയ്തു. അനേകായിരം പൗരന്മാരെ അറസ്റ്റ് ചെയ്തും അനേകംപേരെ കൊന്നൊടുക്കിയുംകൊണ്ടു്, അവസാനം പരിപൂർണ്ണമായൊരു കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് അവിടെ സ്ഥാപിക്കുകയുമുണ്ടായി.

പക്ഷെ, ഈ മിന്നലാക്രമണം അധികം നീണ്ടുനിന്നില്ല. ജനാധിപത്യപ്രേമികളായ ജനങ്ങളെല്ലാം ഒത്തൊരുമിച്ചു് ഒരു പ്രതിവിപ്ലവം സംഘടിപ്പിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റ്കാർക്കു് പൂർവ്വയൂറോപ്പിലുണ്ടായിരുന്നതുപോലെ ഇവിടെ ചുമപ്പുസേനയുടെ പിൻബലമുണ്ടായിരുന്നില്ല. തന്മൂലം, അതിശക്തിയായി ഉയർന്നുവന്ന പ്രസ്തുത പ്രതിവിപ്ലവത്തിൽ കമ്മ്യൂണിസ്റ്റ്കാർ നിഷ്ക്ലേഷം പരാജയമടയുകയാണുണ്ടായതു്.

കേരളത്തിലെയും സമരചരിത്രം ഇതുതന്നെ. സുശക്തമായ ഒരു കേന്ദ്രഗവമ്മെണ്ടുണ്ടായിരുന്നതുകൊണ്ടു മാത്രം കമ്മ്യൂണിസ്റ്റ്കാർ തോറ്റു പിൻവാങ്ങേണ്ടിവന്നു. അതുകൊണ്ടുതന്നെയാണു്, സംസ്ഥാനഗവമ്മെണ്ടുകാർക്കു് പരമാധികാരം കൊടുപ്പിച്ചുകൊണ്ടു് കേന്ദ്രത്തെ ബലഹീനമാക്കുവാൻ അവരിപ്പോൾ പ്രക്ഷോഭണം നടത്തുന്നതു്. അതിനുംപുറമെ, ചൈന ഇപ്പോൾ ഇന്ത്യൻ ആക്രമണത്തിയിൽ എത്തിയിട്ടുമുണ്ടല്ലൊ. ഈദൃശ അടവുകളൊന്നും മനസ്സിലാക്കാതെ പല പ്രദേശിക മനഃസ്ഥിതിക്കാരും ഇവരുടെ ഈ കെണിയിൽ ഇപ്പോൾ കുടുങ്ങിപ്പോകുന്നുണ്ടു്.

കമ്മ്യൂണിസം ലോകത്തിന്റെ ശത്രു


കമ്മ്യൂണിസം നിമിത്തം ലോകത്തിനു് ഇന്നു വന്നിട്ടുള്ള ഭീമമായ നഷ്ടം കണക്കുകൂട്ടിയാൽ ഒടുങ്ങുന്നതല്ല. ഒരൊറ്റ ദൃഷ്ടാന്തം മാത്രമെടുത്താലോചിക്കാം—ലോകസമാധാനം—സകല മനുഷ്യരും ആഗ്രഹിക്കുന്ന അതിപ്രധാനമായ ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി കുറേ വാക്കുകൾ മാത്രം വൃഥാ ചിലവഴിക്കുന്നതല്ലാതെ കമ്മ്യൂണിസ്റ്റ്കാർ മറെറന്താണു ചെയ്തിട്ടുള്ളതു്. വാസ്തവത്തിൽ, ഐക്യരാഷ്ട്രസമിതിയിൽ ഈ ലക്ഷ്യത്തെ പരോക്ഷമായി തടയുക മാത്രമായിരുന്നു റഷ്യ ചെയ്തതു്. ഈ ഉദ്ദേശ്യത്തോടുകൂടി സെക്യൂരിറ്റി കൗൺസിലിൽ കൊണ്ടുവന്ന പ്രമേയങ്ങളിൽ അറുപത്തെട്ടെണ്ണം റഷ്യ വീറോടെ ചെയ്തുണ്ടായി എന്നറിയുമ്പോൾ അതിന്റെ ലോകസമാധാനവാഞ്ഛ എത്രത്തോളം ആത്മാർത്ഥത നിറഞ്ഞതാണെന്നു് ഊഹിച്ചുകൊള്ളുകയേ വേണ്ടൂ. ഇറാലി, ഫിൻലണ്ടു്, ജപ്പാൻ, സിലോൺ എന്നീ രാജ്യങ്ങളെ ഐക്യരാഷ്ട്രസമിതിയിൽ പ്രവേശിപ്പിക്കുന്നതിനെതിരായി റഷ്യ പരിപൂർണ്ണ നിസ്സഹകരണം പാലിച്ചു; കൊറിയൻ യുദ്ധത്തെ പരസ്യമായി പിൻതാങ്ങി; പിന്നോക്കരാജ്യങ്ങളുടെ പുരോഗതിയ്ക്കും സാമ്പത്തികഭദ്രതയ്ക്കും വേണ്ടി ലോകമഹാരാഷ്ട്രങ്ങളുടെ സഹകരണത്തോടുകൂടി രൂപീകരിക്കപ്പെട്ട, UNCEF, FAO, WHO മുതലായ അന്തർദ്ദേശീയ സംഘടനകളിൽ ചേരുവാൻ വിസമ്മതിച്ചു. ഇതൊക്കെയാണോ യഥാർത്ഥത്തിൽ ലോകസമാധാനം അഭിലഷിക്കുന്ന ഒരു മഹാരാഷ്ട്രം ചെയ്യുക?

ഇതുകൊണ്ടുമായില്ല, ഇതര രാഷ്ട്രങ്ങളെല്ലാം ചേർന്നു് ഐകകണ്ഠ്യേന പാസ്സാക്കിയ നിരായുധീകരണപദ്ധതികളെല്ലാം റഷ്യ നിരാകരിച്ചു; ആറ്റംബോംബു മുതലായ നശീകര

ണവസ്തുക്കളുടെ പരീക്ഷണം നിരോധിക്കുവാനും നിയന്ത്രിക്കുവാനുമുള്ള എല്ലാവിധ ശ്രമങ്ങളേയും വിഫലമാക്കുകയും ചെയ്തു. അതേസമയം, സ്വന്തം സൈന്യബലം കൂട്ടുകയും, മറ്റു രാഷ്ട്രങ്ങളെ ബലഹീനമാക്കുന്ന എതുവാദങ്ങളും വ്യവസ്ഥകളും ഉന്നയിക്കുയുമതെ ഇക്കാലമത്രയും റഷ്യ ചെയ്തിട്ടുള്ളതു്.

മനുഷ്യസമുദായത്തിന്റെ കെടുതികളും ദുരിതങ്ങളും അകറ്റുന്നതിനുവേണ്ടി അന്താരാഷ്ട്രീയസംഘടന ചെയ്യുന്ന എല്ലാ ശ്രമങ്ങളിൽനിന്നും ഒഴിഞ്ഞുമാറുകയും, ധാർമ്മികമായും സാമ്പത്തികമായും ലോകത്തിന്റെ പൊതുവെയുള്ള ഉന്നമനത്തിനു വിലങ്ങുതടിയായി നില്ക്കുകയും, വാക്കുകൊണ്ടും വെറും മുദ്രാവാക്യങ്ങൾകൊണ്ടും മാത്രം ലോകസമാധാനത്തെ പൂജിക്കുകയും, അതേസമയം, പ്രവൃത്തികൊണ്ടു് അതിനെതിരായി നിലകൊള്ളുകയും ചെയ്യുന്ന കമ്മ്യൂണിസം, എല്ലാ രാജ്യങ്ങളിലും എല്ലാ നിലവാരങ്ങളിലുമുള്ള കോടാനുകോടി ജനങ്ങളെ ഒട്ടുങ്ങാത്ത ദുരിതത്തിന്റെയും കഷ്ടപ്പാടുകളുടെയും ബലിപീഠത്തിൽ അർപ്പിക്കുകയതെ ഇതുവരെ ചെയ്തിട്ടുള്ളതു്.

1945-മുതൽ സോവിയറ്റുയൂണിയന്റെ സകല നയതന്ത്രലക്ഷ്യങ്ങളും, ഇതരരാജ്യങ്ങൾക്കെതിരായി സ്വന്തം സൈനികശക്തിയെ ബലപ്പെടുത്തുന്നതിനാണെന്നു വ്യക്തമായപ്പോൾ, കമ്മ്യൂണിസ്റ്റ്ഭീഷണിയെ ഭയന്നു് മറ്റു രാജ്യങ്ങളും കോടിക്കണക്കിനു പണം ചിലവഴിച്ചു് സൈന്യബലം വർദ്ധിപ്പിക്കുന്നതിനും അങ്ങനെ സ്വരക്ഷയ്ക്കു് വഴി കരുതേണ്ടതായും വന്നു.




ഐക്യരാഷ്ട്ര പൊളിറ്റിക്കൽ കമ്മറ്റിയിലെ റഷ്യൻ പ്രതിനിധിയായ ആന്ദ്രേയി വിഷിൻസ്കി — ഇദ്ദേഹം ലോകസമാധാനത്തിനുവേണ്ടിയുള്ള പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്യുവാൻ വിസമ്മതിക്കുന്നു.

അതേസമയം തന്നെ പ്രസ്തുത സ്വതന്ത്രരാജ്യങ്ങളെല്ലാം ഒരുമിച്ചുനിന്ന് ലോകപുരോഗതിയ്ക്കും പിന്നോക്കരാജ്യങ്ങളുടെ സുസ്ഥിതിയ്ക്കുംവേണ്ടി അക്ഷീണയത്നം ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. അന്തർദ്ദേശീയമായി നടത്തുന്ന ഈദൃശസംരംഭത്തിൽ സോവിയറ്റ് റഷ്യ കൂടി സഹകരിച്ചിരുന്നെങ്കിൽ ലോകത്തിന്റെ ഇന്നത്തെ നിഭാഗ്യാവസ്ഥ എത്രയോ പണ്ടേ മാറിപ്പോകയും സമാധാനം കൈവരികയും ചെയ്യുമായിരുന്നു.

ലോകക്ഷേമത്തിനും അവശരാജ്യങ്ങളുടെ അഭിവൃദ്ധിക്കുമായി സ്വതന്ത്രരാജ്യങ്ങൾ ഇന്നുവരെ ചെയ്തിട്ടുള്ളതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ മഹദ്സ്രമങ്ങളെല്ലാം തന്നെ മേൽപ്രസ്താവിച്ച കാര്യങ്ങൾക്ക് ആവശ്യമുള്ളതിന്റെ ഏറ്റവും ചെറിയ ഒരു ഭാഗം മാത്രമാകുന്നതേയുള്ളൂ. എത്രയോ വൻപിച്ച കമ്മപരിപാടി ഇനിയും കിടക്കുന്നു.

സാമ്രാജ്യവിപുലീകരണത്തിനുവേണ്ടിയുള്ള പടയൊരുക്കങ്ങൾക്കായി സോവിയറ്റ് റഷ്യ നിർമ്മിക്കുന്ന ഓരോ തോക്കുകളും, അതിനെതിരായി, ആ ഭീഷണിയെ ഭയന്ന് സ്വതന്ത്രരാജ്യങ്ങൾ സ്വരക്ഷാർത്ഥം നിർമ്മിക്കുന്ന ഓരോ തോക്കുകളും ഭ്രൂഖത്തെങ്ങും കൊടുംഭീരിദ്ര്യമനുഭവിക്കുന്ന മനുഷ്യജീവികളുടെ വായിൽനിന്ന് പിടിച്ചുപറിച്ചെടുക്കുന്ന അപ്പക്കഷ്ണങ്ങളാണെന്നോർക്കണം. 1945-നു ശേഷം, റഷ്യയുടെ സൈനികശക്തി പ്രസ്പഷ്ടമായതോടെ, റഷ്യയും സ്വതന്ത്രരാജ്യങ്ങളും നിർമ്മിച്ചിട്ടുള്ള യുദ്ധവിമാനങ്ങളുടെ സംഖ്യ ഇന്നും അജ്ഞാതമാണ്. പക്ഷേ, നിരവധിയാണെന്നുള്ളതു് നിസ്തർക്കവുമാണ്. കമ്മ്യൂണിസത്തിന്റെ ആക്രമണാത്മകശക്തി ലോകത്തിനു വരുത്തിവെച്ച ഭയങ്കരവിപത്തു് മനസ്സിലാക്കണമെങ്കിൽ ഒന്നുമാത്രം ചിന്തിച്ചാൽ മതിയാവും. ഓരോ സൈനികബോംബർ വിമാനങ്ങളും, ലോകത്തിലെ ഭാവിപൗരന്മാരാകേണ്ട കുട്ടികൾക്കായി സകലവിധ നവീനോപകരണങ്ങളോടുകൂടി സജ്ജമാക്കിയിട്ടുള്ള, 30 സ്കൂളുകളാണ് നഷ്ടപ്പെടുത്തിയിട്ടുള്ളതു്. ആ ഓരോ വിമാനങ്ങളും, ലോകത്തിലെ ഹതഭാഗ്യരായ രോഗികളുടേയും അംഗഭംഗം സംഭവിച്ചവരു



ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഇന്നിയും ഭക്ഷ്യദാരിദ്ര്യവും ദുരിതവും നടമാടുന്നുണ്ട് ഈ ചിത്രത്തിൽക്കാണുന്നതരത്തിൽ ഇന്ത്യയിൽത്തന്നെ അനേകായിരം സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഒരുനേരത്തെ ആഹാരത്തിനുവേണ്ടിമാത്രം എല്ലുമുറിയെ പണിയെടുക്കേണ്ടിവരുന്നു. ഇവരുടെ ദുരിതം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള സ്വരാജ്യശ്രമങ്ങളെ റഷ്യ എല്ലായ്പ്പോഴും എതുത്തുകൊണ്ടാണിരിക്കുന്നതു്


ടേയും ആശാകേന്ദ്രവും ആധുനിക സജ്ജീകരണങ്ങളോടുകൂടിയതുമായ 25 ആശുപത്രികളാണ് എടുത്തുകളഞ്ഞിട്ടുള്ളതു്. ഓരോ വിമാനങ്ങളുടേയും ചിലവു പരിഗണിച്ചാൽ, ഒന്നിനുള്ള ചിലവുകൊണ്ടു് 50 മൈൽ നീളത്തിൽ കോൺക്രീറു റോഡുണ്ടാക്കാമായിരുന്നു. കമ്മ്യൂണിസത്തിന്റെ ഈ ഒടുങ്ങാത്ത യുദ്ധാസക്തി ഇതിനകം എത്രയെത്ര ഭവനങ്ങൾ, സ്കൂളുകൾ, ദേവാലയങ്ങൾ, വൈദ്യുത സ്ഥാപനങ്ങൾ, ഭക്ഷ്യഭ്രമികൾ, ജലസേചന പദ്ധതികൾ, വ്യവസായശാലകൾ, മറ്റു് നിത്യോപയോഗ സാധനങ്ങൾ മുതലായവ ഭൂമുഖത്തുനിന്നു് അപഹരിച്ചുകളഞ്ഞു.

അനാവശ്യവും അനിയന്ത്രിതവുമായ ഈ യുദ്ധച്ചെലവിനെപ്പറ്റി പണ്ഡിറ്റു് നെഹ്രു ഒരിക്കൽ പറയുകയുണ്ടായി, "……സ്വതന്ത്രലോകത്തിന്റെയും കമ്മ്യൂണിസ്റ്റ് ലോകത്തിന്റെയും വെറും എട്ടു ദിവസത്തെ യുദ്ധാവശ്യച്ചിലവുകൾ മാത്രം പരിഗണിച്ചാൽ ഇന്ത്യയുടെ രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണത്തിനു് ധാരാളം മതിയാകു"മെന്നു്. പക്ഷെ, റഷ്യ സ്പുട്നിക്കു് സൃഷ്ടിച്ചു; തന്മൂലം ലക്ഷോപലക്ഷം പേർക്കു് ഓരോ പുതു ഭവനങ്ങൾ നഷ്ടപ്പെട്ടു.


ഏറ്റവും നിർഭാഗ്യകരമായ ഒരു സംഗതി ആറ്റംശക്തിയെ സംബന്ധിച്ചുള്ള റഷ്യയുടേയും ഉപഗ്രഹ രാജ്യങ്ങളുടേയും നിലപാടാണു്. അതുമൂലം സ്വതന്ത്ര രാജ്യങ്ങൾ എന്തുനടപടികൾ എടുക്കേണ്ടി വരുന്നു. അടുത്ത പുറങ്ങളിൽ ഇനി കാണുന്നതു്, ആറ്റംശക്തികൊണ്ടു് സമാധാനപൂർവ്വം ലോകത്തിനു കൈവരുത്താവുന്ന അത്ഭുതകരമായ




വെറും ആറുവയസ്സു് മാത്രം പ്രായമുള്ള ഒരു അഭയാർത്ഥി — പൂർവ്വയൂറോപ്പിലെ ലക്ഷോപലക്ഷം കുഞ്ഞുകുട്ടികൾ ഇതുപോലെ, മാതാപിതാക്കന്മാരും വീട്ടുകാരും നഷ്ടപ്പെട്ടു് ഇതരരാജ്യങ്ങളിൽ അഭയാർത്ഥികളായി നിർഭാഗ്യജീവിതം നയിക്കുന്നു.




ഒരു ആറ്റമിക്ക് സ്ഫോടനം—മനുഷ്യരാശി ഇതുവരെ ഉൗഹിക്കപോലുംചെയ്തിട്ടില്ലാത്ത, അത്രയ്ക്കു വിപുലമായ ഒരു ശക്തിപ്രസരണമാണ് ഒരു ചെറു ആറ്റം സ്ഫോടനത്തിൽനിന്ന് ഉത്ഭവിക്കുന്നതു്. ഈ ശക്തിയെല്ലാം, ഭക്ഷ്യപദാർത്ഥങ്ങളും ഉല്പാദിപ്പിക്കാൻ, മനുഷ്യനു കൂടുതൽ വെളിച്ചവും നൽകുവാൻ, രോഗാണുക്കളെ ഹനിക്കുവാൻ, —ഉപയോഗിക്കുമെങ്കിൽ ഇന്നു ലോകത്തിൽ സുന്ദരസുഭിക്ഷകാലം വന്നുകഴിഞ്ഞു. സോവിയറ്റുയൂണിയൻ ഇതു സമ്മതിക്കുമോ?




ആറ്റംശക്തി ഉപയോഗിച്ച് കൃഷി വിപുലപ്പെടുത്തുവാൻ കഴിയും.



വ്യവസായ സാമഗ്രികളും നിർമ്മിക്കാം.




കുടുംബങ്ങളിൽ വിദ്യുച്ഛക്തിയും ചെറുകിട വ്യവസായങ്ങളും വർദ്ധിപ്പിക്കാം.



വൈദ്യഗവേഷണങ്ങൾക്ക് ഉപയുക്തമാക്കി രോഗനിവാരണം നിർവ്വഹിക്കാം.

സമൃദ്ധിയുടെ ചിത്രങ്ങളാണു്. 1953—ൽ അമേരിക്കൻ പ്രസിഡന്റു് ഐക്യരാഷ്ട്രസമിതിയ്ക്കു് ഒരു നിർദ്ദേശം സമർപ്പിക്കയുണ്ടായി. ലോകരാഷ്ട്രങ്ങളുടെ പരസ്പരസഹകരണത്തിൽ ആറ്റംശക്തി സമാധാനപൂർവ്വമായ ലോകക്ഷേമത്തിനുവേണ്ടി ഉപയോഗപ്പെടുത്തുവാനും അതിനായി ഒരു അന്തർദ്ദേശീയശാസ്ത്രസമിതി രൂപീകരിക്കുവാനുമായിരുന്നു അതു്. എന്നാൽ കമ്മ്യൂണിസ്റ്റ്രാഷ്ട്രങ്ങൾ അതിനെ എതിർത്തു എന്നുമാത്രമല്ല, ആറ്റംശക്തി വളരെ രഹസ്യമായി സൈനികശക്തിക്കുവേണ്ടി വ്യാപരിപ്പിക്കുവാൻ തീർച്ചപ്പെടുത്തുകയുമാണുണ്ടായതു്. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ശാസ്ത്രം നല്കിയ ഏറ്റവും മഹത്തായ കഴിവിനെ, മനുഷ്യകുലത്തെ ആകമാനം ഭയവിഹ്വലരാക്കുവാനും നശിപ്പിക്കുവാനും വേണ്ടി വിനിയോഗിക്കുവാൻ യത്നിക്കുന്ന കമ്മ്യൂണിസ്റ്റ് ചിന്താഗതിയെപ്പറ്റി എന്തുപറയട്ടെ.

1945—ൽ റഷ്യൻ ഭടന്മാരും ഐക്യസഖ്യത്തിൽപ്പെട്ട പാശ്ചാത്യരാഷ്ട്രങ്ങളിലെ ഭടന്മാരും ബർലിനിൽ എത്തുകയുണ്ടായി അവർ ഐക്യകക്ഷിഭടന്മാരായിട്ടല്ല അവിടെ കൂട്ടിമുട്ടിയതു്; പ്രത്യുത, സുഹൃത്തുക്കളെപ്പോലെയും സ്നേഹിതന്മാരെപ്പോലെയുമാണു്. അവർ പരസ്പരം സ്വാഗതമരുളി; ഒരുമിച്ചു് സന്തോഷപൂർവ്വം ആടിപ്പാടിയുല്ലസിച്ചു. ഈ സൗഹാർദ്ദമനോഭാവം ലോകത്തിനു നൽകുമായിരുന്ന ശാന്തിയും സമാധാനവും എത്രമാത്രമായിരുന്നു. പക്ഷെ, കമ്മ്യൂണിസ്റ്റ് തന്ത്രം ഈ സൗഹാർദ്ദത്തിന്റെ കടയ്ക്കൽ കൊള്ളിവെയ്ക്കുകയാണു് ചെയ്തതു്. ശാന്തിക്കുപകരം വൈരവും, സമാധാനത്തിനുപകരം യുദ്ധഭീതിയും, ക്ഷേമത്തിനുപകരം അവർണ്ണനീയമായ കഷ്ടപ്പാടുകളുമാണു് ലോകത്തിനു സമ്മാനിച്ചതു്.



ജർമ്മനി കീഴടങ്ങിയപ്പോൾ സഖ്യസൈന്യങ്ങൾ—ബർലിൻ നഗരിയിൽ റഷ്യാക്കാരും പാശ്ചാത്യരുമായ ഇവർ ഒരുമിച്ചുകൂടിയതു് സഖ്യസൈന്യങ്ങൾ എന്നപോലെയല്ലാ, സുഹൃത്തുക്കളെപ്പോലെയാണു്.



9 കമ്മ്യൂണിസത്തിന്റെ ശത്രുക്കൾ

കാറൽമാക്സ് തന്റെ ലോക പ്രസിദ്ധമായ കമ്മ്യൂണിസ്റ്റ് പത്രിക പ്രസിദ്ധീകരിച്ച് ഒരു നൂറാണ്ടു കഴിയുന്നതിനുമുമ്പ്, ആദ്യത്തെ കമ്മ്യൂണിസ്റ്റ് രാഷ്ട്രം സ്ഥാപിതമായിട്ട് അൻപതുകൊല്ലം തികയുന്നതിനുമുമ്പ്, ഭൂപടത്തിന്റെ ഏകദേശം മൂന്നിലൊരു ഭാഗം, അതായത്, മനുഷ്യവാസമുള്ള ഭൂവിഭാഗത്തിന്റെ നാലിലൊരു ഭാഗം കമ്മ്യൂണിസ്റ്റ് ഭരണ സീമയിൽ അമർന്നു കഴിഞ്ഞു. ഇന്ന് ലോകമാസകലമുള്ള ജനസംഖ്യയിൽ മൂന്നിലൊരുഭാഗം അതിന്റെ രാഷ്ട്രാധികാരത്തിനുള്ളിൽ ജീവിക്കുന്നു. ഇങ്ങനെ രാജ്യസീമയുടെ വിസ്തൃതിയോ ജനസംഖ്യയുടെ ബാഹുല്യമോ വെച്ചു നോക്കിയാൽ കമ്മ്യൂണിസത്തിന്റെ ജൈത്രയാത്ര തീരെ അപ്രതിരോധ്യമാണെന്ന ഒരു മിഥ്യാബോധം ചിന്താശൂന്യരായ ജനതാമദ്ധ്യത്തിൽ ഉളവാക്കുവാൻ പ്രേരകമായി ഭവിക്കുന്നു. അവരെല്ലാം, കമ്മ്യൂണിസത്തിന്റെ ഈ ദിഗ് വിജയം, ടൈമൂറിന്റെയോ, ജങ്കിഷ്ഖാന്റെയോ, അറേബിലായുടേയോ ദിഗ്വിജയത്തെക്കാൾ വിസ്മയനീയമെന്നു ഘോഷിക്കാറുണ്ട്. എന്നാൽ പരമാർത്ഥം ഇതല്ല.

കമ്മ്യൂണിസത്തിന്റെ ആസ്ഥാനമായ റഷ്യയിൽത്തന്നെ ആകെ $21\frac{1}{2}$ കോടി ജനങ്ങളുള്ളതിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാർ വെറും 71 ലക്ഷത്തിലധികമില്ല. മറ്റു് ഉപഗ്രഹ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് മെമ്പർമാരുടെ ശതമാനം ഇതിലും തുലോം തുച്ഛമാണു്.

ഇവരെല്ലാം ഒരു പക്ഷെ ഭയംകൊണ്ടോ അഥവാ, ആദർശപരമായിട്ടോ ആണ് കമ്മ്യൂണിസ്റ്റ് പക്ഷക്കാരായിത്തീർന്നതെന്നു വ്യക്തമാണ്. എന്നാൽ ഇതിനേക്കാൾ സ്പഷ്ടമായിട്ടുള്ള മറെറാരു സംഗതി, റഷ്യയിലും ഉപഗ്രഹങ്ങളിലുമുള്ള ബഹുഭ്രൂരിപക്ഷം ജനങ്ങളും കമ്മ്യൂണിസത്തിനെതിരാണെന്നുള്ളതാണ്. ആഭ്യന്തരമായ ക്രമസമാധാന പരിപാലനത്തിനുവേണ്ടി പ്രസ്തുത രാജ്യങ്ങൾ അവലംബിക്കുന്ന, സാവ്ത്രികവും, ക്രൂരവും, അതിവിപുലവുമായ മർദ്ദന പരിപാടിതന്നെ ഇതിനു മതിയായ തെളിവാണ്. അങ്ങനെയെങ്കിൽ ചരിത്രം ആവത്തിക്കാതിരിക്കാമോ?

അതിക്രൂരവും, പൈശാചികവും, നിന്ദ്യവുമായ മർദ്ദനങ്ങൾകൊണ്ട് ഇങ്ങനെ അമത്തിവെച്ചിട്ടുള്ള ഈ ബഹുജന രോഷാഗ്നി ചില സന്ദർഭങ്ങളിൽ പൊട്ടിത്തെറിച്ച് ആളിക്കത്തിയിട്ടുണ്ട്.

ലോക മഹായുദ്ധത്തിന്റെ ആരംഭകാലത്തുണ്ടായ പല സംഭവങ്ങളും ലോകത്തെ പരിഭ്രമിപ്പിക്കുമാറ് ഈ പരമാർത്ഥം സ്പഷ്ടമാക്കി. ജന്മശത്രുവായ ഹിറ്റ്ലറുടെ സൈനിക മുന്നേറ്റത്തെ യുക്രയിനിലേയും ധവളറഷ്യയിലേയും കർഷകർ ക്ഷുത്തോടെ, വിമോചകരെയെന്നപോലെ, അത്യാഹ്ലാദപൂർവ്വം സ്വാഗതംചെയ്ത കഥ ലോകത്തിനു അത്യാശ്ചര്യകരമായി. ഇതിലും അവിശ്വസനീയമായതു്, ശത്രുസേനയുടെ മുമ്പിൽ അഞ്ചു കോടിയോളം റഷ്യൻ ഭടന്മാരും അവരുടെ സൈന്യാധിപന്മാരും യാതൊരെതിർപ്പും ക്രടാതെ ആയുധംവെച്ചു കീഴടങ്ങിയ കഥയാണ്. ഈ കാലഘട്ടത്തിലാണ് സ്റ്റാലിൻ, ബ്രിട്ടീഷ്-അമേരിക്കൻ സൈന്യങ്ങളെ റഷ്യയിലേക്കയയ്ക്കണമെന്നു് അഭ്യർത്ഥിച്ചതു്. കണക്കുപ്രകാരം അന്നു റഷ്യയ്ക്കു് ബ്രിട്ടനും അമേരിക്കയ്ക്കും ക്രടിയുള്ളതിനേക്കാൾ അനേകമടങ്ങ് സൈന്യങ്ങളുണ്ടായിരുന്നു. പക്ഷേ, സ്റ്റാലിനു് അറിയാമായിരുന്നു, അതിൽ ഭ്രൂരിപക്ഷവും തന്റെ നഗ്നവും ക്രൂരവുമായ ഭരണസമ്പ്രദായത്തെ അനുകൂലിക്കുകയില്ലെന്നു്. യുദ്ധഗതി പിന്നീടു് മാറിവീണതു്,



അടിച്ചമർത്തപ്പെട്ടിരുന്ന സോവിയറ്റ് കഷ്കജനത, മുന്നേറിക്കൊണ്ടിരുന്ന നാസിസേനയെ, വിമോചകരെയെന്നപോലെ ആഹ്ലാദപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഓടി രക്ഷപെടുവാൻ നിർവ്വാഹമില്ലാത്ത നിർഭാഗ്യജീവികൾ —

കമ്മ്യൂണിസം അടക്കി ഭരിക്കുന്ന നാടുകളിലെ നിസ്സഹായരാണിവർ; ബാൾട്ടിക്കുകടൽ മുതൽ ചൈനാക്കടലിന്റെ തീരംവരെ നീണ്ടുകിടക്കുന്ന ഭൂവിഭാഗത്തിലെവിടെയും കമ്മ്യൂണിസത്തെ വെറുക്കുകയും എതുക്കുകയും ചെയ്യുന്നവരാണിവർ; കമ്മ്യൂണിസം തങ്ങളോടും തങ്ങളുടെ കുടുംബത്തിന്റെനേരെയും ചെയ്ത കഠിനദ്രോഹത്തിന്റെ രുചി ശരിക്കറിഞ്ഞവരാണിവർ.























ഹിറ്റ്ലറിന്റെ വിഡ്ഢിത്തവും, ക്രൂരതരമായ ജർമ്മൻ പെരുമാറ്റരീതിയും, ബ്രിട്ടീഷ് അമേരിക്കരുടെ സൈനിക സഹായവുംകൊണ്ടു മാത്രമാണു്.

ഉപഗ്രഹങ്ങളിലെ ആഭ്യന്തരസ്ഥിതിയും ഇതിനേക്കാൾ ഒട്ടും മെച്ചമല്ല. 1953 ജൂൺ മാസത്തിൽ ഒരു സംഭവമുണ്ടായി: ആയിരമായിരം ജർമ്മൻ-സെക്ടു് തൊഴിലാളികൾ, മർദ്ദകഭരണക്രമത്തിനെതിരായി, ലഹള ഉണ്ടാക്കി. ആയിടതന്നെ, കൊറിയായിൽ ഐക്യരാഷ്ട്രസൈന്യം തടവുകാരാക്കിയ ചൈനായിലേയും, വടക്കൻ കൊറിയായിലേയും 22000 ഭടന്മാർ മാതൃരാജ്യത്തേയ്ക്കു് തിരിച്ചുപോകുവാൻ വിസമ്മതിച്ചു് അന്യരാജ്യങ്ങളിൽ അഭയത്തിനഭ്യർത്ഥിച്ചു. ഇരുമ്പുമറയ്ക്കു പുറത്തുള്ളവർ, കേൾക്കുകയോ, കാണുകയോ ചെയ്യാത്ത ഇതുപോലുള്ള ലക്ഷോപലക്ഷം സംഘട്ടനങ്ങൾ നിരന്തരമായി അതിനുള്ളിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. നാം അവയെപ്പറ്റി കേൾക്കുന്നില്ലെന്നുമാത്രം.


കമ്മ്യൂണിസം കടന്നിട്ടുള്ള എല്ലായിടത്തും ഇതുതന്നെയാണു് സ്ഥിതി. അനേകമനേകം സ്ത്രീപുരുഷന്മാരുടെ ഒളിച്ചോട്ടം, ഭരണക്രമത്തോടുള്ള കഠിനമായ എതിർപ്പു്, കയ്പേറിയ വെറുപ്പു്, ഒരിക്കൽ സ്വാതന്ത്ര്യം ലഭിച്ചാൽ പിന്നീടു് തിരിയെ പോകുവാൻ വിസമ്മതിക്കുക — ഇവയെല്ലാം കമ്മ്യൂണിസം കീഴടക്കിയിട്ടുള്ള ഒരു രാജ്യത്തിന്റേയോ, ജാതിയുടേയോ പ്രത്യേകതയല്ല. ഒരു വർഗ്ഗത്തിന്റെ പ്രത്യേകതയുമല്ല. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സാമൂഹ്യനിരകളിലും, സ്ഥിതിയിലുമുള്ളവരുടെ നിരന്തരദുരനുഭവങ്ങളുടെ ഫലം മാത്രമാണു്. കമ്മ്യൂണിസത്തിന്റെ കീഴിൽ ജീവിക്കുവാൻ ഇടയായിട്ടുള്ള സ്ത്രീപുരുഷന്മാരെല്ലാവരും — മനുഷ്യ വ്യക്തിവിലാസത്തിൽ വിശ്വസിക്കുന്ന, വ്യക്തിസ്വാതന്ത്ര്യം അഭിലഷിക്കുന്ന, മാനുഷികമൂല്യങ്ങളെ മാനിക്കുന്ന, സദാചാരനിയമങ്ങളേയും, ആദ്ധ്യാത്മികമൂല്യങ്ങളേയും വിലമതിക്കുന്ന — ഏതൊരു സ്ത്രീയും പുരുഷനും, — ഏറ്റവും വെറുക്കുന്ന, ഒരു വ്യവസ്ഥിതിയാണു് കമ്മ്യൂണിസം.




കമ്മ്യൂണിസത്തിന്റെ മർദ്ദനഭരണത്തിൻകീഴ് ആശനശിച്ച കിഴക്കൻ ജർമ്മൻ തൊഴിലാളികൾ — ഇവർ 1953-ൽ ഒരു വിപ്ലവം ആരംഭിച്ചു. നിരായുധരായ ഇവർ ബാരൻ ബർഗ് ഗേറ്റിൽനിന്നു് പടിഞ്ഞാറെ ബർലിനിലേക്കു് ജർമ്മൻപതാകയും വഹിച്ചുകൊണ്ടു് വൻപിച്ച ഒരു ജാഥ നടത്തി. "ഞങ്ങൾക്കു സ്വാതന്ത്ര്യം വേണം" എന്ന മുദ്രാവാക്യങ്ങൾകൊണ്ടു് ദിഗന്തങ്ങൾ മുഴങ്ങി.

കമ്മ്യൂണിസത്തെ ചെറുക്കുന്നവർ


1953 ജൂൺ 17-ാംനു- സോവിയറ്റുമേഖലയിലുള്ള പൂർവ്വജർമ്മനിയിൽ ഒരു സംഭവമുണ്ടായി: ഇരുമ്പുമറയ്ക്കുള്ളിലുള്ള ക്രൂരതയുടെ ഒരു മിന്നൽപ്പിണർപോലെ പ്രകാശിപ്പിച്ച ഒന്നായിരുന്നു അതു്.



ജനങ്ങളാസകലം ഈ ജാഥയുടെ പിന്നാലെ കൂടി. ഈ ചിത്രത്തിൽക്കാണുന്നതു്, ലഹളക്കാർ ഒരു കമ്മ്യൂണിസ്റ്റ് ബുക്ക് സ്റ്റാളിനു് തീ കൊളുത്തുന്ന രംഗമാണു്. അതുമേൽ അവർ കമ്മ്യൂണിസ്റ്റ് വ്യാജപ്രചാരണങ്ങളെ വെറുക്കുന്നു.



ലഹള അമർത്താൻ നിയോഗിച്ച റഷ്യൻ ടാങ്കുകളും കവചിതസേനകളും ജനക്കൂട്ടത്തിലേയ്ക്കു് വെടിയുണ്ടകളും വർഷിക്കുന്നു. അനേകമനേകം പേർ ചത്തുവീഴുകയാണു്; എന്നിട്ടും ജനക്കൂട്ടം മുന്നോട്ടു്.



നിരായുധരായ ഈ നിർഭാഗ്യതൊഴിലാളികളും റഷ്യൻ കവചിത സൈനിക നിരയുടെ നേരെ കല്ലും ഇഷ്ടികയും എറിഞ്ഞു് അവരുടെ ക്രോധം പ്രകടിപ്പിക്കുന്നു.

ഒരുലക്ഷം നിരായുധരും അസംഘടിതരുമായ പൂർവ്വജർമ്മനിയിലെ പൗരാവലി, "ജനകീയ"പോലീസിന്റെ മുഷ്ടിബലത്തേയും, സോവിയറ്റ്സേനയുടെ തോക്കുകളേയും വെല്ലുവിളിച്ചുകൊണ്ട് ഒരു വിപ്ലവപ്രകടനം നടത്തി. താമസംവിനാ, ഈ വിപ്ലവാഗ്നി പൂർവ്വജർമ്മനി മുഴുവനിലും വ്യാപിച്ചു. രാജ്യാതിർത്തിയേയും ഭേദിച്ച് അതു് ചെക്കോസ്ലോവാക്യായിലേയ്ക്കും പടർന്നുപിടിച്ചു. പണിമുടക്കുകളും തെരുവുയുദ്ധങ്ങളും ഗവർമ്മെണ്ടിനെതിരേയുള്ള കൊള്ളിവെപ്പുകളും രാജ്യമാസകലം നടമാടി.

അതിനുമുമ്പു്, 1948-ൽ ബർലിനിലെ ജനങ്ങൾ സോവിയറ്റ് അധികാരത്തോടുള്ള അവരുടെ വെറുപ്പ് പ്രകടിപ്പിച്ചു. ആ ആണ്ടിൽ പടിഞ്ഞാറെ ബർലിനിൽനിന്നു് ബ്രിട്ടീഷ് ഫ്രഞ്ചു് അമേരിക്കൻസൈന്യങ്ങളെ പിൻവലിപ്പിച്ചു് അവിടെ ഒരു ശൂന്യാന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ആ പട്ടണഭാഗം മുഴുവൻ സോവിയറ്റ്സേന വലയംചെയ്തു് അവിടത്തെ ജനങ്ങളെ പട്ടിണിക്കിട്ടു. പടിഞ്ഞാറെ മേഖലയിൽനിന്നു് ബർലിനിലേയ്ക്കുള്ള സകല ഗതാഗതമാർഗ്ഗങ്ങളും അടച്ചുകളഞ്ഞാൽ പട്ടിണികൊണ്ടു വലയുന്ന ബർലിനിലെ സ്വതന്ത്രജനങ്ങൾ കീഴടങ്ങുമെന്നായിരുന്നു അവർ ആശിച്ചിരുന്നതു്. പക്ഷേ, അവർ പട്ടിണികൊണ്ടു വലഞ്ഞിട്ടും സ്വതന്ത്രസോവിയറ്റുകൾക്കു നേരെ നിന്നു. അത്രയ്ക്കായിരുന്നു, കമ്മ്യൂണിസത്തെ അവർ വെറുത്തിരുന്നതു്. അക്കാലത്താണു് ഇന്നു സുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന, ഇതിഹാസപരമായ, അമേരിക്കയുടേയും ബ്രിട്ടന്റേയും, വിമാനമാർഗ്ഗേണയുള്ള ഭക്ഷ്യവിതരണം നടന്നതു്.


പൂർവ്വജർമ്മനിയിലെ ജനകീയവിപ്ലവം, റഷ്യൻ ടാങ്കുകളും, തോക്കുകളുംകൊണ്ടു് അന്നു് അമർത്തുവാൻ സാധിച്ചെങ്കിലും, ഇന്നും, അവിടത്തെ ജനങ്ങൾക്കു് കമ്മ്യൂണിസ്റ്റ്ഭരണക്രമത്തോടുള്ള വെറുപ്പിനും, ശത്രുതയ്ക്കും ഒട്ടും കുറവു വന്നിട്ടില്ല.



മുന്നേറിക്കൊണ്ടിരിക്കുന്ന റഷ്യൻ ടാങ്കുകളുടെ മുമ്പിൽ ധീരനായ ഒരു ജർമ്മൻ തൊഴിലാളി മുഷ്ടിചുരുട്ടി നില്ക്കുന്ന ഒരു കാഴ്ച.



കമ്മ്യൂണിസ്റ്റ് സൈനികാക്രമണത്തെ തടുക്കുവാൻ കൊറിയൻ റിപ്പബ്ലിക്ക് സൈന്യങ്ങളോട് ചേർന്ന് ഐക്യരാഷ്ട്രസൈന്യവും പടപൊരുതുകയുണ്ടായി.



കൊറിയാ — നടുവിൽക്കാണുന്നതു് 38-ാം സമാന്തരരേഖയാണു്. കമ്മ്യൂണിസ്റ്റ് കൊറിയായേയും തെക്കൻ സ്വതന്ത്ര കൊറിയായേയും തമ്മിൽ ഇന്നു വേർതിരിച്ചിരിക്കുന്ന അതിർത്തിരേഖയാണിതു്.

കമ്മ്യൂണിസ്റ്റാക്രമണത്തെ പ്രതിരോധിക്കുന്നവർ

കമ്മ്യൂണിസ്റ്റ്കർക്കു് അവരുടെ ദ്വിഗ്വിജയം സൈനികആക്രമണംകൂടാതെ കരസ്ഥമാക്കുന്നതായിരിക്കും കൂടുതൽ പ്രയോജനകരം. പക്ഷേ, അതു സാദ്ധ്യമല്ലാത്തിടത്തെല്ലാം സൈനികബലം പ്രയോഗിക്കുന്നതിനും, അവർ മടിച്ചിട്ടില്ല. അത്തരമൊരു സംഭവമാണു്, മൂന്നാമതൊരു ലോകമഹായുദ്ധത്തിന്റെ വക്കിലോളം, ലോകത്തെ വലിച്ചിഴച്ച കൊറിയൻ ആക്രമണം. മുകളിൽക്കാണുന്ന ഭൂപടം കൊറിയാപ്രദേശത്തിന്റെയാണു്. കുറുകെ കാണുന്ന നീണ്ട വര 36-ാം സമാന്തര രേഖയാണു്. ഇതാണു് വടക്കും തെക്കും, കൊറിയായെ തമ്മിൽ വേർപെടുത്തുന്ന അതിർത്തിരേഖ. അപ്രകൃതമായ ഈ അതിർത്തിനിർണ്ണയം എങ്ങനെ സംഭവിച്ചു?


മഹായുദ്ധം കഴിഞ്ഞപ്പോൾ സഖ്യകക്ഷികൾ തമ്മിൽ ഒരു തീരുമാനമെടുത്തു. കീഴടങ്ങിയ ജപ്പാൻസൈന്യത്തിൽ, 36 ാം രേഖയ്ക്കു് വടക്കുള്ളവരെയെല്ലാം റഷ്യയും, പ്രസ്തുത രേഖയ്ക്കു് തെക്കുള്ളവരെയെല്ലാം അമേരിക്കയും നിരായുധരാക്കാമെന്നു്. അങ്ങനെ സോവിയറ്റ് സേനയ്ക്കു് വടക്കേ കൊറിയ മുഴുവനും സ്വാധീനമായി. 1947 ആയപ്പോഴേയ്ക്കും സന്ധിവ്യവസ്ഥ അനുസരിച്ചു് സോവിയറ്റ് സേന വടക്കേ കൊറിയാ വിട്ടുപോകുവാൻ സന്നദ്ധമല്ലെന്നു വ്യക്തമായിത്തുടങ്ങി. യു. എസ്സ്. എസ്സ്. ആർ. സന്ധിവ്യവസ്ഥ അനുസരിച്ചു് കൊറിയായിൽ ഒരു തിരഞ്ഞെടുപ്പു നടത്തുന്നതിനു് സമ്മതിക്കയില്ലെന്നു ബോദ്ധ്യമായപ്പോൾ ഐക്യരാഷ്ട്രസമിതി ഒരു തിരഞ്ഞെടുപ്പുകമ്മീഷനെ നിയോഗിച്ചയച്ചു. സ്വ

രാഷ്ട്രനിയമങ്ങൾക്കെതിരായി, ഈ കമ്മീഷാംഗങ്ങൾ വടക്കേ കൊറിയായിൽ പ്രവേശി ക്കുവാൻ റഷ്യ സമ്മതിച്ചില്ല. അതുകൊണ്ട് 1948-ൽ തെക്കേ കൊറിയായിൽമാത്രം ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പു നടത്തുകയും, അവിടെ ഒരു പ്രജായത്ത ഡമോക്രാററിക് ഗവർമ്മെണ്ട് സ്ഥാപിതമാകയും ചെയ്തു. ഇതു കഴിഞ്ഞതോട്ടുകൂടി റഷ്യ സോവിയറവ് മാതൃകയിലുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വടക്കേ കൊറിയായിലും നടത്തി — സോവിയറവ് പാർട്ടി നിർദ്ദേശിച്ച ഏക സ്ഥാനാർത്ഥികളെ മാത്രം വോട്ടുചെയ്യുവാനുള്ള, പ്രഹസന തിരഞ്ഞെടുപ്പ്. അങ്ങനെ വടക്കേ കൊറിയാ സോവിയറവിന്റെ ഒരു ഉപഗ്രഹമായി മാറി. അതിനുശേഷം മറെറല്ലാ ഉപഗ്രഹങ്ങളിലേയും പോലെതന്നെ സകലവിധ എതിർപ്പുകളേയും, മേലിൽ ഉണ്ടാകുവാൻ ഇടയുണ്ടെന്നു സംശയിക്കപ്പെട്ടവരെയൊക്കെയും, പതിവുപോലെ നിർമ്മാർജ്ജനം ചെയ്തു. രണ്ടുലക്ഷത്തിൽപ്പരം കൊറിയാക്കാരെ, സോവിയറവ് വിദഗ്ധന്മാരുടെ കീഴിൽ പരിശീലിപ്പിച്ച്, സുശക്തമായ ഒരു സൈന്യത്തെ സജ്ജീകരിച്ചു. അനന്തരം 1950-ജൂൺ 25-ാംതീയതി ഈ സൈന്യം തെക്കൻ കൊറിയൻ റിപ്പബ്ളിക്കിനെ ആക്രമിച്ചു. ഈ യുദ്ധം തുടങ്ങുന്നതിനു മുൻപുള്ള അഞ്ചു കൊല്ലത്തിനുള്ളിൽ 20 ലക്ഷം വടക്കൻ കൊറിയാക്കാരാണ് കമ്മ്യൂണിസത്തിൽനിന്നു ഓടി രക്ഷപെട്ടിട്ടുള്ളതു്. ഒളിച്ചോടി രക്ഷപെട്ട ഇവരിൽനിന്നു്, കമ്മ്യൂണിസം വന്നാൽ എന്തു സംഭവിക്കുമെന്നു തെക്കൻ കൊറിയാക്കാർക്കു മനസ്സിലായി. അവരുടെ ആവശ്യപ്രകാരം യുദ്ധം ആരംഭിച്ചു് രണ്ടുദിവസത്തിനകം ഐക്യരാഷ്ട്ര രാജ്യരക്ഷാസമിതി തെക്കേ കൊറിയായുടെ സഹായത്തിനു് ഓടിയെത്തി. വടക്കൻ കൊറിയൻ സൈന്യം തോല്ക്കുമെന്നു കണ്ടപ്പോൾ ചൈന അതിന്റെ സേനകളെ യുദ്ധരംഗത്തിറക്കി. മൂന്നു കൊല്ലത്തെ യുദ്ധത്തിനുശേഷമാണു് ചൈനയും, വടക്കൻ കൊറിയായും, ഒരു സമാധാനസന്ധിക്കു് സമ്മതിച്ചതു്. ഈ യുദ്ധം സകല സ്വതന്ത്ര രാഷ്ട്രങ്ങൾക്കും ഒരു കാര്യം വ്യക്തമാക്കിക്കൊടുത്തു. കമ്മ്യൂണിസം എന്നും ലോകസമാധാനത്തിനു നേരേയുള്ള ഒരു ഭീഷണിയാണെന്നു്. അതുകൊണ്ടാണു് സ്വതന്ത്ര രാഷ്ട്രങ്ങൾ അന്യോന്യം പ്രതിരോധ സന്ധിയുടമ്പടികളിൽ ഏർപ്പെട്ടിരിക്കുന്നതു്.

മടങ്ങിപ്പോകുവാൻ വിസമ്മതിക്കുന്നവർ

കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ നടത്തിയിട്ടുള്ള എല്ലാ യുദ്ധങ്ങളുടേയും അവസാനത്തിൽ, റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവം തുടങ്ങി ലോകമഹായുദ്ധവും, കൊറിയാ യുദ്ധവും വരെയുള്ള എല്ലാ യുദ്ധാന്ത്യത്തിലും, ചരിത്രം ഇതുവരെ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു വിചിത്ര സംഭവം ആവർത്തിക്കാറുണ്ട്. സാധാരണഗതിയിൽ തടവുകാരായി പിടിക്കപ്പെട്ടിട്ടുള്ള പട്ടാളക്കാർ സ്വദേശങ്ങളിലേയ്ക്ക് മടങ്ങിപ്പോകുവാൻ അത്യാർത്തിയോടെ യുദ്ധവിരാമം കാത്തിരിക്കുകയാണു് പതിവു്. അത്യാശ്ചര്യമെന്നേ പറയേണ്ടൂ, കമ്മ്യൂണിസ്റ്റ് സൈന്യങ്ങളുടെ രീതി ഇതിനെതിരാണു്. തടവുകാരാക്കപ്പെട്ട കമ്മ്യൂണിസ്റ്റ് ഭടന്മാരുടെ മനോഗതി നിർഭാഗ്യവശാൽ സ്വദേശത്തേയ്ക്ക് മടങ്ങിപ്പോകാതെ കഴിച്ചുകൂട്ടണമെന്നതത്രെ. എല്ലാ ജീവിത നിലവാരത്തിലുമുള്ള ഈ കമ്മ്യൂണിസ്റ്റ് ഭടന്മാരിൽ അനേകമനേകായിരംപേർ സ്വരാജ്യങ്ങളിലേയ്ക്കു മടങ്ങുവാൻ തീരെ വിസമ്മതിച്ചിട്ടുണ്ട്. നിത്യപരിചയത്തിൽ നിന്നു് കമ്മ്യൂണിസം എന്തെന്നു് നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ഇവർ, സ്വരാജ്യത്തിലേയ്ക്കു് മടങ്ങുന്നതിനേ







തടവുകാരനായി പിടിക്കപ്പെട്ട ഒരു ഉത്തരകൊറിയൻ ഭടൻ തിരിച്ചുപോകാൻ വിസമ്മതം പ്രകടിപ്പിച്ചുകൊണ്ട്, ഐക്യരാഷ്ട്രകമ്മീഷന്റെ മുമ്പിൽവെച്ച്, സോവിയറ്റ് എജന്റന്മാരെ (ഇടത്തുവശം) വെല്ലുവിളിച്ച് കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ നിഷ്ഠൂരനടപടികളെ വിളിച്ചുപറയുന്ന രംഗം.

ക്കാരം സർവ്വവുമുപേക്ഷിച്ച് ബന്ധുമിത്രാദികളെക്കൂടി വിട്ടുപിരിഞ്ഞ് അപരിചിതമായ മറ്റു രാജ്യങ്ങളിൽ കഷ്ടപ്പെടുകയാണ് ക്ലേശതരമെന്ന് കരുതുന്നു.

രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ ലക്ഷക്കണക്കിനു് സാധാരണ ജനങ്ങളെയും പട്ടാളക്കാരെയും സഖ്യകക്ഷികൾ നാസിതടങ്കൽ ക്യാമ്പുകളിൽനിന്നു് മോചിപ്പിച്ചു. ഇവരിലധികംപേരും ഈസ്റ്റോണിയാക്കാരും, ലാറ്റ്വിയാക്കാരും, ലിത്വേനിയാക്കാരും, പോളണ്ടുകാരും, റഷ്യാക്കാരും, യുക്രേനിയൻകാരും ആയിരുന്നു. ഇവരിൽ മിക്കവരും സ്വരാജ്യങ്ങളിലേയ്ക്ക് മടങ്ങുവാൻ വിസമ്മതിച്ചു. സോവിയറ്റ് അധികാരികൾ നിർബ്ബന്ധപൂർവ്വം ഇവരെയെല്ലാം മടക്കിക്കൊണ്ടുപോകണമെന്നു് ശഠിച്ചപ്പോൾ എത്രയോ ആയിരം പേരാണു് ക്യാമ്പുവിട്ടു് ഒളിച്ചോടിപ്പോയതു്.


കൊറിയായുദ്ധത്തിന്റെ അവസാനഘട്ടത്തിൽ പിടിക്കപ്പെട്ട വടക്കൻ കൊറിയായിലെ തടവുകാരെ നിർബ്ബന്ധിച്ചു് തിരിച്ചയയ്ക്കണമെന്നു് കൊറിയാ ശഠിച്ചെങ്കിലും തടവു

ബലഹീനനായ കൊറിയായെ കമ്മ്യൂണിസ്റ്റ് ചൈനു് ആക്രമിക്കുമ്പോൾ, കൊറിയൻ സൈന്യം വിരലിനെണ്ണുവാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും അവർ വളരെ കഷ്ടപ്പെട്ടു് നേടിയെടുത്ത അവരുടെ സ്വാതന്ത്ര്യം സംരക്ഷിപ്പാൻ ഇന്നു് ഒരു വലിയ സേനയെത്തന്നെ ആ ചെറുരാജ്യം തയാറാക്കേണ്ടിയിരിക്കുന്നു.

കാരുടെ അമർഷം കണ്ട് ഐക്യരാഷ്ട്രസമിതി സമ്മതിച്ചില്ല. മറിച്ച്, ഇന്ത്യയടക്കമുള്ള അഞ്ചു രാഷ്ട്രങ്ങളുൾപ്പെട്ട ഒരു കമ്മീഷനെ ഏർപ്പെടുത്തി ഓരോ പട്ടാളക്കാരുടെയും ഇംഗിതം മനസ്സിലാക്കി അതുപോലെ പ്രവൃത്തിക്കുന്നതിനു് നിർദ്ദേശിക്കയും ചെയ്തു. 2003 തടവുകാരെ ആദ്യമായി കമ്മീഷന്റെ മുമ്പാകെ ഹാജരാക്കിയതിൽ വെറും തൊണ്ണൂറുപേർ മാത്രമാണു് മടങ്ങിപ്പോകുവാൻ സമ്മതിച്ചതു്. ആകെ കമ്മീഷന്റെ മുമ്പാകെ ഹാജരായ ഇരുപത്തീരായിരം ചൈനാക്കാരും വടക്കൻ കൊറിയാക്കാരും തെക്കേ കൊറിയയിൽത്തന്നെ താമസിക്കണമെന്നാവശ്യപ്പെട്ടു. ഇതിനെതിരായി വെറും മുന്നൂററിയുപതു് ചൈനാക്കാരും വടക്കൻ കൊറിയാക്കാരുമാണു് മടങ്ങിപ്പോകുവാൻ സമ്മതിച്ചതു്. ഇവരിൽ മൂന്നിലൊരുഭാഗം കമ്മ്യൂണിസ്റ്റാരാധകരും, ബാക്കിയുള്ളവർ അവരുടെ കുടുംബങ്ങളുടെ നേരേയുള്ള കമ്മ്യൂണിസ്റ്റ് പ്രതിക്രിയയെ ഭയന്നുമാണു് മടങ്ങിപ്പോയിട്ടുള്ളതു്.

കമ്മ്യൂണിസത്തിൽനിന്നു് സ്വാതന്ത്ര്യം നേടിയവർ

കമ്മ്യൂണിസത്തിന്റെ കീഴിൽ കഴിയുവാൻ ഇടവന്നിട്ടുള്ള നിർഭാഗ്യവാന്മാരിൽ പലരും, ഓടി രക്ഷപെട്ടിട്ടുണ്ടു്. കമ്മ്യൂണിസത്തെ എതിർക്കാനുള്ള ദൃഢനിശ്ചയം അവരിലെല്ലാവരിലും പ്രകടമായിരുന്നു. ഇപ്പോൾ കാനഡയിൽ താമസിക്കുന്ന ഒരു സോവിയറ്റ് അഭയാർത്ഥിയായ ഇല്ലറിയോൺ പൗലോവിച്ച് ഇങ്ങനെ പ്രസ്താവിക്കുന്നു: "ഞാൻ ഒരു കൊല്ലമായി ഈ മഹാരാജ്യത്തു് ഒരു ആശാരിപ്പണിക്കാരനായി കഴിഞ്ഞുകൂട്ടുകയാണു്. കമ്മ്യൂണിസ്റ്റ് കാരും ഈ രാജ്യം ഒരു മുതലാളിത്ത-ഫാസിസ്റ്റ് രാജ്യമാണെന്നാണല്ലോ പറയുന്നതു്. പക്ഷെ, അവർ പറയുന്ന സോഷ്യലിസ്റ്റ് സ്വർഗ്ഗത്തിൽ സ്വപ്നം കാണുവാൻകൂടി സാധിക്കാത്ത ഒരു സുരക്ഷിതത്വമാണു് ഇന്നു ഞാൻ അനുഭവിക്കുന്നതു്. ഈ കാനഡയിൽ ഞാൻ




സ്വാതന്ത്ര്യത്തിലേയ്ക്ക് ഓടി രക്ഷപെട്ട ഒരഭയാർത്ഥി.


ഒരു വിദേശിയാണെങ്കിലും, ഒരു പോലീസുകാരനെങ്കിലും ഇതുവരെ, എന്നെ സമീപിച്ച് എന്റെ ഐഡന്റിറ്റി കാർഡ് ചോദിച്ചിട്ടില്ല. എന്റെയോ സ്നേഹിതന്മാരുടേയോ ബന്ധങ്ങളെപ്പറ്റിയും ചോദ്യം ചെയ്തിട്ടില്ല. വിദേശത്തു താമസിക്കുന്ന എന്റെ സ്നേഹിതന്മാരെപ്പറ്റിയോ, ബന്ധുക്കളെപ്പറ്റിയോ, ഞാനും അവരുമായിട്ടുള്ള ബന്ധത്തെപ്പറ്റിയോ ചോദിച്ചിട്ടില്ല. വൈകി ഉറങ്ങിപ്പോയതുകൊണ്ട് ജോലിയും, ഭക്ഷണവും കിട്ടുകയില്ലെന്നുള്ള ഭയവും എനിക്കിന്നില്ല. നിർബ്ബന്ധപൂർവ്വം ഒരു പാർട്ടി മീറ്റിങ്ങിലും പോകേണ്ട ആവശ്യമോ, മനസ്സില്ലെങ്കിലും, പാർട്ടിലൈനനുസരിച്ച് 'ഹുറാ' പറയേണ്ട ആവശ്യമോ ഇല്ല. ഞാൻ വേല ചെയ്തുകൊണ്ടിരിക്കുമ്പോൾ വല്ല തെറ്റും ഭവിച്ചാൽ അറ്റിമറിക്കാരനെന്ന മുദ്ര കുത്തി അടിമത്തടവറയിലേക്കു പോകേണ്ടിവരുമെന്നുള്ള മനഃഭീതിയും എനിക്കില്ല. ഫാക്ടറിവിട്ടു പോകുമ്പോൾ അബദ്ധത്തിൽ ഒരാണിയോ മറ്റോ എന്റെ കീശയിൽപ്പെട്ടുപോയാൽ 'രാഷ്ട്രവസ്തുക്കൾ കട്ടെടുത്തു' എന്ന ഭയങ്കര കുറ്റാരോപണവും ഞാൻ ഭയപ്പെടുന്നില്ല. എനിക്ക് ഇവിടെ ശനിയാഴ്ചയും, ഞായറാഴ്ചയും, മറ്റ് അവധിദിവസങ്ങളിലും ജോലിചെയ്യേണ്ട ആവശ്യവുമില്ല. ഇവിടെ എന്റെ ജോലികഴിഞ്ഞാൽ എനിക്കു ഇഷ്ടമുള്ള ഏതു മാസികയോ പത്രമോ വായിക്കാം. ഏതെങ്കിലും വിദേശിയമോ അല്ലാത്തതോ ആയ റേഡിയോ പരിപാടികളും കേൾക്കാം. എന്റെ കുട്ടികൾ ഒരു സ്വതന്ത്രസ്കൂളിലാണ് പഠിക്കുന്നത്. അവിടെ അവർ സത്യമെല്ലാം പഠിക്കുന്നു."

ഇപ്പോൾ സ്വതന്ത്രരായവർ


മുൻ വിവരിച്ച ഇല്ലേറിയോപ്പോലെതന്നെ വളരെ അധികം ത്യാഗം സഹിച്ചും കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും സ്വാതന്ത്ര്യം നേടിയ സർവ്വരും ആ സ്വാതന്ത്ര്യം കാത്തുരക്ഷിയ്ക്കാൻ ദൃഢവ്രതം എടുത്തിട്ടുള്ളവരാണ്. അതുപോലെതന്നെ സ്വകാര്യമായിട്ടാണെങ്കിലും ലോകത്തിന്റെ പരിവർത്തനഘട്ടത്തിലൂടെ കടന്ന് ഇപ്പോൾ പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്ന മറ്റു ജനങ്ങളും തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെയിരിപ്പാൻ ദൃഢവ്രതം എടുത്തിട്ടുള്ളവരാണ്.




ഐകൃരാഷ്ട്രസമിതി മുഖേന, അനേകം രാജ്യങ്ങൾക്ക് ഐശ്വര്യവും സ്വാതന്ത്ര്യവും ലഭിക്കുന്നു.



1947 ആഗസ്റ്റ് 15-ാംനു-, അവസാനത്തെ ബ്രിട്ടീഷ്സൈനൃഘടകം ഇന്ത്യ വിട്ടപോകുന്നതു്. സമാധാനപരമായ ഒരു ബഹുജനസമരത്തിൽക്കൂടി ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചു



ലിബിയായുടെ സ്വാതന്ത്ര്യം ഐകൃരാഷ്ട്രസമിതിയുടെ പരിശ്രമഫലം മാത്രമായിരുന്നു. 1950-ൽ ലിബിയൻ പൗരന്മാർ ദേശീയസമിതിയിലേയ്ക്കു് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി ഒരു സ്വതന്ത്രതെരഞ്ഞെടുപ്പു നടത്തുകയുണ്ടായി അവർ ഒരു ഭരണഘടന വാതെഞ്ഞെടുത്തു.



അമേരിക്കൻ ഐകൃനാടുകളുടെ സംരക്ഷണയിലിരുന്നിരുന്ന ഫിലിപ്പയിൻ ദ്വീപുകൾക്കു് 1946 ജൂലൈ 4-ാംനു- പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുകയുണ്ടായി. ഒന്നാമത്തെ പ്രസിഡൻറായി മാനുവൽ റോക്സാസിനേയും, ഒന്നാമത്തെ ജഡ്ജിയായി മാനുവൽ മോറനേയും അവരോധിക്കുന്നു.

അന്തർദ്ദേശീയ കമ്മ്യൂണിസം ഉദ്ദേശം ഒരു കോടി പതിമൂന്നുലക്ഷം ഭൂവിഭാഗത്തെ ആക്രമിച്ച് അവിടെ വസിക്കുന്ന 66 കോടിയോളം ജനങ്ങളെ അടിമത്വത്തിലേക്കു വലിച്ചു താഴ്ത്തിക്കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ, സ്വതന്ത്രലോകം, മറനേകം കോടി ജനങ്ങളെ സാവധാനം സ്വാതന്ത്ര്യത്തിലേക്കു ആനയിക്കുകയായിരുന്നു. അങ്ങനെ 1945-നു ശേഷം ഏതാണ്ടു് പതിമൂന്നു രാജ്യങ്ങളിലായി അറുപത്തിമൂന്നുകോടി ജനങ്ങൾ സ്വാതന്ത്ര്യം പ്രാപിച്ചുകഴിഞ്ഞു. ബർമ്മാ, കമ്പോഡിയ, സിലോൺ, ഇറീത്തിറിയാ, ഇൻഡ്യ, ഇൻഡോനേഷ്യ, ഇസ്രയേൽ, ജോർഡ്ധാൻ, തെക്കേകൊറിയ, ലാവോസ്, പാക്കിസ്ഥാൻ, ഫിലിപ്പൈൻസ്, സിറിയാ, വിയറ്റനാം മുതലായ രാജ്യങ്ങളും ലോകമഹായുദ്ധത്തിനു ശേഷം സ്വതന്ത്രലോകത്തിന്റെ അനുഭാവവും സമ്മർദ്ദവും നിമിത്തം സ്വാതന്ത്ര്യം പ്രാപിച്ചവയാണു്.

ഈ സംഭവഗതികളുടെ വെളിച്ചത്തിൽ, പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളെ സാമ്രാജ്യമോഹികളും എന്ന മുദ്രകുത്തുന്നതു് കമ്മ്യൂണിസ്റ്റ്കാരുടെ കഥയില്ലാത്ത മുറവിളിയാണെന്നും അതു് അവരുടെ തനതു സാമ്രാജ്യമോഹത്തെ മറയ്ക്കുവാനുള്ള ഒരു മൂടുപടം മാത്രം




1950 ആഗസ്റ്റ് 17-ാംനു- ഇൻഡോനേഷ്യ സ്വതന്ത്രയായി. ആദ്യത്തെ പ്രസിഡൻറായ ഡോ. സൊക്കാർണൊ ഭരണം കയ്യേറ്റയുടനെ സ്വജനങ്ങളെ സംബോധന ചെയ്യുന്നു.

മാണെന്നും, ലോകക്കെല്ലാം ബോദ്ധ്യമായിത്തുടങ്ങി. അതോടുകൂടി, പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച പ്രസ്തുത അവികസിത രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്കാർ ആ സ്വാതന്ത്ര്യത്തെ ഹനിച്ച് വീണ്ടും അവരെ അതിനിഷ്ഠുരമായ മറെറാരു അടിമത്തത്തിലേക്കു വീഴ്ത്തുവാൻ ഉദ്ഗ്രമം ചെയ്തുകൊണ്ടിരിക്കുന്നുവെന്നു വ്യക്തമായി. ഈ പുതിയ വിപത്തിനെ ഭയന്നു് ഈ നവീന സ്വതന്ത്രരാജ്യങ്ങളും അവയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനായി ഓരോ കാൽപ്പാടും വളരെ അവധാനബുദ്ധിയോടുകൂടിയാണ് എടുക്കുന്നതു്.

മദ്ധ്യപൂർവ്വ ഏഷ്യയിലും മറെറ പ്രദേശങ്ങളിലുമുള്ള വിവിധ രാജ്യങ്ങളും സ്വാതന്ത്ര്യം പ്രാപിച്ച അവസരങ്ങളെ അനുസ്മരിപ്പിക്കുന്ന ചില ചിത്രങ്ങളാണ് മുൻപുറങ്ങളിൽ കാണുന്നതു്. ഇവയെല്ലാം അവയ്ക്കു സിദ്ധിച്ച സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നതിനും ഐശ്വര്യപൂർണ്ണമായ ഒരു ജീവിതം സ്വന്തം ജനതയ്ക്കു് നൽകുന്നതിനുംവേണ്ടി പലപ്പോഴും ഐക്യരാഷ്ട്രസമിതിയെ സമീപിച്ചിട്ടുണ്ടു്. 1953-ൽത്തന്നെ പ്രസ്തുത രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിതി പരിപോഷിപ്പിക്കുന്നതിനും രാജ്യവാസികളുടെ ജീവിതത്തോതു് ഉയർത്തുന്നതിനുമായി ഐക്യരാഷ്ട്രസമിതി 60 ലക്ഷം ഡോളറോളം ധനസഹായം ചെയ്തുണ്ടായിട്ടുണ്ടു് കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, കല മുതലായ വിവിധ രംഗങ്ങളിൽ അവർ ഉയരുന്നതിനുവേണ്ടി അവയ്ക്കുതകുന്ന എല്ലാവിധ ധനസഹായങ്ങളും വിദഗ്ദ്ധോപദേശങ്ങളും ഐക്യരാഷ്ട്രസമിതി അതിന്റെ വിവിധ സംഘങ്ങൾവഴി ഈ രാജ്യങ്ങൾക്കു നൽകിക്കൊണ്ടിരിക്കുകയാണു്.

കിട്ടിയ സ്വാതന്ത്ര്യം പരിരക്ഷിക്കേണ്ട വിധം

ഇരുപതാം നൂറാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ലോകം രണ്ടു മഹായുദ്ധങ്ങൾ നടത്തി; 3 കോടി ജനങ്ങളെ കൊന്നൊടുക്കി. പക്ഷേ, ഇതുകൊണ്ടൊന്നും ലോകപ്രശ്നങ്ങൾക്കു് പരിഹാരമോ, സംഘട്ടനാവസ്ഥക്കു ശമനമോ ലഭിച്ചില്ല. മറിച്ചു്, 1945 ലെ സോവിയറ്റ് യൂണിയന്റെ ആക്രമണാത്മകനയവും അന്തർദ്ദേശീയ കമ്മ്യൂണിസത്തിന്റെ വഞ്ചനയും ക്രൂഡിച്ചേർന്നു് ലോകത്തെ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിലോളം എത്തിക്കുകയാണുണ്ടായതു്. സംഭ്രാന്തമായിത്തീർന്ന സ്വതന്ത്രലോകത്തിനു് സ്വരക്ഷാർത്ഥം പ്രതിരോധന കരുതൽ നടപടികളും എടുക്കാതെ ഗത്യന്തരമില്ലെന്നായി. ഇന്നു് സ്വതന്ത്രലോക



സ്വതന്ത്രലോകത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിപ്പാൻ ഉത്തര അറ്റ്ലാന്റിക് സൈനിക സഖ്യം രൂപീകരിക്കേണ്ടിവന്നു.


ത്തെ അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നം, അവരുടെ സ്വാതന്ത്ര്യം എങ്ങനെ പരിരക്ഷിക്കുമെന്നുള്ളതും അതേസമയം, ഒരു മൂന്നാം ലോകമഹായുദ്ധം ഏതുവിധം ഒഴിവാക്കാമെന്നുള്ളതുമാണ്.

യഥാർത്ഥത്തിൽ സന്മസ്സുള്ള ഏതു രാജ്യങ്ങൾക്കും, ലോകസമാധാനത്തിനും പുരോഗതിയ്ക്കുമായി ഐക്യരാഷ്ട്രസമിതി മുഖേന മുന്നോട്ടു ഗമിക്കാം. ഐക്യരാഷ്ട്രസമിതിയുടെ പട്ടയാധാരത്തിൽ പ്രത്യേകം ഉൗന്നിപ്പറഞ്ഞിട്ടുള്ളതിപ്രകാരമാണ്: "ലോകമാസകലമുള്ള എല്ലാ ജനതയുടേയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി യത്നിക്കുമെന്ന് ഐക്യരാഷ്ട്രസമിതിയംഗങ്ങൾ ഉറപ്പു നൽകുന്നു." ഇതിനുവേണ്ടി ഈ സമിതി വിവിധ വകുപ്പുകളും സൃഷ്ടിച്ചിട്ടുണ്ട്. ബാലനിധി; യന്ത്രോപകരണ സഹായ നിധി; ആരോഗ്യ നിധി; ശാസ്ത്രീയ കലാ നിധി തുടങ്ങിയവ. ഇവയെല്ലാം വഴിയായി ലോകത്തിലെ നിരവധി അവികസിത രാജ്യങ്ങളും വിവിധ തുറകളിൽ ദൃശ്യനീയമാംവിധം പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഈ സഹായ പദ്ധതികൾ ഇനിയും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.

പക്ഷേ, ഇതുവരെ സാധിച്ചിട്ടുള്ളതെല്ലാം ഇനിയും സാധിക്കേണ്ടതിന്റെ ഏറെറം തുച്ഛമായ ഒരു ഭാഗം മാത്രമാണ്. ലോകമഹായുദ്ധാനന്തരം മനുഷ്യരാശിയുടെ ആശാകേന്ദ്രമായിരുന്നതു് ഈ സംഘടനയായിരുന്നു. പക്ഷേ, ഐക്യരാഷ്ട്രസമിതി ഈ പ്രവർത്തനം ആരംഭിച്ചതുമുതൽ സോവിയററ്റ്റഷ്യ, അതിനു പ്രതികൂലമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളതു്. അതു് ആക്രമണാത്മകമായ ശക്തിനയം മാത്രമായിരുന്നു പ്രകടമാക്കിയിരുന്നതു്.

റഷ്യയുടെ ആക്രമണാത്മകമായ ഈ ഭീഷണിയെ ചെറുക്കുവാൻ സ്വതന്ത്രരാജ്യങ്ങൾ സ്വയരക്ഷക്കായി അന്യോന്യം പ്രതിരോധനയുടമ്പടിയിൽ ഏർപ്പെടേണ്ടിവന്നു. പ്രാദേശികമായി ഇങ്ങനെ പല പ്രതിരോധനയുടമ്പടികളും ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ, ഇവയെല്ലാംതന്നെ ഐക്യരാഷ്ട്രസമിതിയുടെ അധികാരപരിധിക്കു വിധേയമായിട്ടാണ് ഉണ്ടാക്കിയിട്ടുള്ളതെന്നുള്ളതു് ഒരു പ്രത്യേകതയാണ്. ഇവയിൽ പ്രധാനമായിട്ടുള്ളതു് പൂർവ്വദക്ഷിണമേഖലാപ്രതിരോധനയുടമ്പടിയും ഉത്തര അററ്ലാൻറിക്ക് പ്രതിരോധനയുടമ്പടിയുമാണ്.

ഈ സൈനിക ഉടമ്പടികളെല്ലാം പ്രതിരോധനത്തിനും സ്വയരക്ഷയ്ക്കുംവേണ്ടി മാത്രം ഉണ്ടാക്കപ്പെട്ടവയാണ്. എങ്കിലും സ്വതന്ത്രരാജ്യങ്ങളെ ഒററപ്പെടുത്തുന്നതിനും



സ്വതന്ത്രയൂറോപ്പിന്റെ പൊതുവെയുള്ള പുരോഗതിക്കും ക്ഷേമത്തിനുംവേണ്ടി ആ സ്വതന്ത്രരാജ്യങ്ങളെ സഹകരിക്കുന്നതിനു് രൂപീകരിച്ച ഒരു നൂതന സംഘടനയാണ്, "യൂറോപ്യൻ കൗൺസിൽ."

ബലഹീനങ്ങളാക്കി ഓരോന്നിനെയും വെവ്വേറെ ആക്രമിച്ച് കീഴ്പ്പെടുത്തുന്നതിനുമായി റഷ്യ അതിന്റെ പ്രചാരണയന്ത്രം അഴിച്ചുവിട്ടിരിക്കുകയാണ്. ഈ ഉടമ്പടികളും മൂലം ലോകത്തിലെ സംഘട്ടനാവസ്ഥ വർദ്ധിക്കുമെന്ന കമ്മ്യൂണിസ്റ്റ് പ്രചാരണം ചില നിഷ്പക്ഷ രാജ്യങ്ങൾപോലും വിശ്വസിച്ചുപോകുന്നുണ്ട്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ പ്രചാരണ വൈദഗ്ദ്ധ്യം അത്രമേൽ മെച്ചപ്പെട്ടതാണ്. പക്ഷേ, ഒന്നു സുവ്യക്തമാണ്; ഏതെങ്കിലും ഒരു രാജ്യം ഒറ്റതിരിഞ്ഞ് ദുർബ്ബലമായി എന്നു ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ അവിടെ കമ്മ്യൂണിസ്റ്റാക്രമണം സുനിശ്ചിതമാണ്. ഇന്ത്യയുടെ നേരെയുള്ള ചൈനാ ആക്രമണവും ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ ചൈനാപ്രേമവും ഇതിനു പ്രത്യക്ഷ തെളിവാണ്.

ഈ പ്രാദേശിക പ്രതിരോധസംഘടനകളും മറ്റൊരുവിധത്തിലും പ്രയോജനപ്രദമാണ്. അവ, പ്രജായത്ത രാജ്യങ്ങൾതമ്മിൽ കൂടുതൽ അടുക്കുന്നതിനും അങ്ങനെ പ്രജായത്ത സിദ്ധാന്തങ്ങൾക്കു കൂടുതൽ ശക്തിയും പ്രാബല്യവും ഉണ്ടാകുന്നതിനും ഉപകരിക്കും. യഥാർത്ഥത്തിൽ, ഈ പൊതുസംഘടനകൾവഴി പ്രജായത്ത രാജ്യങ്ങൾ അവയുടെ സകല കഴിവുകളും ലോകത്തിന്റെ പൊതുക്ഷേമത്തിനുവേണ്ടി അർപ്പിക്കുകയത്രേ ചെയ്യുന്നത്.

കമ്മ്യൂണിസത്തിന്റെ അപരാധം

ഇത്ര ഹ്രസ്വമായ ഒരു ഗ്രന്ഥത്തിൽ കമ്മ്യൂണിസത്തിന്റെ സർവ്വവശങ്ങളെയും ക്രോഡീകരിച്ചു പ്രതിപാദിയ്ക്കാൻ സാദ്ധ്യമല്ലല്ലൊ. ഈ പുസ്തകംകൊണ്ടുദ്ദേശിക്കുന്നത്, വായനക്കാരന്റെ ജിജ്ഞാസയെ തട്ടിയുണർത്തി, കമ്മ്യൂണിസത്തെപ്പറ്റിയുള്ള കൂടുതൽ പഠനത്തിനവനെ ഒരുക്കുകമാത്രമാണ്.

നൂറ്റാണ്ടുകളായി, മനുഷ്യരാശി, തലമുറകൾ കഴിയുംതോറും പീഡാക്കയ്പേറിക്കാറും മുക്കാറും, എന്നവിധം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുരോഗതിയുടെ നിദാനമായിരുന്നത് മനുഷ്യാന്തസിനോടുള്ള ബഹുമാനവും വ്യക്തികളുടെ അന്തഃസത്തയോടുള്ള ഭക്ത്യാദരങ്ങളുമായിരുന്നു. അടിയുറച്ച ഈ അടിസ്ഥാനത്തിലത്രെ സ്വാതന്ത്ര്യം വികസിച്ചതും പുരോഗമിച്ചതും. മാനവകുലം നിലനില്ക്കുന്നിടത്തോളം കാലം അതിന്റെ പുരോഗതിയുടെ ഈ മൂല്യങ്ങൾ അടിസ്ഥാനപരമായി അതിന്റെ പങ്കുവഹിക്കുകയും ചെയ്യും.

മനുഷ്യപുരോഗതിയുടെ ഈ ഏക അടിസ്ഥാനതത്വത്തെ കമ്മ്യൂണിസം ഒറ്റയടിയ്ക്ക് നിഷേധിക്കുകയാണ് ചെയ്യുന്നത്. വ്യക്തിതത്വത്തെയും വ്യക്തിസ്വാതന്ത്ര്യത്തേയും നിഷേധിക്കുന്ന കമ്മ്യൂണിസം മനുഷ്യനെ മൃഗത്തിന്റെ പദവിയിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകുകയാണ്. നൂറ്റാണ്ടുകളായി അവൻ വളർത്തിക്കൊണ്ടുവരുന്ന ജീവിത മൂല്യങ്ങളെല്ലാം അറുത്ത് അവനെ പ്രാചീന കിരാതാവസ്ഥയിലേക്കു താഴ്ത്തിവിടുകയാണ്, കമ്മ്യൂണിസം ചെയ്യുന്നത്. മനുഷ്യരാശിയുടെ സർവ്വപ്രത്യാശകളും സന്മാർഗ്ഗബോധവും ആദ്ധ്യാത്മികപ്രവണതകളും നശിപ്പിച്ച്, മറ്റൊരു കിരാതസംസ്കാരം അവനിൽ കെട്ടിപ്പടുത്തുന്നതിനാണ് കമ്മ്യൂണിസം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കമ്മ്യൂണിസം പ്രഖ്യാപിക്കുന്നത്, ഇതുവരെയുള്ള സാമ്പത്തികശാസ്ത്രം ഒരു പരാജയമായിരുന്നു; അതിനാൽ തങ്ങൾ ഒരു നൂതനപദ്ധതി ആവിഷ്കരിക്കുമെന്നും, ഇതുവരെ

പ്രജായത്ത സിദ്ധാന്തങ്ങളും സാമൂഹ്യപ്രശ്നങ്ങളെ പരിഹരിച്ചിട്ടില്ല; അതിനാൽ തങ്ങളും ഒരു നവീനസാമൂഹ്യശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ടെന്നുമാണു്. പക്ഷേ, നിഷ്പക്ഷവാദികൾക്കു കാണാൻ സാധിക്കും, കമ്മ്യൂണിസവും അതിന്റെ വാഗ്ദാനങ്ങളുമെല്ലാം ഒരു പരാജയമാണെന്നു്. മാത്രമല്ല, അതിന്റെ ആവിർഭാവത്തോടുകൂടി സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിന്മേൽ പുരോഗമിച്ച മനുഷ്യന്റെ സുരക്ഷിതത്വവും ഐശ്വര്യവും നിശ്ശേഷം തിരോഭവിക്കുകയാണെന്നു്.

ജനാധിപത്യത്തിന്റെ ആദർശം പൂർണ്ണമായി സഫലീഭവിച്ചിട്ടുണ്ടെന്നു് ആരും വാദിക്കുന്നില്ല. പക്ഷേ, അതിന്റെ എല്ലാ കുറവുകളുടേയും മദ്ധ്യേ അതു മനുഷ്യകുലത്തിനു് വ്യക്തിസ്വാതന്ത്ര്യവും അന്തസ്സും കൈവരുത്തിയിട്ടുണ്ടു്.

ജനാധിപത്യത്തിന്റെ സ്വാതന്ത്ര്യവാദം വെറും പൊള്ളയാണെന്നു് കമ്മ്യൂണിസ്റ്റുകൾ പറയുന്നുണ്ടു്. പക്ഷേ, ഏതു പ്രജായത്തനാട്ടിലാണു്, റേഡിയോകളും, പത്രങ്ങളും, അച്ചടിശാലകളും, പൗരന്മാർക്കുള്ള പരസ്പരബന്ധം പോലും കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലേപ്പോലെ അതു കർശനമായി നിയന്ത്രിക്കപ്പെടുന്നതു്? ഏതു പ്രജായത്തരാജ്യത്താണു്, വീട്ടിൽ കിടന്നുറങ്ങുന്ന പൗരനെ രഹസ്യപ്പോലീസു് അർദ്ധരാത്രിയിൽ വിളിച്ചുകൊണ്ടുപോകുന്നതും പിന്നീടു് കാണാതെയാവുന്നതും? ഏതു പ്രജായത്തനാട്ടിലാണു്, അധികാരിയുടെ കല്പന കൊണ്ടു മാത്രം വമ്പിച്ച ജാതികളെ സമൂലം നാടുകടത്തുന്നതു്?

കമ്മ്യൂണിസത്തിന്റെ ഏറ്റവും നിന്ദ്യമായ പരാജയം സാന്മാർഗ്ഗിക അധഃപതനത്തിലാണു്. സന്മാർഗ്ഗബോധത്തിൽ അടിയുറച്ച പുരോഗമനം കമ്മ്യൂണിസ്റ്റുകാർക്കു് നിഷിദ്ധമാണു്. പക്ഷേ, ചരിത്രം അതുതന്നെ സാക്ഷാൽക്കരിച്ച കാറൽമാർക്സു് മുതലാളിത്തരാജ്യങ്ങളെന്നു് അധിക്ഷേപിച്ച അതേ രാജ്യങ്ങളിൽമാത്രമേ, അദ്ദേഹം അപലപിച്ച ദുഷ്യങ്ങളും ജനാധിപത്യമാർഗ്ഗങ്ങൾവഴി പരിഹരിക്കുവാൻ സാധിച്ചിട്ടുള്ളു. വളരെ ചുരുങ്ങിയ കാലയളവിൽ അവിടത്തെ ജനത പ്രജായത്തമാർഗ്ഗങ്ങളിൽക്കൂടി വിപ്ലവകരമായ പരിവർത്തനങ്ങളും അവരുടെ രാജ്യത്തു വരുത്തി. മാർക്സിനു് പിണഞ്ഞ അബദ്ധം, മനുഷ്യർക്കു് അന്യോന്യം സഹകരിച്ചു പ്രവർത്തിക്കുവാൻ സാധിക്കുമെന്നു് അദ്ദേഹം വിഭാവനം ചെയ്തില്ല എന്നതാണു്.

കമ്മ്യൂണിസം സമരത്തെ വാനോളം പുകഴ്ത്തുന്നു. സമരത്തിലും അക്രമത്തിൽക്കൂടിയും നല്ലനാളെ വരുമെന്നു വാഗ്ദാനം ചെയ്യുന്നു. പക്ഷേ, ഇതഃപര്യന്തമുള്ള അതിന്റെ ചരിത്രം ഈ വാഗ്ദാനങ്ങളെ നിരർത്ഥകമാക്കുകയത്രെ ചെയ്തിട്ടുള്ളതു്. കമ്മ്യൂണിസം ആഹുതിചെയ്തിട്ടുള്ള കോടിക്കണക്കിനു മനുഷ്യജീവികളുടെ യാതനയും രക്തവും കഷ്ടപ്പാടുകളും കമ്മ്യൂണിസം വാഗ്ദാനം ചെയ്തിട്ടുള്ള സ്വർഗ്ഗലോകത്തെ അണുപോലും അടുപ്പിച്ചിട്ടില്ല.

ജീവിക്കുവാൻ വേണ്ടിയുള്ള ഒരു വിശ്വാസപ്രമാണത്തെ തിരക്കി അനേകനേകായിരം സ്ത്രീപുരുഷന്മാർ കമ്മ്യൂണിസത്തിന്റെ പിറകെ പോയി. പക്ഷേ, അവരെല്ലാം ഭഗ്നാശരായി മടങ്ങുകയത്രെ ചെയ്തിട്ടുള്ളതു്. അവർക്കു ലഭിച്ച വാഗ്ദാനങ്ങളുമെല്ലാം യാഥാർത്ഥ്യവുമായി ഏറ്റുമുട്ടിയപ്പോൾ ജലത്തിലെ കുമിളകളെപ്പോലെ പൊട്ടിപ്പോയി.


ഒരു കമ്മ്യൂണിസ്റ്റാണു് ഇങ്ങനെ പ്രസ്താവിച്ചതു്:- "....ഒരു വീരാത്മാവല്ല, അദ്ദേഹത്തിന്റെ വ്യക്തിത്വമല്ല, മറിച്ചു്, ജനലക്ഷങ്ങളാണു് ചരിത്രം സൃഷ്ടിക്കുന്നതു്." പൂർവ്വ

ജർമ്മനിയിലെ തൊഴിലാളിവിപ്ലവവും, വടക്കൻ കൊറിയായിലെ തടവുകാർ മടങ്ങിപ്പോകുവാൻ വിസമ്മതിച്ചതും മറവും കണ്ട മനുഷ്യർ ഈ പ്രസ്താവന നിഷേധിക്കുമോ?

എല്ലായിടത്തും കമ്മ്യൂണിസ്റ്റ്കാരും അവകാശപ്പെടുന്നത്, അവർ ജനലക്ഷങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്നാണ്. നാം ഓരോരുത്തരും ആ ജനലക്ഷത്തിലെ ഓരോ വ്യക്തികളാണ്. എങ്കിൽ ചരിത്രത്തിന്റെ പ്രവാഹത്തിലോരോ കണ്ണികളുമാണ്. കമ്മ്യൂണിസ്ത്തിന്റെ വഞ്ചനയുടെ മഹാരഹസ്യം ഈ സത്യമായ പ്രതിനിധാനവാദത്തിലാണ് ആണ്ടുകിടക്കുന്നത്. കമ്മ്യൂണിസം വ്യക്തിത്വം എന്നൊന്നു സമ്മതിക്കുന്നില്ല. ജനിക്കുന്ന ഓരോ കുഞ്ഞിനും സ്വന്തമായി ഓരോ ആത്മാവുണ്ടെന്നുള്ളതു് വിശ്വസിക്കുന്നില്ല. പിന്നെയെങ്ങനെയാണതു് ജനലക്ഷങ്ങളെ പ്രതിനിധീകരിക്കുക?

കമ്മ്യൂണിസം വിശ്വസിക്കുന്നപോലെ സമുദായവ്യവസ്ഥിതിയല്ല, മനുഷ്യജീവിതത്തിനു് അർത്ഥവും ആശയും കൊടുക്കുന്നതു്; മറിച്ചു്, അവനിൽ കുടികൊള്ളുന്ന ആത്മാവാണു്. ഈ അന്തരാത്മാവാണു് ഒരു മനുഷ്യനെ സമൂഹത്തിൽനിന്നു വേർതിരിച്ചു് അവനു വ്യക്തിത്വം നൽകുന്നതും, മറവു സഹജീവികളോടൊപ്പം സമത്വം കല്പിക്കുന്നതും. ഈ ആത്മാവാണു് മനുഷ്യനു അവന്റെ അന്തസ്സും വിലയും നിശ്ചയിക്കുന്നതു്. ഈ ആത്മാവാണു് മനുഷ്യവ്യക്തിക്കും സമൂഹത്തിനും അതിന്റേതായ മഹത്വം പ്രദാനം ചെയ്യുന്നതും.

ഒരാൾക്കെങ്കിലും ഈ വ്യക്തിത്വം നാം നിഷേധിക്കുന്നപക്ഷം, മറവുള്ള യാതൊരുത്തക്കും അതു അവകാശപ്പെടുവാൻ പാടുള്ളതല്ല.



"ഓരോ മനുഷ്യാത്മാവും സ്വാതന്ത്ര്യത്തിന്റേയും അടിമത്തത്തിന്റേയും രണ്ടു മഹാ സാമ്രാജ്യസീമകൾക്കിടയിൽ, പ്രകാശത്തിന്റേയും ഇരുളിന്റേയും അല്പഗോളങ്ങളുടെ അതിർത്തിരേഖയിൽ നിൽക്കുകയാണു്."

തോമസ് കാർലൈൽ
ഗോഥെ
1828

ACHARYA PALACKAL JEEVAS KENDRAM ALWAYE
LIBRARY
18044
178

BOOK-A-MONTH CLUB

എന്താണീ കമ്മ്യൂണിസം?

കമ്മ്യൂണിസ്റ്റ്കളും ഇതരരും തമ്മിൽ ഒരു ജീവന്മരണമത്സരത്തിൽപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ കമ്മ്യൂണിസത്തിന്റെ സർവ്വ വശങ്ങളും ചിത്രത്തിൽക്കൂടി പ്രതിപാദിക്കുന്ന ഒരു ചിത്രഗ്രന്ഥം.

ഉ ള്ള ട ക്കം

6. തിഗ്മ്യൂതന്റെ മേഖല
7. കമ്മ്യൂണിസത്തിന്റെ പരാജയം
8. കമ്മ്യൂണിസത്തിന്റെ ബലിയാടുകൾ
9. കമ്മ്യൂണിസത്തിന്റെ ശത്രുക്കൾ

എല്ലാം ചിത്രങ്ങളിൽക്കൂടി

വില രൂപാ 2/-

